Reg. No. M 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 നവംബർ 16—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 തുലാം 30 | ലക്കം 15

## ആധുനികലോകത്തിൻെറ ആശാകേന്ദ്രം.

[ജോസഫ് തെക്കിനിയത്തു]

ശാന്തി. എന്താണതു്? അതു എന്തിനെ ആശ്രയിച്ചുനില്ക്കുന്നു? പുരോഗമനാത്മകമായ ക്രമമാണു്—വ്യവസ്ഥയാണു്—ശാന്തിയുടെ മണിപീഠം. ദേഹിദേഹങ്ങളുടെ സമുചിതസമ്മേളനമായ മനുഷ്യൻതന്നെ ചേതോഹരമായ ഒരു ക്രമത്തിൻെറ കുട്ടിവിളക്കല്ലല്ലോ? അതേ, അവൻെറ ആത്മാവു് ആദ്ധ്യാത്മികവും ശരീരം സാമ്പത്തികവുമായക്രമം—ശാന്തി—ആവശ്യപ്പെടുന്നു.

ആദം നാശത്തെ ആദരിച്ചതു മുതൽ, കായേൻ ആബേലിനെ തല്ലിക്കൊന്നതുമുതൽ ലോകത്തിനു ശാന്തിയില്ല. ഇതു എല്ലാവരും സമ്മതിക്കും. തൽഫലമായി രാഷ്ട്രസാരഥികളും തത്വമീമാംസകന്മാരും ആദ്ധ്യാത്മികനേതാജികളും ശാന്തിമാർഗ്ഗം ആരാഞ്ഞിറങ്ങുന്നു. വിപ്ലവവും പ്രതിവിപ്ലവവും അഴിച്ചുവിടുന്നു. സമാധാനസംഘടനകളും പഞ്ചവത്സരപദ്ധതികളും ആസൂത്രണം ചെയ്യുന്നു. ഭരണവൈരുദ്ധ്യങ്ങളും സിദ്ധാന്തകോലാഹലങ്ങളും. ആകെക്കൂടെ ഒരു ബഹളം തന്നെ, ബഹളം. എന്നാൽ, അനുഭവമോ? ശാന്തിക്കുപകരം "പൊറുതിമുട്ടൽ"; അത്രമാത്രം.

ഓരോ വ്യക്തിയും ഓരോ കുടുംബവും ഓരോ ജനപദവും അതിൻെറ ഹൃദയാന്തരാളത്തിൽ ശാന്തിക്കുവേണ്ടി നീറുകയാണു്. പതിനെട്ടാംനൂററാണ്ടിൽ ജമ്മനിയിൽ മാർട്ടിൻലൂഥർ ആത്മാവിനു ശാന്തിതേടി ഇറങ്ങി. അതിൻെറ പരിണിതിയോ? ഒരു ആദ്ധ്യാത്മികവിപ്ലവം—മതനവീകരണം. ഫ്രാൻസ് ഒരിക്കൽ സമത്വത്തിൻേറയും സാഹോദര്യത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും കാഹളങ്ങൾ ഊതി അണിനിരന്നു. അതിൻെറ പ്രത്യാഘാതമോ? ഫ്രഞ്ചുവിപ്ലവം ഉരുൾപൊട്ടി. ഇംഗ്ലണ്ടിൽ സാമ്പത്തികശാന്തിക്കുവേണ്ടി ലിബറലിസ്റ്റുകാർ കോപ്പിട്ടു മുന്നോട്ടുവന്നു. ഫലമോ? ഒരു വ്യാവസായികവിപ്ലവം പൊട്ടിത്തെറിച്ചു. ഇങ്ങനെ, വിപ്ലവങ്ങളുടെ ഇടനാഴികളിൽക്കൂടി ഉരുണ്ടുനീങ്ങിയ ലോകം രണ്ടു മഹാസമരങ്ങളുടെ സംഹാരസന്ധ്യനിയിൽ ചൂളിക്കിടക്കുകയാണിപ്പോൾ. എന്നിട്ടും ശാന്തിക്കുവേണ്ടിയുള്ള മുറവിളി മുഴങ്ങിക്കേൾക്കാം. റാംസായിൽ ഒരു സ്വരം, വിലാപവും മുറവിളിയും.

ഇങ്ങനെയാണെങ്കിലും അസ്വസ്ഥതയുടെ ആഴിപ്പരപ്പിൽനിന്നും ശാന്തിയുടെ ശാദ്വലത്തിലേക്കു ലോകം ഉരുണ്ടുനീങ്ങും. തീർച്ചയായും നമുക്കതു് പ്രതീക്ഷിക്കാവുന്നതുമാണു്.

മുതലാളിത്വത്തെ അടിച്ചുടച്ചുകൊണ്ടു് തൊഴിലാളി ഭരണം സ്ഥാപിച്ചാൽ ശാന്തിയുണ്ടാകുമെന്നു മാർക്സിസ്ററുകൾ വ്യാമോഹിക്കുന്നു. എന്നാൽ, ശാരീരികമായ ക്ഷുത്തും പിപാസയും അടങ്ങിയാലും അടങ്ങിനില്ക്കാത്ത ആദ്ധ്യാത്മികമായ വിശപ്പിനും ദാഹത്തിനും അവരുടെ അട്ടിമറിപ്പൻപ്രസ്ഥാനങ്ങൾക്കു എന്തൊരു മറുപടി പറയുവാനുണ്ടു്? സാമ്പത്തികഭദ്രതയിൽമാത്രം ലോകത്തിനു ശാന്തിവരുവാൻ പോകുന്നില്ല. കാരണം, സമ്പത്തു മനുഷ്യനെ സംബന്ധിച്ചിടത്തോളം ആനുഷംഗികമാണു്.

വിശപ്പടക്കനായതുകൊണ്ടോ, വിശാലവീക്ഷണം സാധിച്ചതുകൊണ്ടോ, പരസ്പരധാരണ കൂടുതലുണ്ടായതുകൊണ്ടോ മാത്രം ശാന്തി നമുക്കു ആശിക്കാവതല്ല. ഹൃദയം ഹൃദയവുമായി ചുംബിപ്പോകുന്ന ഒരു ലോകത്തു മാത്രമേ ശാന്തി കാന്തിചിന്തുകയുള്ളു. ശത്രുക്കളെ വെറുക്കുവാൻ ആവേശജനകമായി ആഹ്വാനം ചെയ്യുന്ന കമ്മ്യൂണിസം ശാന്തിയുടെ പൊൻപുലരി ദർശിക്കയില്ല. മുതലാളിയുടെ തലയരിയുവാൻ അരിവാളുയർത്തുന്ന കമ്മ്യൂണിസ്റ്റ് സഖാവു് ശാന്തി ദർശിക്കയില്ല. ആദ്ധ്യാത്മികസിംഹാസനങ്ങളെ തല്ലിത്തകർക്കുവാൻ ചുററിക ഉയർത്തുന്ന കമ്മ്യൂണിസ്റ്റ്രാഷ്ട്രം ശാന്തിദർശിക്കയില്ല. വിദ്വേഷംവിദ്വേഷത്തെയല്ലാതെ, വിപ്ലവം വിപ്ലവത്തെയല്ലാതെ പുറപ്പെടുവിക്കുകയില്ലല്ലോ. പിന്നെ, എപ്പോഴാണു് ഈ ശാന്തി കൈവരുക? ശത്രു ശത്രുവിനെ സ്നേഹിക്കുമ്പോൾ. മുതലാളി തൊഴിലാളിയെ സഹോദരനായി പരിഗണിക്കുമ്പോൾ; അവരിരുവരും മതമൂല്യങ്ങളെ മാനിക്കുമ്പോൾ.


ഏതൊരു മഹാശക്തി പ്രപഞ്ചത്തിനു അസ്തിത്വമരുളി, ഏതൊരു മഹാശക്തി പ്രപഞ്ചത്തിനു കർമ്മശക്തി പകർന്നു, ഏതൊരു മഹാശക്തി പ്രപഞ്ചത്തിൻെറ പരമലക്ഷ്യമായി പ്രതിഭാസിക്കുന്നു, ആ മഹാവിദ്യുത്തിനു മാത്രമേ, നരകത്തിൽ നാകം പടുക്കുന്ന, മണൽപ്പരപ്പിൽ മലർവാടി ആരചിക്കുന്ന ആ സ്നേഹത്തിനു മാത്രമേ, ശാന്തിയുടെ മാടപ്രാവിൻെറ പ്രത്യാഗമനം ഉറപ്പാക്കു.

വിപ്ലവം വികാരഭരിതമായഹൃദയത്തിൻെറ പ്രതിധ്വനിയാണു്. അതിനു സംഹാരത്തെയും സൃഷ്ടിയേയും ആഹ്വാനം ചെയ്യാം, ആരചിക്കാം. അഖിലാണ്ഡകടാഹങ്ങൾ തല്ലിക്കൂട്ടി പ്രപഞ്ചത്തെ ഉടച്ചുവാർത്തുകൊള്ളു. മനുഷ്യരക്തംകൊണ്ടു് പ്രളയസാഗരങ്ങൾ ആരചിച്ചുകൊള്ളു, മനുഷ്യകബന്ധങ്ങൾകൊണ്ടു് മഹാചലങ്ങൾ ഉയർത്തിക്കൊള്ളു, ശാന്തിയുടെ തരിപോലും നിങ്ങൾ അവിടെ കണികാണുകയില്ല. ശാന്തിക്കു ഒരു വിപ്ലവം ആവശ്യമുണ്ടു്. അതു സൗരയൂഥത്തിൽ നിന്നോ, ചക്രവാളത്തിൽനിന്നോ രാഷ്ട്രപഥങ്ങളിൽനിന്നോ അല്ല, മനുഷ്യഹൃദയങ്ങളിൽനിന്നാണു് മുളയെടുക്കേണ്ടതു്. മനുഷ്യൻ ആദ്യം മനുഷ്യനാകുക. അവൻ തൻെറ നില മനസ്സിലാക്കുക; അന്ത്യം കണ്ടുവെയ്ക്കുക, അതനുസരിച്ചു് ജീവിതഗതി നിയന്ത്രിക്കുക. ഇതാണു് മനുഷ്യമാനസവിപ്ലവത്തിൻെറ സമരായുധങ്ങൾ.

ഹൃദയരഹിതമായ ഒരു ലോകമാണു്, സ്വാത്ഥലോലുപമായ ഒരു ലോകമാണു്, ഭോഗാസക്തമായ ഒരുലോകമാണു് ഇന്നു നമ്മെ ത്രസിപ്പിക്കുന്നതു്. ഹൃദയമുള്ള ഒരു ലോകം, നിസ്വാത്ഥമായ ഒരു ലോകം, ത്യാഗപൂർണ്ണമായ ഒരു ലോകം നമുക്കിനി കെട്ടിപ്പടുക്കണം. അതു സ്നേഹത്തിൽ അടിയുറച്ചു നില്ക്കണം. അതിനു നാം ഓരോരുത്തരും ആയുധമെടുത്തേ കഴിയൂ. നാംഓരോരുത്തരും നമ്മുടെ ആന്തരാത്മാവിൽ കടന്നിരുന്നു നമ്മോടുതന്നെ ഒരു സമരം പ്രഖ്യാപിക്കണം. ആ സമരത്തിൽ അണുബോമ്പുകളുംഹൈഡ്രജൻ ബോമ്പുകളും പൊട്ടിത്തെറിക്കും. എന്നാലും കൂസരുതു്. ഹൃദയവിപ്ലവം വിശ്വവിപ്ലവമാണെന്നുള്ള വിശ്വാസത്തിൽ അടിയുറച്ചു് നാം മുന്നേറുകതന്നെ വേണം. വിജയം നിശ്ചയം.

മനുഷ്യൻെറ തുടക്കവും ഒടുക്കവുമായ ഈശ്വരനെ പുറംതള്ളിയതാണു് ലോകത്തിൻെറ പാപം. ഏതൊരു സൗന്ദര്യത്തിനായി ബോധം സംസൃഷ്ടമായി, ഏതൊരു പ്രേമത്തിനുവേണ്ടി ഹൃദയം വടിവാർന്നു, ആ സദാനവവും സദാ പുരാതനവുമായ സ്നേഹത്തെ, ആ സദാതരളവും സദാമുദിതവുമായ സ്നേഹത്തെ ഉന്നംവച്ചു പുരോഗമിച്ചെങ്കിലല്ലാതെ നാം ശാന്തി കണ്ടെത്തുവാൻപോകുന്നില്ല. ക്രിസ്തുവിൻെറ സ്ഥാനത്തു് കൊടികുത്തിവാഴുന്ന അന്തിക്രിസ്തുവിനെ നാം ആട്ടിപ്പായിക്കണം. ഭൗതികവാദത്തിൻെറ മഞ്ഞുവീഴ്ചയിൽ മരച്ചുപോയ നമ്മുടെ ഹൃദയങ്ങൾ പെന്തക്കോസ്താദിവസത്തിലെ തീനാക്കുകളുടെ ജ്വാലാപടലങ്ങളാൽ പരിതപ്തമാകണം. വിത്തു നിലത്തുവീണു് വിദീർണ്ണമാകുന്നില്ലെങ്കിൽ അതിൽനിന്നു ജീവൻെറ ഫലങ്ങൾ പുറപ്പെടാത്തതുപോലെ ഹൃദയവും പരിവത്തനവിധേയമാകുന്നില്ലെങ്കിൽ ഉപയോഗരഹിതമായി മണ്ണടിയുകയേയുള്ളു. അതേ ഹൃദയപരിവത്തനത്തിൻെറ ആകെത്തുകയാണു് വിശ്വസമാധാനം.

ഒരു പിതാവിൻെറ മക്കൾ, ഒരു മാതാവിൻെറ അരുമക്കിടാങ്ങൾ പ്രപഞ്ചമാകുന്ന ഈശ്വരൻെറ ഈ കൊച്ചുകുടുംബത്തിലിരുന്നു കശപിശ കൂട്ടുമ്പോൾ, അ



കൊടുങ്ങല്ലൂർ "പോണ്ടിഫിക്കൽ ഷ്റൈനി"ലെ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു്

(തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതിൻെറ സ്മരണ നവമ്പർ 21.)

ല്ല, കടിച്ചുകീറുമ്പോൾ, തമ്മിൽ തല്ലുകയും മാന്തിപ്പൊളിക്കുകയും ചെയ്യുമ്പോൾ പിതാക്കളായ അവർക്കിടയിൽ ഇടപെടേണ്ടതില്ലെന്നോ? ഉണ്ടു്. തീർച്ചയായുമുണ്ടു്. നീതിയുടെ പുത്രന്മാർ എന്നെന്നും പീഡിപ്പിക്കപ്പെടുമെന്നോ, ദുഷ്ടരുടെ സന്തതികൾ ഇനിയും അങ്ങനെ മുന്നേറിക്കൊള്ളുമെന്നോ?

1917 മേയ് 17-ാംനു-. മോസ്കോവിലെ ഒരു ചെറുദേവാലയം. കുട്ടികൾ വേദപാഠം പഠിക്കയായിരുന്നു. പെട്ടന്നൊരട്ടഹാസം. കൂക്കുവിളികളോടും പൈശാചികപൊട്ടിച്ചിരികളോടുംകൂടി ആയുധകിങ്കരന്മാർ, ആ സോവിയറ്റ് അനുചരന്മാർ ദൈവാലയത്തിൽ പ്രവേശിച്ചുകഴിഞ്ഞു. അവർ കുട്ടികളെ വെടിവച്ചു് വീഴ്ത്തി. പ്രതിമകൾ മറിച്ചിട്ടു. അങ്ങനെ, ലെനിൻ സ്വർഗ്ഗത്തെ ഒന്നുവെല്ലുവിളിച്ചു.

അതേ വർഷം. അതേ തീയതി. മദ്ധ്യാഹ്നത്തോടടുത്ത സമയം. ത്രിസന്ധ്യജപം കഴിഞ്ഞു് ഫാത്തിമായിൽ മൂന്നു ഇടയക്കുട്ടികൾ കൊന്ത ജപിക്കുകയായിരുന്നു. പെട്ടെന്നൊരിരമ്പൽ. ഒരു മിന്നൽ. അവർ മുകളിലേക്കു നോക്കി. അതാ ഒരു ഓക്കുവൃക്ഷത്തിന്റെ മുകളിൽ സ്വർഗ്ഗസുന്ദരിയായ ഒരു കന്യക. മാതാവു തന്റെ കരുണാർദ്രമായ ഹൃദയം മുദ്രണംചെയ്ത മുഖഭാവത്തോടെ അവരെ നോക്കി പുഞ്ചിരിതൂകി നില്ക്കുന്നു.

ശാസ്ത്രജ്ഞൻ പ്രകൃതിയുടെ കലവറയിൽ കടന്നു് പ്രകൃതിനാഥൻ അതിലടക്കം ചെയ്തിരുന്ന ദിവ്യരഹസ്യങ്ങൾ കണ്ടെടുത്തു് മനുഷ്യപുരോഗതിയുടെ രഥപഥത്തിൽ പന്തംകൊളുത്തുകയാണു്. അവൻ സൂര്യനിൽനിന്നും ഒരു അണുകം അപഹരിച്ചു് അതിനെ ഭേദനംചെയ്തു് "അണുകുണ്ഡ്" മാക്കി മാററി സഹജീവികളെ കൊന്നൊടുക്കുവാൻ ഉപകാരപ്പെടുത്തുന്നു. എന്നാൽ, ആ അണുകശക്തിയുടെതന്നെ ഇരിപ്പിടമായ സൂര്യഗോളത്തെ കരങ്ങളിലെടുത്തു ചുഴററിക്കൊണ്ടു് ജഗൽപ്പിതാവു് തനിക്കു തീറെഴുതിത്തന്ന കൈകാര്യാവകാശത്തെ മറിയം പ്രഖ്യാപിക്കുന്നു. അതേ, മറിയം നമ്മുടെ അമ്മയാണു്. ഒരുവേള നമ്മുടെ അനന്താനുഭവങ്ങളിൽ അവിടുന്നു പങ്കെടുത്തില്ലെന്നുവരും. നമ്മുടെ മഹിമയുടെ ദിനങ്ങളെ അവിടുന്നു ദർശിച്ചില്ലെന്നുവരും. ശീമയോന്റെ ഉരട്ടുശാലയിലും താബോറിലെ മഹിമാപരിവേഷത്തിലും മറിയത്തിന്റെ സാന്നിദ്ധ്യം നാം കാണുകയില്ലല്ലോ. എന്നാൽ നാം വേദനിക്കുന്നതു അവിടുത്തേക്കു കണ്ടുകൂടാ. നമ്മുടെ യാതനകളിൽ അവിടുന്നു നമ്മെ വിട്ടുപോകുകയില്ല. തന്റെ പ്രഥമജാതന്റെ കഴുമരത്തിന് കീഴെ നിന്നുകൊണ്ടു് അവിടുത്തേക്കു മകേദയമായ ധീരതയുടേയും ആശ്വാസത്തിന്റെയും അടിയൊഴുക്കുകൾ പായിച്ചുകൊടുത്തെങ്കിൽ അനന്തരജാതരായ ഇതരമനുഷ്യരുടെ ക്ലേശങ്ങളിലും അവിടുന്നു ആശ്വാസമരുളും.

മറിയം സ്വർഗ്ഗീയരാജ്ഞിയാണു്. പ്രതാപത്തിന്റെ സിംഹാസനത്തിൽ മഹിമയുടെ കിരീടമണിഞ്ഞു വാഴുകയാണു്. എന്നാൽ തന്റെ ആനന്ദസമാധിയിൽ അവിടുന്നു തന്റെ പൂർവ്വസുഹൃത്തുക്കളെ—കണ്ണുനീരിന്റെ താഴ്വരയിലെ പ്രിയസുതരെ—വിസ്മരിച്ചുകളയുകയില്ല. ദയാർദ്രമായ നയനങ്ങളോടെ അവിടുന്നു തന്റെ അരുമക്കുമാരനെ അഭിവീക്ഷിക്കുന്നു. അവിടുത്തോടു് നമ്മുടെ ആവശ്യങ്ങളും അവശതകളും അറിയിക്കുന്നു. "അവർക്കു വീഞ്ഞില്ലെ"ന്നു് മറിയമാണല്ലോ ആദ്യം അറിയിക്കുന്നതു്.

മറിയത്തിന്റെ കരങ്ങളാണു് സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു ശാന്തിസൂര്യനെ വാങ്ങിക്കൊടുത്തതു്. അവിടുത്തെ കരങ്ങൾവേണം ഇനിയും കർമ്മനിരതമാകുവാൻ. മറിയമല്ലേ, പ്രസാദവരത്തിന്റെ നീർച്ചാൽതന്നെ. ഔന്നത്യമാകുന്ന ഹിമാലയശൃംഗങ്ങളുടെ ഇടനാഴികളിൽ കടുംപാറപോലെ കട്ടികൂടികിടക്കുന്ന മന്ദതീക്ഷ്ണതയുടെ മഞ്ഞുപടലങ്ങളെ ഉരുക്കിയൊഴുക്കുന്ന തപനകിരണങ്ങൾ—പ്രസാദവരരശ്മികൾ—മറിയമേ, അങ്ങു ചൊരിഞ്ഞാലും!

മറിയത്തിന്റെ പ്രണീതഹൃദയത്തിൽ നാം അഭയമണയുന്നതെന്തിനു്? പിതാവിന്റെ പക്കൽനിന്നും പിണങ്ങിപ്പിരിഞ്ഞ പുത്രനെപ്പോലെയാണു് ലോകം. പിതാവിന്റെ നീതിയിൽ എന്നതിനെക്കാൾ മാതാവിന്റെ കരുണയിൽ ആ പുത്രനു വിശ്വാസമുണ്ടു്. അതുകൊണ്ടു് ആ പുത്രൻ അപ്പനില്ലാത്ത നേരത്തു് പതുങ്ങിപ്പതുങ്ങി പുറകെക്കൂടി സ്നേഹമുള്ള തള്ളയോടു് പറയുകയാണു്, "അമ്മേ, അപ്പനോടു പറയൂ ഞാൻ അറിയാതെ പിണങ്ങിപ്പോയതാണെന്നു്." അമ്മ അടക്കിയാലാവാത്ത വികാരത്തുടിപ്പോടും ഹർഷാവേശത്തോടുംകൂടി പുത്രനെ മാറോടമർത്തി ആശ്ലേഷിക്കുന്നു. അതാണു് മാതൃഹൃദയം.

സ്ത്രീവഴിയായി വന്ന ശിക്ഷ സ്ത്രീവഴിയായിത്തന്നെ മാററപ്പെടണം. അതുകൊണ്ടു് മദ്ധ്യസ്ഥയായ മറിയത്തിലൂടെ നമുക്കു അവിടുത്തെ സമീപിക്കാം. മറിയംവഴിയാണു് നാം ഈശോയെ സമീപിക്കേണ്ടതും. അതാണു് നമുക്കു എളുപ്പം, ദൈവത്തിനു പ്രിയംകരവും. തന്റെ പ്രഥമജാതന്റെ രോമവസ്ത്രം ധരിപ്പിച്ചു് യാക്കോബിനു സ്വമാതാവു് പിതാവായ ഇസഹാക്കിന്റെ ആശീർവ്വാദം വാങ്ങിച്ചുകൊടുത്തതുപോലെ ഈശോയുടെ ഉടുപ്പുധരിപ്പിച്ചു് സ്വർഗ്ഗീയപിതാവിന്റെ ആശീർവ്വാദം അനന്തരജാതരായ നമുക്കു മറിയം വാങ്ങിത്തരും.

മറിയം മൂന്നു കാര്യങ്ങൾ ആവശ്യപ്പെടുന്നു—പ്രാർത്ഥന, പരിഹാരം, സമർപ്പണം. ലോകസമാധാനത്തെ ഭേദനംചെയ്യുന്ന മഹാഘടകം പാപമാണു്. പാപമോ, ദൈവികമായതിൽനിന്നും ഭൗതികമായതിലേക്കുള്ള ഞെട്ടിമാററവും. ജീവന്റെ ഉറവയിൽനിന്നും നാം അതിമാത്രം അകന്നുപോയിരിക്കുന്നു. നമ്മുടെ ഹൃദയങ്ങൾ സൃഷ്ടികളിൽ വീണു ചിതറിക്കിടക്കുകയാണു്. അവ പെറുക്കി ഒരുമിക്കണം. നമ്മുടെ ആത്മാവിനെ കള്ളന്മാർ ആക്രമിച്ചു മുറിപ്പെടുത്തി മരണപ്രായമാക്കി തള്ളിയിരിക്കയാണു്. അവ വച്ചുകെട്ടി അവയിൽ തൈലവും വീഞ്ഞും പകരണം.

നമുക്കു പ്രാർത്ഥനവേണം. എന്തിനു്? സൃഷ്ടികളിൽ വീണു ചിതറിക്കിടക്കുന്ന ഹൃദയശിഷ്ടങ്ങളെ പെറുക്കി ഒരുമിച്ചു് മാതാവിന്റെ വിമലഹൃദയം-വഴി ക്രിസ്തുവിനു കാഴ്ചവയ്ക്കുവാൻ.

നമുക്കു പരിഹാരം ആവശ്യമുണ്ടു്. എന്തിനു്? നമ്മുടെ ആദ്ധ്യാത്മികമുറിവുകളിൽ വീഞ്ഞും തൈലവും പകർന്നു് സത്രക്കാരിയായ മറിയത്തെ ഏല്പിക്കുവാൻ. നമുക്കു സമർപ്പണം ആവശ്യമുണ്ടു്. എന്തിനു്? മററീരിയലിസത്തിന്റെ മൺപ്രതിമകൾ തല്ലിത്തകർത്തു് ക്രിസ്തുരാജനു നമ്മെ മറിയം വഴി പ്രതിഷ്ഠിക്കുവാൻ.

ആസ്തികരും നാസ്തികരുമായുള്ള ഇന്നത്തെ മഹാസമരം ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള മുഷ്ടിയുദ്ധംപോലെയാണു്. അമ്മ വന്നു വേണം അതു സമാധാനപ്പെടുത്തുവാൻ. അമ്മയ്ക്കറിയാം ഇരുവരുടേയും ഹൃദയവികാരങ്ങളെ നൊമ്പരപ്പെടുത്താതെ വാത്സല്യത്തിന്റെ അമൃതമധു പകർന്നു് അവരെ കുടിപ്പിച്ചു് അവരിൽ സാഹോദര്യബോധം ചാമ്പിക്കയറുവാൻ. ഇതു പെററമ്മയ്ക്കല്ലാതെ, പോററമ്മയ്ക്കോ പോലീസുകാരനോ ആർക്കുംതന്നെ സാദ്ധ്യമല്ല.

ഇതുകൊണ്ടാണു് മറിയത്തെ ആധുനികലോകത്തിന്റെ ആശാകേന്ദ്രമെന്നു വിളിക്കുന്നതു്. അവിടുന്നുവേണം ഇരുൾപരന്നു യാതനയിടറിയ ഒരു രാത്രിയുടെ ഏകാന്തമൂകമായ യാമിനികളിലൂടെ പ്രതീക്ഷകളുടെ പൊൽത്താർനികരങ്ങൾ വികസ്വരമാകുന്ന സുപ്രഭാതത്തിന്റെ സുന്ദരതരംഗങ്ങളിലേക്കു പുനരാനയിക്കുവാൻ. അതിനുവേണ്ടി നമുക്കു അവിടുത്തോടു് പ്രാർത്ഥിക്കാം. ത്യാഗങ്ങളുടെ രക്തപുഷ്പങ്ങളർപ്പിക്കാം. സ്നേഹത്തിന്റെ ഈരടികൾ ആലപിക്കാം. പരിപൂർണ്ണമായ ആത്മസമർപ്പണം നിർവ്വഹിക്കാം.

—o—

## ചെറുകഥ

# നീറുന്ന ഹൃദയം

[എം. വി. ജോസഫ്, ചമ്പക്കുളം]

(തുടർച്ച)

മംഗലത്തു ചെന്ന കാറുയാത്രക്കാരെ വിഭവസമൃദ്ധമായ ചായസല്ക്കാരംകൊണ്ടു മാമ്മിക്കുട്ടി സ്വാഗതം ചെയ്തു. അതിനിടയിൽ അച്ചായൻ എവിടെപ്പോയെന്നു് ചാക്കോച്ചൻ ചോദിച്ചതിനു്, "പള്ളിയിൽ പോയി" എന്നു സമാധാനവും കിട്ടി. ആ സൈ്വരയാത്രക്കാർ വന്നവഴി തിരികെ പോകയും ചെയ്തു.

കരുണാപൂർണ്ണനായ ഒരു വൈദികവര്യനാണു് അനാഥശാലാധിപൻ. പ്രാഞ്ചിക്കിതച്ചു് മാത്തുച്ചൻ അദ്ദേഹത്തിന്റെ സമീപമെത്തി കൂപ്പുകൈകളോടുകൂടി പറയുകയാണു്:-

"അച്ചോ! എന്നെക്കൂടെ ഇവിടെ താമസിപ്പിക്കണം. എനിക്കു എന്നും ഓരോ കുർബാന കാണണം. ഞങ്ങടെ അടുത്തു പള്ളിയില്ല."

"വല്യപ്പനേതാ, എനിക്കു മനസ്സിലായില്ലല്ലോ."

"ഞാൻ കുറച്ചു വടക്കുള്ളതാ. മങ്ങലത്തെന്നാ വീട്ടുപേരു്."

"ഒരു എം. എം. ചാക്കോ ബി. എ. യുടെ ആരാ?"

"അതെന്റെ മകനാ. അവൻ പീരുമേടു തോട്ടത്തിലാ."

"ഓ! യാതൊരു നിവൃത്തിയുമില്ല. ഒരു ഗതിയുമില്ലാത്ത പാവങ്ങൾക്കുവേണ്ടിയാണു് ഈ അനാഥമന്ദിരം. നിങ്ങളെപ്പോലുള്ള പണക്കാരെന്തിനാ ഇവിടെ വരുന്നതു്. മകൻ ഈയിടെ രണ്ടേക്കർ പുരയിടവും, ഒരേക്കർ നിലവുംകൂടെ എഴുതിച്ചെന്നു കേട്ടല്ലോ."

"അച്ചോ! എനിക്കവിടെ പട്ടിണിയായിട്ടല്ല. എനിക്കെന്നുമോരോ കുർബാന കാണണമെന്നു വലിയ ഒരാശയാ. ഇവരുടെ കൂടെ കഴിഞ്ഞോളാം. എന്റെ മോനോടു പറഞ്ഞു് തക്ക ഒരു തുക എന്റെ പേർക്കു തരിച്ചോളാം. അച്ചനിതു സമ്മതിക്കണം."

"മകനു് ഇഷ്ടമല്ലെങ്കിലെന്തു ചെയ്യും?"

"ഞാനവനേ സമ്മതിപ്പിച്ചുകൊള്ളാം."

ഒടുവിൽ ആ വന്ദ്യവൈദികൻ മാത്തുച്ചനു പ്രവേശനം അനുവദിച്ചു. കൂടുതൽ സമയവും പ്രാർത്ഥനയിലാണു് അദ്ദേഹം അവിടെ കഴിഞ്ഞതു്. വിവരം അന്വേഷിച്ചറിഞ്ഞു പലരും അദ്ദേഹത്തെ തിരികെ കൊണ്ടുപോകാൻ ശ്രമിച്ചു. ഒടുവിൽ മാമ്മിക്കുട്ടിതന്നെ വന്നു വിളിച്ചുനോക്കി. മാത്തുച്ചന്റെ എല്ലുമുപ്പുപോലെതന്നെ അഭിപ്രായത്തിനും ദാർഢ്യം ഉണ്ടായിരുന്നു. എല്ലാവരും തിരികെ മടങ്ങേണ്ടിവന്നു.

അടുത്തദിവസം ചാക്കോച്ചനൊരു കത്തുകിട്ടി. കവറുപൊട്ടിച്ചു്, ആരയച്ചതാണെന്നു നോക്കി. പേരു വച്ചിട്ടില്ല. ഇപ്രകാരം അതു വായിച്ചു.

"പ്രിയപ്പെട്ട ചാക്കോച്ചാ,

അനന്തമായ ഐശ്വര്യത്തിനുവേണ്ടി വെമ്പൽകൊണ്ടു കുതിച്ചുചാടുന്ന മനുഷ്യൻ തന്റെ കർത്തവ്യങ്ങളെ വിസ്മരിച്ചു്, ശലഭം അഗ്നിയിലെന്നോണം സ്വയം നാശമടയുന്നു. നിനക്കിന്നുണ്ടായിട്ടുള്ള എല്ലാവിധ ക്ഷേമത്തിനും നിദാനമാരാണു്? കൂലിവേലപോലും ചെയ്തു സ്വന്തം ജീവരക്തം ചെലവഴിച്ചാണു നിന്റെ ഐശ്വര്യതരുവിനെ അദ്ദേഹം വളർത്തിയതു്. ആ പിതാവിന്റെ ഈ വാർദ്ധക്യകാലത്തു് ഒരു നേരത്തെ ആഹാരമെങ്കിലും ശരിക്കു കിട്ടത്തക്കവണ്ണം എന്തെങ്കിലും ഏർപ്പാടു് നീ വീട്ടിൽ ചെയ്തിരുന്നോ? നിരന്തരമായ നിരാശയുടേയും, പട്ടിണിയുടേയും, സങ്കടത്തിന്റെയും ഫലമായി അദ്ദേഹം ഒഴുക്കുന്ന കണ്ണുനീർച്ചാലുകൾ നിനക്കു് നരകത്തിലേക്കുള്ള മാർഗ്ഗങ്ങൾ സുഗമമാക്കുന്നില്ലെന്നു നീ എങ്ങനെ അറിഞ്ഞു. പിതാവിനെ വിസ്മരിച്ചു്, ഭാര്യയെ സ്നേഹിച്ചു്, അദ്ദേഹത്തിന്റെ ശാപാഗ്നിക്കിരയായ നീ എന്തു മഹാപാപി—ഘാതകൻ— നിർദ്ദയൻ! നിനക്കു തീരാത്ത അപമാനം വരുത്തിക്കൊണ്ടു് അദ്ദേഹമിതാ അനാഥശാലയെ അഭയം പ്രാപിച്ചിരിക്കുന്നു. വേഗം ചെന്നു് അദ്ദേഹത്തിന്റെ കാൽക്കൽ വീണു മാപ്പിരക്കുക. ആ പാവനപാദങ്ങൾ നിനക്കു മാപ്പു തരുമെങ്കിൽ! നീ ഭാഗ്യവാൻ."

ചാക്കോച്ചന്റെ ഹൃദയം നീറാൻ തുടങ്ങി. വെടിയേററസൂകരത്തെപ്പോലെ, അയാൾ അതിവേഗം കാറിൽ കയറി അനാഥശാലയിലെത്തി. പിതാവിന്റെ കാല്ക്കൽ വീണു മാപ്പു യാചിച്ചു ഗദ്ഗദത്തോടുകൂടി:-

"അച്ചായാ, എനിക്കു തെററിപ്പോയി. എനിക്കു മാപ്പു തരുക. അച്ചായന്റെ സുഖത്തിനുവേണ്ടി ഞാനിനി ജോലിക്കു പോകുന്നില്ല. നമുക്കു വീട്ടിലേക്കു പോകാം. എന്റെ അപേക്ഷ കേട്ടു്, എന്നെ അനുഗ്രഹിക്കുക."

"മകനേ!" ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞു. "ലോകജീവിതത്തിന്റെ സുഖങ്ങൾ ഏതാനും നിമിഷങ്ങൾ മാത്രം. എനിക്കിനി അതിൽ ഒട്ടുംതന്നെ ആഗ്രഹവുമില്ല. നീ വിഷമിക്കാതിരിക്കുക. നീ എന്തിനാണിത്ര വിഷമിച്ചു ഇങ്ങോട്ടു വന്നതു്? വീട്ടിൽചെന്നു വിവരങ്ങൾ അറിഞ്ഞുകൊണ്ടു പോവുക. കുഞ്ഞേ! നിന്നെ ദൈവം അനുഗ്രഹിക്കട്ടെ. ഏതായാലും ഞാനങ്ങോട്ടു വരുന്നില്ല."

ചാക്കോച്ചൻ പലതും പറഞ്ഞുനോക്കി. അനാഥശാലാധിപനെക്കൊണ്ടുപോലും പറയിച്ചു. മാത്തുച്ചന്റെ അഭിപ്രായത്തിനു മാററമില്ല. ചാക്കോച്ചൻ നിരാശയോടെ, മൗനാവലംബിയായി വീട്ടിലെത്തിച്ചേർന്നു. മാമ്മിക്കുട്ടിക്കും കാര്യമെല്ലാം മനസ്സിലായി. അവൾക്കും പശ്ചാത്താപം ഇല്ലാതില്ല. ഒട്ടും താമസിയാതെ ചാക്കോച്ചൻ സ്ഥലം വിട്ടുകഴിഞ്ഞു.

ആഴ്ചകൾ മൂന്നു കഴിഞ്ഞു. അതിനിടയിൽ മൂന്നു പ്രാവശ്യം ചാക്കോച്ചൻ പിതാവിന്റെ പക്കൽ ചെല്ലുകയുണ്ടായി. അയാൾക്കു യാതൊരുന്മേഷവുമില്ല. മാത്തുച്ചന്റെ ആരോഗ്യനില പൂർവ്വാധികം ക്ഷയോന്മുഖമായി വേണ്ട വൈദ്യസഹായം തേടിയെങ്കിലും ഫലിച്ചുകണ്ടില്ല. അന്നൊരു ബുധനാഴ്ചയാണു്. മാത്തുച്ചനു പെട്ടെന്നൊരു മോഹാലസ്യം പിടിപെട്ടു. അച്ചൻ ഗുരുതരമായ ആ സ്ഥിതി കണ്ടു്, അന്ത്യകൂദാശകളെല്ലാം കൊടുത്തു. ചാക്കോച്ചന്റെ പേർക്കു കമ്പിയടിച്ചു. ഏതാണ്ടല്പം ബോധം വന്നപ്പോൾ "എന്റെ... ചാക്കോച്ചനെ... ഒന്നു... കണ്ടിരുന്നെങ്കിൽ!" എന്നു് അവ്യക്തമായ സ്വരത്തിൽ ഉച്ചരിക്കുകയുണ്ടായി. വീണ്ടും ബോധക്ഷയം ബാധിച്ചു. കന്യാസ്ത്രീകൾ അടുത്തിരുന്നു. സുകൃതജപങ്ങൾ ചൊല്ലിക്കൊടുത്തു. വീട്ടിലേക്കും ആളയച്ചിട്ടുണ്ടായിരുന്നു. ബന്ധുജനങ്ങൾ ആരും ഇല്ലാതെതന്നെ ആ ത്യാഗിവര്യനായ പുത്രവത്സലന്റെ ജീവൻ ശരീരത്തിൽനിന്നും വേർപെട്ടു. സമയം പകൽ അഞ്ചുമണിയായിക്കാണും.

ചാക്കോച്ചൻ വന്നുചേർന്നപ്പോഴേക്കും മാമ്മിക്കുട്ടി തുടങ്ങിയ പലരും അവിടെയുണ്ടായിരുന്നു. ചാക്കോച്ചൻ വാവിട്ടുകരഞ്ഞു് ശവശരീരത്തിൽ വീണുപോയി. ആവോളം കരഞ്ഞുകൊള്ളട്ടെ! കണ്ണുനീരുകൊണ്ടു കഴുകിക്കളയാൻ പാടില്ലാത്ത കറകളില്ലല്ലോ!

ആ വന്ദ്യവൈദികന്റെ അനുവാദപ്രകാരം ശവശരീരം വീട്ടിലേക്കു ആനയിക്കപ്പെട്ടു. പിറേറദിവസം ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങൾ ധൃതഗതിയിലും എല്ലാ ആഡംബരങ്ങളോടുംകൂടിയും നടക്കുകയാണു്. മുപ്പതു പറ അരിയുടെ സദ്യക്കു ചട്ടവട്ടങ്ങളുണ്ടു്. പള്ളിയിൽനിന്നും അച്ചന്മാർ വന്നു ശവമഞ്ചമെടുത്തപ്പോൾ, അമ്മിണിക്കുട്ടിയുടെ പിഞ്ചുഹൃദയം തകർന്നുപോയി. "എന്റെ വെല്ലിപ്പിച്ചോ! ഞാനുംകൂടെവരുന്നേ" എന്നവൾ ആർത്തനാദം പുറപ്പെടുവിച്ചു. അതു കണ്ടവരെല്ലാം കരഞ്ഞുപോയി. മാമ്മിക്കുട്ടി അധികമൊന്നും കരഞ്ഞുകണ്ടില്ല. ശവമഞ്ചവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയാരംഭിച്ചു. അഞ്ചു സ്വർണ്ണക്കുരിശു്, ബന്ധുക്കളും നാട്ടുകാരുമായി അനേകശതം ആളുകൾ; ഇപ്രകാരമെല്ലാമുള്ള പശ്ചാത്തലത്തിൽ ശവമഞ്ചം പള്ളിയിലേക്കു നീങ്ങുകയാണു്. മരണഭയമില്ലാത്ത പാപികളുടെ, ഹൃദയത്തെ തുളയ്ക്കുന്ന പീരങ്കിനാദം പോലെ, ബാൻറുകാരുടെ ഇടവിട്ടുള്ള കൊട്ടു് അങ്ങനെ മുഴങ്ങിക്കൊണ്ടിരുന്നു. റോഡിന്റെ വശത്തുള്ള ഹമീദിന്റെ ചായക്കടയിലും അനേകം പേർ ഈ വിലാപയാത്രയും നോക്കിനില്ക്കുന്നുണ്ടു്. "നാക്കിനെല്ലില്ലാത്ത" ചട്ടമ്പിനാരായണൻ പറയുകയാണു്:-

"എത്ര കേമമായാലെന്താ; അതിയാൻ ജീവിച്ചിരുന്ന കാലത്തു

(ശേഷം 11-ാംപേജിൽ)

ദിവ്യബലിയർപ്പിച്ചുകൊണ്ടിരുന്ന റവ. ഫാദർ മാത്യു മെഴുക്കനാൽ അവർകളേയും അതു കണ്ടുകൊണ്ടിരുന്ന വിശ്വാസികളേയും ആയുധധാരികളായ ഒരുകൂട്ടം മതഭ്രാന്തന്മാർ കഠിനദേഹോപദ്രവമേല്പിച്ചുവെന്നും വിശുദ്ധ കുർബാന എഴുന്നെള്ളിച്ചുവച്ചിരുന്ന "കുസ്തോദി" കൊള്ളയടിച്ചുകൊണ്ടുപോയെന്നുമുള്ള വൃത്താന്തം മനുഷ്യത്വവും വിശ്വാസവുമുള്ളവർക്ക് വലിയ ഹൃദയവേദന ജനിപ്പിച്ചിരിക്കയാണല്ലോ. ബീഭത്സവും പൈശാചികവുമായ പ്രസ്തുത ഘോരപാതകം ഓരോരുത്തരിലും ഓരോ തരത്തിലുള്ള വികാരമാണ് ഉദിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകളിൽനിന്നു മനസ്സിലാകുന്നു. നിഷ്ഠുരപീഡകർക്കു വിധേയനാകേണ്ടിവന്ന ആ ബഹുമാന്യ വൈദികൻ, തറവാട്ടുപേരും പിതൃഭവനനാമവും കൊണ്ട് അന്യഥാ ധരിക്കപ്പെട്ടേക്കാമെങ്കിലും ഈ ലേഖകന്റെ ഇളയസഹോദരനാണ് അതു കൊണ്ടായിരിക്കാം എന്നിൽനിന്ന് തൽസംബന്ധമായി കൂടുതൽ അറിവ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. എന്നാൽ, ഭയാനകമായ ആ സംഭവത്തെ സംബന്ധിച്ച് ഒരു കേസ്സ് നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടും പാറ്റ്നാ രൂപതയുടെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും അവിടത്തെ നേതാക്കന്മാരും സമുചിതനടപടികൾ അവലംബിച്ചിട്ടുള്ളതുകൊണ്ടു വിദൂരത്തു സ്ഥിതിചെയ്യുന്ന എനിക്ക് അധികമായൊന്നും പ്രസ്താവിക്കുവാനില്ല.

ഏതാദൃശസന്ദർഭങ്ങളിൽ വ്യവസ്ഥിതപാരമ്പര്യവും പശ്ചാത്തലശിക്ഷണവുമുള്ള കത്തോലിക്കാസഭയുടെ അംഗങ്ങൾ ചെയ്യുക പതിവുള്ളതുപോലെ, വിശുദ്ധ കുർബാനയ്ക്കു വന്നുകൂടിയ ദൈവദ്രോഹത്തിനു കഴിവുള്ള പരിഹാരം ചെയ്യുകയും ചികിത്സകഴിഞ്ഞു മെത്രാനമന്ദിരത്തിൽനിന്നു വർദ്ധമാനനഗരിയിലെത്തി ചാർജ്ജെടുത്തിരിക്കുന്ന ഫാദർ മാത്യുവിനും അദ്ദേഹത്തിന്റെ ഇടവകക്കാർക്കും അവസരോചിതധൈര്യം പ്രദാനംചെയ്യുന്നതിനു പ്രാർത്ഥിക്കയും നേതാക്കന്മാരുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കയുംചെയ്യാം. സത്യസന്നിധിയിൽ വിശ്വാസമുള്ളവരെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവമാണ് ഇതെന്നുള്ളതിനു സംശയമില്ല. അതേസമയത്ത് സമാശ്വാസം ലഭിക്കുന്നതിനുവേണ്ടി, നന്മമാത്രം പറകയും നന്മമാത്രം പ്രവർത്തിക്കയും ചെയ്തിരുന്ന ക്രിസ്തുനാഥൻ കുരിശുമരണം അനുഭവിച്ചതിനെ സ്മരിക്കാമല്ലോ. മരിച്ചു സംസ്കരിക്കപ്പെട്ട് അഴിച്ചിൽപ്രാപിച്ച ആളുകളെ പുനർജ്ജീവിപ്പിച്ചവൻ ഏവനോ, ആരുടെ സ്വന്തത്തിന്റെ ശക്തികൊണ്ടുമാത്രം അനേകമനേകം അത്ഭുതങ്ങൾ നടന്നുവോ, ആരെ ബന്ധിക്കുവാൻ ചെന്ന പടയാളികൾ അന്വേഷിക്കുന്ന ആൾ താൻതന്നെ ആകുന്നുവെന്ന് അരുൾചെയ്ത വാക്കുകൾകേട്ട് അവർ സ്തബ്ധരായോ, മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്ന വിധത്തിൽ സംസ്കരിക്കപ്പെട്ട മൂന്നാംദിവസം ആർ ഉത്ഥിതനായോ ആ ആളിനു തന്റെ ശത്രുക്കളായ മനുഷ്യകീടങ്ങളിൽനിന്നു പീഡനമേല്ക്കാതിരിക്കുവാൻ കഴിവില്ലാതിരുന്നില്ലല്ലോ. അവിടുന്നു തിരുമനസ്സായതുകൊണ്ടല്ലേ ആത്മബലി സമർപ്പിച്ചതു്.


ആവശ്യകമായ വിശുദ്ധിയില്ലാതെ പവിത്രപേടകത്തിന്മേൽ സ്പർശിക്കമാത്രം ചെയ്തവരും സമുചിതയാഥാർത്ഥ്യതയില്ലാതെ വിശുദ്ധ ബലിപീഠത്തിങ്കൽ പ്രവേശിക്കമാത്രം ചെയ്തവരും അതേ കാര

# ആ ദാരുണസംഭവവും അനുചിന്തകളും

[ഫാദർ തോമസ് കൊച്ചുമുങ്കാനാൽ]

ന്നതാൽതന്നെ മരിച്ചുവീഴുവാൻ ഇടയായിട്ടുണ്ടെങ്കിൽ, ലൂർദ്ദിൽ അനുദിനം നടക്കുന്നതായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾ പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്റെ ആശീർവ്വാദം ലഭിക്കുമ്പോൾ മാത്രമാണെന്നു നമ്മൾ വിശ്വസിക്കുന്നുവെങ്കിൽ മതദ്രോഹികൾ കൊള്ളചെയ്തുകൊണ്ടുപോയ സംപൂജ്യപാത്രത്തിൽ സ്ഥിതിചെയ്തിരുന്ന തിരുവോസ്തികൾക്കും സ്വരക്ഷയ്ക്കുവേണ്ട ശക്തി ഇല്ലാതിരുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ട് അവിടുന്നു ഈ പൈശാചികപ്രവൃത്തി തടഞ്ഞില്ല? ഈ ചോദ്യത്തിനു ഉത്തരം ക്രിസ്തുനാഥൻ സ്വാഭാവികജീവിതം നയിച്ചുകൊണ്ടിരുന്നപ്പോൾ, ശത്രുക്കളെ ആകാശത്തിൽനിന്നു ഇടിയും മിന്നലുമാക്കി സംഹരിച്ചുകളയുന്നതിന് അമർഷത്തോടെ ആവശ്യപ്പെട്ട ശിഷ്യന്മാർക്ക് നൽകിയ മറുപടിയിലുണ്ടു്. ദൈവത്തിന്റെ ഈദൃശനയം രഹസ്യമാണെന്നു ധരിക്കമാത്രം ചെയ്താൽ മതിയാകും.

കൃശഗാത്രനായ ഫാദർ മാത്യുവിന്റേയും നിസ്സഹായരായ അദ്ദേഹത്തിന്റെ ഇടവകക്കാരുടേയും സഹനത്തെ സംബന്ധിച്ചും ദൈവത്തിന്റെ സംവിധാനക്രമത്തിൽ വിശ്വസിക്കുന്നവർക്കു തൃപ്തികരമായ സമാധാനം കണ്ടുപിടിക്കുവാൻ പാടില്ലായ്കയില്ല. കത്തോലിക്കാസഭയുടെ സ്ഥാപകനായ ക്രിസ്തു പാനംചെയ്ത കാസാതന്നെയാണ് അവിടുന്നു തന്റെ അനുയായികൾക്കും പ്രദാനംചെയ്തിരിക്കുന്നതു്. ലോകം മുഴുവനിലുംപോയി പ്രസംഗിക്കുന്നതിനു് അവിടുന്നു തന്റെ ശിഷ്യന്മാരോടാവശ്യപ്പെട്ടതു് ചെന്നായ്ക്കളുടെ ഇടയിലെ ആടുകളുടെ സ്ഥാനം വഹിക്കുവാൻ മനസ്സുണ്ടെങ്കിൽ മതിയെന്നു പഠിപ്പിച്ച് തയ്യാറാക്കിയതിൽപ്പിന്നീടാണ്. പ്രസ്തുത പ്രബോധനം കേട്ടിട്ടുകേട്ട ശിഷ്യന്മാരിൽ യൂദാസിനെ ഒഴിച്ചുള്ള പതിനൊന്നുപേരുടെയും വീരചരമം ദാരുണപീഡകൾ സഹിച്ചതിൽപ്പിന്നീടായിരുന്നുവെന്നു കത്തോലിക്കരായ എല്ലാവർക്കും അറിയാമല്ലോ. അവരുടെ രക്തംകൊണ്ടു നനഞ്ഞ ഭൂമിയിലല്ലാതെ ക്രിസ്തുമതം മുളയെടുത്തിട്ടില്ല. ഇപ്പോൾ നിസ്തുലപ്രഭാവത്തോടെ വിരാജിക്കുന്ന വത്തിക്കാൻകുന്നുകൾ, അവയുടെ പൂഴിമണ്ണിന്റെ ഓരോ അംശവും വേദസാക്ഷികളുടെ രക്തംകൊണ്ട് മുന്നൂറിപന്ത്രണ്ടുവർഷത്തേക്കു നനഞ്ഞു വളംപിടിച്ചതിന്റെ ശേഷമാണല്ലോ ഇദാനീന്തനാവസ്ഥയിൽ വന്നുചേർന്നതു്. തോമ്മാശ്ലീഹാ ചൊരിഞ്ഞ രക്തവും വിശുദ്ധ ശൗരിയാർപ്രഭൃതികൾ പുറപ്പെടുവിച്ച വിയർപ്പുതുള്ളികളും കൊണ്ടുമാത്രം ഭാരതഭൂമിക്കു മതിയായ വളം ലഭിച്ചിട്ടില്ലായിരിക്കാം. വേദസാക്ഷികളുടെ രക്തമാണ് ക്രിസ്തുമതത്തിന്റെ വിത്തു് എന്നു പണ്ടേ പ്രസ്താവിക്കപ്പെട്ടുപോയിട്ടുണ്ടു്. ക്രിസ്തുമതം ദൈവ




എന്റെ മകളുടെ സുഖപ്രസവം സാധിച്ചതിനു് ഉപകാരസ്മരണ.
റാണിക്കാട്ട് മിഖായേൽ
പൊന്നാംകയം
പുല്ലൂരാംപാറ, തിരുവമ്പാടി.

ത്തിന്റെ ചൈതന്യത്തോടുകൂടിയതാണെങ്കിൽ മനുഷ്യകീടങ്ങൾക്ക് അതിനെ നിരോധിക്കുവാൻ കഴിയുകയില്ലെന്നും മനുഷ്യനിർമ്മിതമാണെങ്കിൽ അതു സ്വയം നശിച്ചുകൊള്ളുമെന്നും അതിന്റെ പ്രാരംഭദശയിൽത്തന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. പച്ചമരത്തെക്കാൾ കൂടുതലായി ഉണക്കമരം പ്രതീക്ഷിക്കുകതന്നെ ചെയ്യണം. യജമാനനെക്കാൾ വലിയവരല്ല ദാസന്മാരെന്നും സ്മരിക്കാം. ഇവയൊക്കെ പഠിച്ചു കൈകാര്യം ചെയ്തിരുന്ന പ്രേഷിതവീരനാണ്, മിശിഹായുടെ പീഡാനുഭവങ്ങൾക്കുള്ള പോരായ്ക പരിഹരിക്കുന്നതിനുവേണ്ടി സഹിച്ചേ മതിയാവൂ എന്നു പറഞ്ഞുകൊണ്ട് ശിരച്ഛേദത്തിൽ എത്തുന്നതുവരെ സഹിച്ചതു്. അതേ തിരുസ്സഭയാകുന്ന ശരീരത്തിന്റെ ശിരസ്സുമാത്രം സഹിച്ചതുകൊണ്ട് ക്രിസ്തുമതം പ്രചരിക്കയില്ല. അവയവങ്ങളും സഹിച്ചേ കഴിയുകയുള്ളൂ.

ഏതെങ്കിലും ഒരു പ്രദേശത്തു മതപീഡനമോ കൈയേറ്റമോ എതിർപ്പോ ഉണ്ടാകുമ്പോൾ സജീവവിശ്വാസികൾ ഞെട്ടിപ്പോവുകയോ സ്തബ്ധരായിപ്പോവുകയോ ചെയ്യേണ്ടയാവശ്യമില്ല. ചൈതന്യം ജീവന്റെ ലക്ഷണമാണ്. ക്രിസ്തുമതം ജീവനുള്ളതാകുന്നു. കൊടുങ്കാറ്റും പെരുമഴയും കഴിഞ്ഞുള്ള പ്രശാന്തതപോലെ കഠിനഞെരുക്കത്തിൽ പിന്നീട് തിരുസ്സഭയ്ക്കു സ്വാസ്ഥ്യവും സമാധാനവും എപ്പോഴുമുണ്ടായിട്ടുണ്ടു്. അതു നീണ്ടുനിന്ന വേളയിൽ കെട്ടിനില്ക്കുന്ന ജലം മലിനമാകുന്നതുപോലെ സംഭവിക്കയും ചെയ്യാതിരുന്നിട്ടില്ല. അപ്പോൾ ആവശ്യപ്പെട്ട ശുചീകരണവും നടന്നിട്ടുണ്ടു്. അതിന്റെ ഇടയിലായിരുന്നു രക്തസാക്ഷികളുടേയും മറ്റു പുണ്യവാന്മാരുടേയും ആവിർഭാവം. പ്രോട്ടസ്റ്റന്റുവിപ്ലവത്തിന്റെ കാലത്തുതന്നെ തിരുസ്സഭയ്ക്കുണ്ടായ പുഷ്ടിയോടുകൂടിയ വളർച്ചയെ ഏവർക്കും നിരീക്ഷിക്കാമല്ലോ. ക്രിസ്തുമതത്തിന്റെ പ്രചാരം തടയുവാൻ, അവശക്രിസ്ത്യാനികളുടെ അവകാശങ്ങൾ നിഷേധിച്ചതുകൊണ്ടോ കത്തോലിക്കരുടെ പള്ളിക്കൂടങ്ങൾ ഗവൺമെന്റിലേക്കു എടുത്തതുകൊണ്ടോ ത്യാഗാദർശങ്ങളായ ബഹുമാനപ്പെട്ട കന്യാസ്ത്രീകളെ ആശുപത്രികളിൽനിന്നു ബഹിഷ്കരിച്ചതുകൊണ്ടോ വിദേശമിഷനറിമാരുടെ പ്രവേശനം നിരുത്തിയതുകൊണ്ടോ സത്യമതത്തിന്റെ പ്രാസംഗികന്മാർക്ക് ലൈസൻസു സമ്പ്രദായമോ മററ് ഏതെങ്കിലും നിയന്ത്രണമോ ഏർപ്പെടുത്തിയതുകൊണ്ടോ സാധിക്കയില്ല. കത്തോലിക്കാമതം ദൈവത്തിൽനിന്നുള്ളതാണെങ്കിൽ പ്രചരിക്കതന്നെ ചെയ്തുകൊള്ളും. ഫാദർ മാത്യുവിനെപ്പോലെയുള്ളവരെ ദേഹോപദ്രവം ഏല്പിച്ചാലും ഫലിക്കയില്ല. അദ്ദേഹം കത്തോലിക്കാസഭയാകുന്ന ശരീരത്തിന്റെ ഏററം നിസ്സാരമായ ഒരംശംമാത്രമേ ആകുന്നുള്ളൂ. മതവൈരികൾ മതപ്രേമികളായും വിഗ്രഹാലയങ്ങൾ ദൈവാലയങ്ങളായും ചമഞ്ഞ അനുഭവമാണ് കത്തോലിക്കാസഭയ്ക്കുള്ളതു്.

സാവൂളിനെ പൗലോസാക്കിയ ശക്തി, ദേവതാസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തിയെക്കൊണ്ടു തിരുസ്സഭയ്ക്കു സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്യിച്ച വിളംബരത്തിനു് ഒപ്പുവയ്പിച്ച ശക്തി അന്നും ഇന്നും അക്ഷയമായി സ്ഥിതിചെയ്യുന്നുണ്ടു്. ഇപ്പോഴത്തെ നില തുടരുകയാണെങ്കിൽ ഭാരതീയരെല്ലാം ക്രിസ്ത്യാനികളായിപ്പോകുമത്രേ. ഭാരതത്തിലെ ഇതരപ്രോവിൻസുകളും കൊച്ചിതിരുവിതാംകൂർപോലെയായിച്ചമഞ്ഞുകളയുംപോലും. മതപീഡകരായ റോമൻചക്രവർത്തിമാരുടെ കാലത്തും ഈദൃശപ്രസ്താവനകൾ കാവ്യരിൽനിന്നു പുറപ്പെട്ടിട്ടുള്ളതാണ്. കാലത്തിന്റെ പൂർണ്ണതയിൽ ദൈവം നിശ്ചയിച്ചിരിക്കുന്നവിധത്തിൽ എല്ലാം നിറവേറുകയും ചെയ്തുകൊള്ളും. ദൈവത്തിന്റെ നിശ്ചയം അനുവർത്തിക്കണമോ മനുഷ്യരുടെ കല്പന അനുസരിക്കണമോയെന്നു ചോദിക്കുവാനും അവസരോചിതമായതു പ്രവർത്തിക്കുവാനും ആളുകൾ ഉണ്ടാകേണ്ട താമസമേയുള്ളൂ. അവസരോചിതമെന്നു പറഞ്ഞതു്, ദൈവത്തെപ്രതി അനുദിനം താൻ മരിക്കുന്നുവെന്നു പൗലോസ്ശ്ലീഹാ ഉദീരണംചെയ്ത വാക്കുകളിൽ അന്തർഭവിച്ചിട്ടുണ്ടു്. രക്തം ചിന്തിക്കൊണ്ടല്ല അനുദിനം അദ്ദേഹം മരിച്ചതു്. അദ്ദേഹത്തിന്റെ ജീവൻ ഒരിക്കൽ മാത്രമേ നിലച്ചിട്ടുള്ളൂ. അദ്ദേഹം ഏകാഗ്രചിത്തത പാലിച്ചു പ്രാർത്ഥിച്ചപ്പോഴും പ്രലോഭനങ്ങളെ നിഗ്രഹിച്ചപ്പോഴും സുഖലോലുപതയെ പരിത്യജിച്ചപ്പോഴും മററും ഓരോ മരണമാണനുഭവിച്ചതു്. അതിന്റെ പരിണതഫലമാണ് അദ്ദേഹത്തിന്റെ രക്തസാക്ഷിമകുടം.


അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന രക്തസാക്ഷികളേയുംപോലെ വൈദികരും ലൗകികരും നേതാക്കന്മാരും സാധാരണജനങ്ങളും വൃദ്ധന്മാരും യുവാക്കന്മാരും ഏവരും എല്ലാവരും അവരവർക്കു ലബ്ധമായിട്ടുള്ള കഴിവുകളെ നന്നായി വിനിയോഗിക്കുവാനുള്ള സന്ദർഭം ഭാരതത്തിൽ സംജാതമായിരിക്കയാണ്. ദൈവത്തിനു കാലമെന്നുള്ളതു ഒന്നില്ലെങ്കിലും നമ്മളെ സംബന്ധിച്ചിടത്തോളം ഭാരതത്തെ മുഴുവനും സത്യവെളിച്ചംകൊണ്ടു് പ്രകാശിപ്പിക്കുന്നതിനു് അവിടുന്നു നിശ്ചയിച്ചിരിക്കുന്ന കാലം ഇതായിരിക്കാം. പരിശുദ്ധാത്മാവിൽനിന്നു കത്തോലിക്കർക്കു സിദ്ധമായിരിക്കുന്ന ദാനം ഭീരുത്വത്തിന്റേതല്ലാതെ ധീരതയുടേതാണല്ലോ. അതു വിനിയോഗിച്ചുകൊണ്ടാകുന്നു വിശുദ്ധ ദേവസ്യാനോസ് പ്രഭൃതികൾ സ്വതാല്പര്യങ്ങളെന്നല്ല സ്വജീവനെപ്പോലും അവഗണിച്ച് അതിപ്രതാപവാന്മാരായിരുന്ന അധികാരികളെ അഭിമുഖീകരിച്ച് അവർ ചെയ്തിരുന്ന അനീതികളെ ചൂണ്ടിക്കാണിച്ചതു്.

## പുസ്തകാഭിപ്രായം

### കുട്ടികൾക്കു് വിശുദ്ധരാകാമോ?

(പേജ് 260. വില ക 1-2-0 രചയിതാവ്: ഫാ. കുന്നപ്പിള്ളി. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O.)

പല വർഷങ്ങളായി മംഗലപ്പുഴ സെമിനാരിയിൽ ഭാഷാദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്ന ആളാണു റവ. ഫാദർ ജോൺ കുന്നപ്പിള്ളി അവർകൾ. ഏതാനും വർഷങ്ങളായി അവിടെനിന്നു പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന വിശിഷ്ടഗ്രന്ഥങ്ങളിൽ മിക്കതി



ആത്മകഥാകഥനം

# പ്രൊഫ: വിൻചെസ്റ്റർ

(വിവ: എം. തോയലിൽ)

ബാൾട്ടിമൂറിലെ അസംപ്ഷൻ കത്തീഡ്രലിൽ മുട്ടുകുത്തി വിശ്വാസപ്രഖ്യാപനം നടത്തിയ പ്രൊഫസർ വിൻചെസ്റ്റർ സമാധാനത്തിൻേറയും സംതൃപ്തിയുടേയും ഒരു പുതിയ ലോകത്തിലേക്കു കാലെടുത്തുവച്ചു. ഈ സംഭവത്തിൻെറ പിന്നിലുള്ള തീരുമാനം രൂപം കൊള്ളുവാൻ വളരെ സമയം വേണ്ടിവന്നു. സ്വഭാര്യയുടേയും പരിചിതരായ കത്തോലിക്കരുടേയും ജീവിതമാതൃകയും സ്വാധീനശക്തിയും സഭയുടെ പ്രബോധനങ്ങളുടെ ശരിയായ വെളിച്ചവുംകൂടി വീശിയപ്പോൾ അതു നിരസിക്കുക സാധ്യമല്ലെന്നു അദ്ദേഹത്തിനു ബോധ്യമായി. "എന്നോടുകൂടിയല്ലാത്തവൻ എനിക്കെതിരാകുന്നു" ക്രിസ്തുവിൻെറ ഈ അനുശാസനം നിഷ്പക്ഷതയുടേയും സന്ദേഹത്തിൻേറയും അവസാനകണ്ണികൂടി മുറിച്ചുമാററി. പ്രൊഫസർ വിൻചെസ്റ്റർ തൻെറ മാനസാന്തരകഥ വിവരിക്കുന്നു.

പ്രത്യേക ദൈവപരിപാലന എൻെറ വിശ്വാസത്തെ പരിരക്ഷിച്ചു. അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ടു വർഷത്തിനുള്ളിൽ ജീവിതത്തിൻെറ ഏതു വഴിത്തിരിവിൽവച്ചും എൻെറ പുനരൈക്യസംരംഭങ്ങൾ മുഴുവനായി പരിത്യജിക്കപ്പെട്ടമായിരുന്നു. കത്തോലിക്കാവിരുദ്ധമായ അന്തരീക്ഷത്തിലത്രേ ഞാൻ വളന്നതു്. പാപ്പാമതത്തെപ്പററി സാധാരണ കേൾക്കാറുള്ള അബദ്ധജഡിലമായ ഏതു കെട്ടുകഥകളും അപ്പാടെ വിശ്വസിക്കുന്നതിനു് ഞാൻ തയ്യാറായിരുന്നു. പോരെങ്കിൽ, ഏതെങ്കിലും ഒരു സംഘടനയിൽ അംഗമായി ചേരുന്നതിനു ഞാൻ ഇഷ്ടപ്പെട്ടിരുന്നുമില്ല. ഒരുതരം—വൈദികരോ അവൈദികരോ—കത്തോലിക്കാമതം എൻെറ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിച്ചുമില്ല. ഞാൻ അവരിൽ നിന്നെല്ലാം പരിപൂർണ്ണമായി അകന്നിരുന്നു എന്നാണെൻെറ വിശ്വാസം.

ഞാൻ ഒരു കത്തോലിക്കയുവതിയെ വിവാഹം കഴിച്ചു അവളുടെ ജീവിതമാതൃകകളിൽനിന്നും വിശ്വാസാചാരങ്ങളുമായുള്ള ഇടപഴകലിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു എനിക്കുതന്നെ എതിരായിട്ടു് ഞാൻ യുദ്ധംചെയ്തുകൊണ്ടിരുന്നു എന്നു്. പ്രോട്ടസ്റ്റൻറുകാരിൽനിന്നും കത്തോലിക്കാസഭയെപ്പററി പല കെട്ടുകഥകളും ഞാൻ കേട്ടിരുന്നു. തന്മൂലം, ആദ്യംമുതൽ ഞാൻ വിചാരിച്ചിരുന്നതു് റോമാമതം എൻെറ തലയിൽ കെട്ടിവയ്ക്കുവാൻ അവൾ തത്രപ്പെട്ടമെന്നായിരുന്നു. ഞങ്ങളുടെ വിവാഹനിശ്ചയം കഴിഞ്ഞപ്പോൾ എൻെറ സഹധർമ്മിണിയോടു് മോൺസിഞ്ഞോർ അക്സെസ്റ്റർ പറഞ്ഞ വാക്കുകൾ എന്നെ വിസ്മയിപ്പിക്കുകതന്നെചെയ്തു "മേരി, നീ ഒരു ശല്യക്കാരിയോ മതസഹിഷ്ണതയില്ലാത്തവളോ ആയ ഭാര്യയെന്നു കേൾക്കാനിടവരരുതു്. അദ്ദേഹത്തെ സ്വതന്ത്രനായിരിക്കുവാൻ നീ അനുവദിക്കുക." അവൾ അപ്രകാരംതന്നെ ചെയ്തു. ഒരു പ്രോട്ടസ്റ്റൻറു എന്ന നിലയിൽ ഈ നിലപാടു സുസാധ്യമെന്നു് ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല. അവസാനം എനിക്കു മനസ്സിലായി, എന്തു ചെയ്യണമെന്നു് അല്ലെങ്കിൽ എന്തു വിശ്വസിക്കണമെന്നു തീരുമാനിക്കേണ്ടതു് ഞാൻ തന്നെയാണെന്നു്. അതു ഞാൻ തന്നെ തീരുമാനിച്ചു. അങ്ങനെ 1950 ഡിസംബർ 8-ാംനു ഞാനൊരു കത്തോലിക്കനായി.

കൃസ്പക്കിലേ ലെയ്‌വൻ യൂണിവേഴ്‌സിററിയിൽ പഠിച്ചിരുന്ന കാലത്താണു് ഞാൻ തീരുമാനിച്ചതു്, കത്തോലിക്കാസഭയിൽ പ്രവേശിക്കണമെന്നു്. അവിടത്തെ അന്തരീക്ഷം എനിക്കപരിചിതങ്ങളായ മറെറല്ലാകലാലയങ്ങളുടേതിൽനിന്നും വിഭിന്നമായിരുന്നു. അവിടെ അപരിചിതരുടെമദ്ധ്യേ ഭാര്യയിൽനിന്നു വേർപാടു വളരെ അകലെയാണു് ഞാൻ ജീവിച്ചിരുന്നതു്. എങ്കിലും ക്രിസ്തുവിലും അവിടുത്തെ തിരുസഭയിലും ഉള്ള വിശ്വാസത്തിൽ എൻെറ ഭാര്യയോടു ഒന്നു ചേർന്നിരിക്കുവാൻ ഞാൻ അതിയായി അഭിലഷിച്ചു. ഈ വ്യതിയാനത്തിനുള്ള കാരണമായി എൻെറ മനസ്സിൽ പൊന്തിവരുന്ന ചില യാഥാർത്ഥ്യങ്ങളെ നിങ്ങളുടെ മുമ്പിൽ നിരത്തുകയാണു്. അവ ദൈവശാസ്ത്രപരമായ വാദപ്രതിവാദത്തിനുള്ളവയല്ല, എൻെറ വ്യക്തിപരമായ അനുഭവങ്ങൾ മാത്രം.

മി. ആർ കെല്ലർ. നല്ല മനുഷ്യൻ, പഴയ യുദ്ധവിദഗ്ദ്ധൻ, ഒന്നാന്തരം സ്വഭാവം. എൻെറ ഭാര്യയുടെ ഇടവകദൈവാലയത്തിലെ ഗായകസംഘത്തിൽ പത്തു വർഷത്തോളം ഞാൻ അദ്ദേഹവുമൊത്തു പാടിയിട്ടുണ്ടു്. ആ ഗായകൻ മൃതിയടഞ്ഞു. എൻെറ മനോമുകുരത്തിൽ ഞാൻ ഇന്നും ദർശിക്കുന്നു, ഓരോ പ്രാവശ്യത്തെയും ഗാനപരിശീലനത്തിനുമുമ്പും പിമ്പും സക്രാരിയിലെ ജീവദായകൻെറ ദിവ്യസാന്നിദ്ധ്യമല്ലാതെ മറെറാന്നുമില്ലാത്ത ആ ഇരുളടഞ്ഞ ദൈവാലയത്തിൽ മുട്ടുകുത്തി, കൈകൾ കൂപ്പി പ്രാർത്ഥനാനിരതനായി നില്ക്കുന്ന ആ വ്യക്തിയെ. ആ ഗായകസംഘത്തിലുള്ളവരെല്ലാവരുംതന്നെ ഭക്തരായിരുന്നു. എന്നാൽ മി. കെല്ലറുടെ പഞ്ചപുച്ഛമടക്കിയുള്ള ആ നിലപാടു് എന്നെ സാരമായി സ്പർശിച്ചു എന്നെപ്പററിയും എൻെറ വിശ്വാസരാഹിത്യത്തെപ്പററിയും ഇരുത്തിച്ചിന്തിപ്പിക്കുന്നതിനു പോരുന്നതായിരുന്നു അതു്.

വിവിധസ്ഥിതിക്കാരും പ്രായക്കാരും അടങ്ങിയിരുന്ന ആ ഗായകസംഘത്തെപ്പററി ഞാൻ അത്ഭുതപ്പെട്ടുകതന്നെ ചെയ്തു. കാരണം, സ്ത്രീകൾ ഉത്പ്പിനോ പുരുഷന്മാർ അനാവശ്യങ്ങൾക്കോ ഇടം കൊടുത്തിരുന്നില്ല. തമ്മിൽതമ്മിലുള്ള പെരുമാററത്തിൽ അസുഖകരമായി ഒന്നുമില്ലായിരുന്നു. സ്വന്തം വിശ്വാസത്തിൽ സുസ്ഥിരരായിരുന്ന അവർ, മററു സഭാവിഭാഗങ്ങളെ വെറുക്കുകയോ വിമർശിക്കുകയോ ചെയ്തിരുന്നില്ല. അഭിപ്രായവൈവിധ്യങ്ങൾ മൂലം സാധാരണ കണ്ടുവരാറുള്ള ഭിന്നതകളോ വഴക്കുകളോ അവരുടെ ഇടയിലില്ലായിരുന്നു! ഐകമത്യവും പരസ്പരബഹുമാനവും അവിടെകളിയാടി. ഇതു അവരോടു് സഹവസിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചു വാദപ്രതിവാദങ്ങൾകൊണ്ടു് ഉളവാകുന്നതിൽ കൂടുതൽ പരിവർത്തനം പരിപാവനമായ ആ അന്തരീക്ഷത്തിൽ ജീവിച്ചതിൽനിന്നും എനിക്കുളവായി.

ഏതദ്വിഷയത്തിൽ "ക്രിസ്ത്വാനുകരണ" കർത്താവായ തോമസ് ആക്കമ്പിസിൻെറ ഒരു വാക്യം എന്നെ പ്രത്യേകം സ്പർശിച്ചു. "നീ എളിമയില്ലാത്തവനും തന്മൂലം ത്രിത്വത്തിൻെറ അപ്രീതിക്കു പാത്രമാനുമെങ്കിൽ ത്രിത്വത്തെപ്പററി ഗംഭീരമായി പ്രസംഗിക്കുന്നതുകൊണ്ടു നിനക്കെന്തു പ്രയോജനം? ...... പശ്ചാത്താപത്തിൻെറ നിർവചനം എന്തെന്നറിയുന്നതിനേക്കാൾ അതു് എനിക്കുണ്ടായിരിക്കുകയാണു് നല്ലതു്." എൻെറ പല പരിചയക്കാരെപ്പററിയും ചിന്തിക്കുന്നതിനു് ഈ സംഗതി ഇടയാക്കി. അവർ താർക്കികരാക്ഷസനെ നിഗ്രഹിക്കുന്നതിനുള്ള തങ്ങളുടെ വീരപരാക്രമങ്ങളെ കാണിക്കുവാൻ എപ്പോഴും മതവിഷയങ്ങളെ സംസാരത്തിലേക്കു് വലിച്ചിഴച്ചിരുന്നു. എന്നാൽ ഉദ്യമം അടുത്തദിവസം കൂടുതൽ താർക്കികരാക്ഷസന്മാരെ അന്വേഷിക്കുന്നതിനു മാത്രമേ ഉപയുക്തമായിരുന്നുള്ളു. അത്തരക്കാരിൽ ആത്മാർത്ഥതയ്ക്കും ശാലീനതയ്ക്കും പകരം തലയുയർത്തി നിന്നിരുന്നതു് വിവാദപ്രിയവും അഹങ്കാരവുമായിരുന്നു!

വിസിറേറഷൻ സഭയിലെ കന്യാസ്ത്രീകളുമായി പരിചയപ്പെടുവാനിടയായതാണു് എന്നെ സംബന്ധിച്ചു വ്യക്തിഗതമായ മറെറാരനുഭവം. അകത്തോലിക്കർ വളരെ കുറച്ചു മാത്രമേ ഇവരെപ്പോലെ അവ്യതിക്രമതനിരിക്കുന്നവരെപ്പററി അറിയുന്നുള്ളു. അതും പലപ്പോഴും വാസ്തവവിരുദ്ധമായിട്ടുമായിരിക്കും! ലോകത്തിലെ ന്യായമായ സുഖഭോഗങ്ങളിൽനിന്നും ആനന്ദാനുഭൂതികളിൽനിന്നും സ്വയം പ്രതിനിവർത്തിച്ചു് ജന്മസാഫല്യം കാംക്ഷിക്കുന്ന ആ വീരകന്യകമാർ ഞാൻ കണ്ടിട്ടുള്ള സകലരേയുംകാൾ യഥാർത്ഥമായ ആനന്ദം അനുഭവിക്കുന്നവരാണു്. ഇതിൽ ഞാൻ അതിയായി വിസ്മയിക്കുകതന്നെ ചെയ്തു. ദൈവത്തോടുള്ള കരൾകുറിയകൃതജ്ഞത, ആന്തരികവും അലൗകികവുമായ കാര്യങ്ങളിലുള്ള അതിവശ്രദ്ധ, കലർപ്പ കലരാത്ത സന്തോഷം ഇവയെല്ലാം അവരുടെ ജീവിതത്തിലെ ഏതാനും പ്രത്യേകതകൾ മാത്രമാണു്. എൻെറ ചെറുപ്പത്തിൽ ഞാൻ അവരെപ്പററി കേട്ടിരുന്നതും യാഥാർത്ഥ്യവും തമ്മിൽ എന്തൊരന്തരം!

എൻെറ ഭാര്യ ഹൈസ്കൂൾക്ലാസ്സുകളിലെ പെൺകുട്ടികളെ സംഗീതം അഭ്യസിപ്പിച്ചുകൊണ്ടു ആ കന്യാസ്ത്രീകളോടുകൂടി വളരെ നാൾ താമസിച്ചിട്ടുണ്ടു്. ഞങ്ങളിരുവരുടേയും ഈ സമ്പർക്കത്തിൽനിന്നും, സന്യാസസഭാംഗങ്ങളോടു് സർവതും പരിത്യജിക്കുന്നതിനാവശ്യപ്പെടുന്ന സഭാമാതാവിൻെറ ബുദ്ധിവിശേഷതയുടെ മറെറാരു വശവും ഗ്രഹിക്കുവാൻ എനിക്കു കഴിഞ്ഞു. ഈ സർവസംഗപരിത്യാഗത്തിനു അവർക്കു് ലഭിക്കുന്നതു് അസാധാരണമായ അനുഗ്രഹങ്ങളത്രേ. എൻെറ പ്രഥമദിവ്യകാരുണ്യസ്വീകരണം അവരുടെ മഠം വക കപ്പേളയിൽ ആഘോഷസമന്വിതം നടത്തുന്നതിനുള്ള സകല സൗകര്യങ്ങളും അവർ ചെയ്തുതന്നു ഈ സംഗതി അവരുടെ ദയയും ഔദാര്യവും എൻെറ മനസ്സിൽ വേരൂന്നുന്നതിനിടയാക്കി!

ഇനിയുമുണ്ടു്, എൻെറ പുനരൈക്യത്തിനു വളംവച്ച പല സംഗതികളും. അവയിൽ ഏററം പ്രധാനമായതു് കത്തോലിക്കാസാഹിത്യമാണു്. ഗിബൺസിൻെറ "The Faith of Our Fathers", ഫുൾട്ടൻ ഷീനിൻെറ "Lift Up Your Heart" തോമസ് മെർട്ടൻെറ "Seeds of Contemplation" എന്നീ ഉൽകൃഷ്ടഗ്രന്ഥങ്ങൾ കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളുടെ ഉള്ളറകളിലേക്കു കടന്നുചെല്ലുന്നതിനു് എന്നെ സഹായിച്ചു. ആദ്ധ്യാത്മികരൂപീകരണത്തിനുതകുന്ന നൂറുനൂറു മാർഗ്ഗങ്ങളെ ഈ ഗ്രന്ഥങ്ങൾ തുറന്നുകാണിക്കുന്നു എൻെറ ജീവിതദശയിൽ ഒരു പുതിയ ലോകത്തെ, എനിക്കു് ഏററം സംതൃപ്തി നൽകിയ ഒരു പുതിയ ലോകത്തെയത്രേ ഞാൻ അവയിൽ ദർശിച്ചതു്. അതുകൊണ്ടു് ഞാൻ ആ മഹാന്മാരുടെ തത്വശാസ്ത്രങ്ങളെ ഉദ്ധരിക്കുവാൻ തുടങ്ങി. എന്താണു് ചെയ്യുന്നതെന്നുള്ള പരിപൂർണ്ണബോധ്യം എനിക്കുണ്ടായിരുന്നു.

ആയിടയ്ക്കു് എൻെറ അന്തഃകരണം എന്നെ കുററപ്പെടുത്തുവാൻ തുടങ്ങി. കാരണം, ഞാൻ പ്രസ്തുതഗ്രന്ഥങ്ങളിൽനിന്നും ആശയങ്ങളെടുത്തു കൈകാര്യം ചെയ്തിരുന്നു. അതേസമയം, ദൈവനിവേശിതമായ അവയുടെ ഉത്ഭവത്തെപ്പററി ഞാൻ മൗനം ദീക്ഷിക്കുകയും ചെയ്തു. എൻെറ ഈ

---

ലും അദ്ദേഹത്തിൻെറ ഭാഷാനിപുണത മുററിനില്ക്കുന്നതു കാണാം. ഈ പുസ്തകം അദ്ദേഹത്തിൻെറ സ്വന്തകൃതിതന്നെയാണു്. അളന്നു തിട്ടപ്പെടുത്തി തേച്ചുമിനുക്കി കോട്ടവും വാട്ടവുംനീക്കി വെടിപ്പുവരുത്തിയ കൊച്ചുകൊച്ചു വാചകങ്ങളിലാണു് ഇതു വിരചിതമായിരിക്കുന്നതു്. ഇതിലെ ഉള്ളടക്കം ആസ്വദിച്ചറിയേണ്ടതുതന്നെയെന്നുമാത്രമേ പറയുന്നുള്ളു.

കുഞ്ഞുങ്ങളേ, എന്നു വിളിച്ചു് അവരെ അരികത്തു നിറുത്തിക്കൊണ്ടു് വിശുദ്ധിയുടെ വിശിഷ്ടതയേയും അതു പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തേയും ഗ്രന്ഥകർത്താവു് അവർക്കു കാണിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. അനവധി ചരിത്രസംഭവങ്ങളും അനേകവിശുദ്ധരുടെ കഥകളും ചേർത്തു ഇതിനെ പുഷ്ടിപ്പെടുത്തിയിട്ടുമുണ്ടു്. അദ്ധ്യാപകർക്കും പ്രാസംഗികന്മാർക്കും ഏററം കൂടുതലായി മാതാപിതാക്കന്മാർക്കും ഇതു് ഉപകരിക്കും. കുട്ടികൾക്കു സമ്മാനദാനത്തിനു് ഏററം പററിയ ഒരു ഗ്രന്ഥതല്ലജമാണിതു്. ഈദൃശഗ്രന്ഥങ്ങൾ അനുഭവസമ്പന്നന്മാർക്കും പക്വമതികൾക്കും ഭാഷാവിദഗ്ദ്ധന്മാർക്കും ലോകോപകാരികൾക്കും മാത്രമേ രചിക്കുവാൻ കഴിയൂ. വായനശാലകളിലും ഭവനങ്ങളിലും ഇതിൻെറ ഓരോ പ്രതി ഒരു ഭൂഷണമായിരിക്കും.

(F. T. K.)




## ചുമയുടെ ഉത്ഭവം

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു് നിരാശരായിത്തീന്നിട്ടുള്ളവർ, ചുമയുടെ ഉത്ഭവം എപ്രകാരമാണെന്നു് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനംകുറഞ്ഞോ, അല്ലാപ്പമായോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിതുടങ്ങുന്നതുമുതൽ (മലബന്ധമൊ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കടലുകളിൽകൂടി മന്ദം മന്ദം കീഴ്പോട്ടിറങ്ങി മലദ്വാരം വഴി സദാപി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിൻെറ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണു്. ദേഹമാസകലം സഞ്ചരിക്കുമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിന്നുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയർവീക്കൽ" എന്നും, "ഗ്യാസ്ട്രബ്ൾ" എന്നും മററും പറയുന്നു. പ്രകൃത്യാതന്നെ ലഘുവും, ഇളകുന്ന സ്വഭാവത്തോടുകൂടിയതുമായ വായു ചൂടുപിടിക്കപ്പെടുംതോറും പൂർവ്വാധികം വേഗത്തിൽ സഞ്ചരിക്കാവുന്നതുപോലെ, ഉദരത്തിന്നുള്ളിൽ കെട്ടിനില്ക്കുമൂലം പിന്നെയും പിന്നെയും ദുഷിക്കുകയും, ചൂടുപിടിക്കപ്പെടുകയും, ഘനംകുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന വായുവിൻെറ, ഉദരത്തിങ്കൽനിന്നു് അതിവേഗത്തിലുള്ള ഒരുതരം ഊർദ്ധ്വഗമനത്തെയാണു് "വരട്ടുചുമ" എന്നും, "വായുകത്തിച്ചുമ" എന്നും, "കഫമില്ലാത്തതരം ചുമ" എന്നും "എക്കിൾ" എന്നും മററും പറയുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ ഉഷ്ണാധികൃത്താലോ, നീർവീഴ്ച, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, മൂത്രാധിക്യം മുതലായ രോഗങ്ങൾകൊണ്ടോ മറേറാ കഫത്തിനും ധാതുക്കൾക്കും ക്ഷയം സംഭവിക്കുന്നതിന്നിടവരുമ്പോഴും (ദേഹം മെലിയുമ്പോഴും) വാത-വായു-കോപത്താലുണ്ടാവുന്നതരം (കഫമില്ലാത്തതരം) ചുമ പിടിപെടുന്നതാണു്.

## പ്രതിവിധികൾ

വായുവിനേയും ചൂടിനേയും വർദ്ധിപ്പിക്കുന്നവകളായ എരുവു്, കയ്പു്, ചവർപ്പു്, പുളി എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, കടല, പയറു്, മോതു് മുതലായ രൂക്ഷദ്രവ്യങ്ങളേയും, യഥാസമയങ്ങളിൽ ഭക്ഷണം കഴിയ്ക്കാതിരിക്കുക, ഉറക്കമൊഴിക്കുക, അമിതമായി സംസാരിക്കുക, കോപിക്കുക (ദ്വേഷ്യപ്പെടുക) വഴിനടക്കുക, മുറുക്കുക, പുകവലിക്കുക മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,

കടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിന്നുള്ളിൽ തടസ്സപ്പെട്ടുനില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിന്നും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനെ) വർദ്ധിപ്പിക്കുന്നതിന്നും, വർദ്ധിച്ചിരിക്കുന്ന വാതപിത്തങ്ങളെ (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിന്നും കഴിവുള്ള ഔഷധങ്ങളാകുന്ന ദ്രാക്ഷാഘൃതം യുക്തമെന്നു് തോന്നുന്നമാത്രയിൽ സേവിക്കുകയും, ശാരിബാദതൈലം രണ്ടോ, രണ്ടരയോ ഔൺസ്‌വീതം ആദ്യത്തെ നാലഞ്ചുദിവസംവരെ കഴുത്തിനു് കീഴ്പ്പോട്ടുമാത്രവും, പിന്നീടു് തലയിലും (ദേഹമാസകലവും) തേച്ചു് ഒന്നോ ഒന്നരയോ മണിക്കൂർ കഴിഞ്ഞശേഷം ദേഹത്തിൽനിന്നു് മെഴുക്കമയം അധികമായി നഷ്ടപ്പെടാത്തവിധത്തിൽ കുളിക്കുകയും ചെയ്യുന്നതായാൽ "കഫമില്ലാത്തതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ ച്ചെയടപ്പു്, നെഞ്ചുവേദന, പള്ളവേദന, പനി, മൂത്രാധിക്യം, തൊണ്ടവരൾച്ച, അഗ്നിമാന്ദ്യം, അരുചി, ഉറക്കക്കുറവു് മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിനു് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷദൃഷ്ടാന്തമാണു്. "കഫംവരുന്നതരം ചുമ" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമുള്ളതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണു്.

ദ്രാക്ഷാഘൃതം 5/8 (അരയൊരക്കാൽ) റാ കുപ്പി 1ക്കു് 4-0-0
ശാരിബാദതൈലം 19 ഔൺസ് കുപ്പി 1ക്കു് 3-0-0

9-6-0 ന്നുള്ളർ അയക്കുന്നവർക്കു് ഉപയോഗക്രമങ്ങളടക്കം ടി ഔഷധങ്ങൾ രണ്ടും റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചു് കൊടുക്കുന്നതാണു്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, പാലക്കാട്ടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**

ആദ്ധ്യാത്മികവീഥി

# പശ്ചാത്താപം

(തുടർച്ച)

**ശിക്ഷയെക്കുറിച്ചുള്ളഭയം**

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവത്തോടുള്ള നമ്മുടെ കടപ്പാടിനേയുംതന്മൂലം അവിടുത്തെ ഹിതത്തിനു വിരോധമായുള്ള നമ്മുടെ പ്രവൃത്തികളാൽ അഥവാ പാപത്താൽ നാം അവിടുത്തേക്കു ഉളവാക്കുന്ന നീരസത്തേയും കുറിച്ചുള്ള ചിന്ത പശ്ചാത്താപത്തിനു നമ്മെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം പാപത്തിനു ശിക്ഷയായി ദൈവം നിശ്ചയിച്ചിരിക്കുന്ന കഠിനയാതനകളെങ്കിലും മനസ്താപത്തിനു നമുക്കു പ്രേരണ നൽകേണ്ടതാണ്.

മനുഷ്യസ്വഭാവം നല്ലവണ്ണം അറിയാവുന്ന എല്ലാ നിയമദാതാക്കന്മാരും നിയമം നൽകുന്നതോടുകൂടിത്തന്നെ അതിനെ ലംഘിച്ചാൽ ഉണ്ടാകുന്ന ശിക്ഷയും അറിയിക്കാറുണ്ട്. ദൈവം നമ്മുടെ ആദിപിതാവായ ആദത്തോടു പറുദീസായിലെ ഒരു വൃക്ഷത്തിന്റെ കനി പറിച്ചുതിന്നരുതെന്നു കല്പിച്ചതോടുകൂടിത്തന്നെ, ആ കല്പന ലംഘിക്കുന്ന പക്ഷം നിശ്ചയമായും മരിക്കുമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. ആദം കല്പനലംഘിച്ചു കനി പറിച്ചുതിന്നു അദ്ദേഹത്തിന്റെ ശാരീരികമരണത്തിനു മാത്രമല്ല, ആത്മീയമരണത്തിനും വിധേയനായി, മനുഷ്യകുലത്തെ മുഴുവനും അധഃപതിപ്പിച്ചു ദൈവപ്രസാദവരവും സ്വർഗ്ഗരാജ്യത്തിനുള്ള അവകാശവും നഷ്ടപ്പെടുത്തി. പരിശുദ്ധ കന്യകമറിയമൊഴികെയുള്ള സകല മനുഷ്യരും ഉത്ഭവപാപത്തോടുകൂടി പിശാചിന്നടിമയായി ജനിക്കുന്നതിനു ഇടയാക്കി.

തനിക്കും തന്റെ സന്തതികൾക്കും അനുഭവപ്പെട്ട ശിക്ഷ ആദത്തിന്റെ കണ്ണുതുറന്നു. അദ്ദേഹം ഹൃദയപൂർവ്വം മനസ്താപപ്പെട്ടു പാപപ്പൊറുതി സ്വീകരിച്ചു എന്നാണു പാരമ്പര്യം വിശ്വസിച്ചുവരുന്നത്.

എന്തെങ്കിലും കുറ്റം ചെയ്ത ഒരു കുട്ടിയെ വിളിച്ചു വിവരം ചോദിച്ചാൽ ആദ്യം അവൻ മാപ്പുചോദിക്കാനോ ഒഴികഴിവു പറയാനോ ശ്രമിക്കുമെന്നിരുന്നാലും രക്ഷപെടാൻ മാർഗ്ഗമില്ലെന്നും ശിക്ഷ നിശ്ചയമായും കിട്ടുമെന്നും ബോദ്ധ്യം വരുമ്പോൾ കരഞ്ഞുതുടങ്ങുകയും കുറ്റം സമ്മതിച്ചു ക്ഷമാപണം ചെയ്യുകയും ചെയ്യുന്നതു നാം കണ്ടിട്ടുണ്ടല്ലോ. അടി പേടിച്ചാണെങ്കിലും യഥാർത്ഥമായ അനുതാപമുണ്ടെന്നു കാണുന്നപക്ഷം അവനെ തല്ലാതെ വിടുകയോ നിസ്സാരമായ വല്ല ശിക്ഷ മാത്രം കൊടുത്തുവിടുകയോ നാം ചെയ്യാറുണ്ട്.

ദൈവം നമ്മുടെ സകല പ്രവൃത്തികളേയും അവയുടെ ഉദ്ദേശങ്ങളേയും എല്ലാം നല്ലവണ്ണം കാണുന്നുണ്ടെന്നു നമുക്കറിയാം. അവിടുത്തെപക്കൽനിന്നു യാതൊന്നും മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. ആ സ്ഥിതിക്കു ഒഴികഴിവു പറഞ്ഞു രക്ഷപെടുവാൻ ആലോചിക്കയേ വേണ്ട. നമ്മുടെ കഠിനപാപം അർഹിക്കുന്ന ശിക്ഷ കിട്ടാതിരിക്കുന്നതിനു ഒരൊറ്റ മാർഗ്ഗമേയുള്ളൂ. വിനീതമായി അനുതാപം പറഞ്ഞുകൊണ്ടു പശ്ചാത്തപിക്കുക. നാം തന്നെ നമ്മുടെ കുട്ടികളെ സംബന്ധിച്ചു ചെയ്യാറുള്ളതുപോലെ, നമ്മുടെ പശ്ചാത്താപത്തിന്റെ തീവ്രതയുടെ കൂടുതൽ കുറവനുസരിച്ചു നമ്മുടെ സ്വർഗ്ഗീയപിതാവു പൂർണ്ണമായോ ഭാഗികമായോ നമ്മെ ശിക്ഷാവിമുക്തരാക്കും.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

---

നിഷ്പക്ഷതമൂലം, "എന്നോടുകൂടിയല്ലാത്തവൻ എനിക്കെതിരാകുന്നു" എന്നുള്ള ക്രിസ്തുവിന്റെ പ്രബോധനം എന്റെ മനസ്സിൽ ഉദിച്ചപ്പോഴെല്ലാം അവയുടെ ആസ്വാദ്യത എനിക്കു നഷ്ടപ്പെടുകയാണുണ്ടായത്. ലൗകായതികരുടേയും നാസ്തികരുടേയും ജീവിതത്തിലേക്കു ഞാൻ കണ്ണോടിച്ചു. പരിഭാഷാനുസാരേണ, എന്റെ ജീവിതവും അത്തരക്കാരുടേതിനോടു കൈകോർത്തു നില്ക്കുന്നു എന്നുകണ്ടു ഞാൻ അതിയായി ലജ്ജിച്ചു. അപ്രതിപാദനീയമായ എന്റെ ഈ നിലപാടായിരുന്നു പരസ്യമായും സൂക്ഷ്മമായും ക്രിസ്തുവിന്റെ സഭയെ ആശ്ലേഷിക്കുന്നതിനു എനിക്കു പ്രചോദനമരുളിയ മറെറാരു ശക്തിവിശേഷം.

മാതൃസഭയുമായി രമ്യപ്പെട്ടു രക്ഷയുടെ മാമ്മോദീസാ സ്വീകരിക്കുവാൻ പള്ളിയിലെ അഴിക്കാലിനു സമീപേ ഞാൻ മുട്ടുകുത്തി. ആ സമയത്തു സഭാപ്രവേശനത്തിനുറപ്പുനൽകിക്കൊണ്ടു ഫാദർ ബെവ്ളിംഗ് സി. എസ്. പി. പറഞ്ഞ വാക്കുകൾ പ്രത്യേകം

---

വി. റീത്താ പുണ്യവതിയുടേയും വി. വിൻസെന്റു ഡി പോൾ പുണ്യവാന്റേയും മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എൻ. വി. കുര്യാക്കോസ്
കല്ലൂർക്കാട്

---

ശ്രദ്ധാർഹമാണ്. "നവീകരണകാലത്തു പ്രോട്ടസ്റ്റൻറുവിഭാഗക്കാർ മാതൃസഭയെ പരിത്യജിച്ചു. എന്നാൽ സഭയിലെ സുന്ദരമായ ഏതാനും തത്വസംഹിതകൾ അവർ കൂടെ കൊണ്ടുപോയി. ഇതുവരെ അവയിൽ ചിലതിനെ നിങ്ങൾ അറിഞ്ഞിരുന്നു. ആ അർത്ഥത്തിൽ നിങ്ങൾ സത്യസഭയോടുകൂടിത്തന്നെയായിരുന്നു. എന്നാൽഇപ്പോളിതാ, നിങ്ങൾമാതൃസഭയിലേക്കു, പിതാക്കന്മാരുടെ വിശ്വാസത്തിലേക്കു പിന്തിരിഞ്ഞിരിക്കുന്നു. ഇനി മേലിൽ സുന്ദരമായ ആ സത്യങ്ങളെ, അവ എക്കാലത്തും ആയിരുന്നതുപോലെ, ക്രിസ്തു അവയെ സഭയ്ക്കു നൽകിയതുപോലെ, യാതൊരു മാററവും കൂടാതെ അവയുടെ തനിനിറത്തിൽ നിങ്ങൾക്കു ദർശിക്കുവാൻ കഴിയും."

## ഇടവക വാർത്തകൾ

**പൂനാ:** സ്ഥലത്തെ കേരളകത്തോലിക്കാസമാജത്തിന്റെ ഒരു യോഗം ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ നിര്യാണത്തിൽ അനുശോചിക്കുന്നതിന് റവ മാത്യു മുഴിയിൽ എസ് ജെ അവർകളുടെ അദ്ധ്യക്ഷതയിൽ സെൻറ് പാട്രിക്ക് സ്കൂളിൽ വച്ചു കൂടി. ഷെവലിയർ അവർകൾ അനുഷ്ഠിച്ചിട്ടുള്ള മഹനീയ സേവനങ്ങളെ അനുസ്മരിച്ചു അദ്ധ്യക്ഷൻ പ്രസംഗിച്ചു അനുശോചനപ്രമേയം സമാജംപ്രസിഡൻറ് ശ്രീ കെ സി മാണി ബി എ അവതരിപ്പിച്ചുപാസ്സാക്കുകയും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയുംചെയ്തു ശ്രീ കെ സി മാണി, ഈയിടെ പാററ്നായിൽ ചില ആര്യസമാജക്കാർ നടത്തിയ നീചവും ദൈവദ്രോഹപരവുമായ അധർമ്മത്തെ പരാമർശിച്ചു പ്രസംഗിച്ചു യോഗാവസാനത്തിൽ എല്ലാവരും കത്തീഡ്രൽദേവാലയത്തിൽ പരിഹാരപ്രാർത്ഥന നടത്തുകയും ചെയ്തു.

---

പരിശുദ്ധ കന്യകാംബികയുടെയും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി യൂദാതദേവൂസ് ശ്ലീഹായുടെയും സഹായത്താൽ വളരെ വിലയേറിയ ഒരു കാര്യം സാധിച്ചതിനു കൃതജ്ഞത.

പി. റി ബാപ്പു, നസ്രത്തു

---

**കപ്പാട്:** ഈ ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗ് മിഷൻഞായർ പൂർവ്വാധികം ആഡംബരങ്ങളോടുകൂടി കൊണ്ടാടിയിരിക്കുന്നു. ഉച്ചകഴിഞ്ഞു രണ്ടു മണിക്കു മിഷൻറാലിയും തുടർന്നു പൊതുയോഗവുമുണ്ടായിരുന്നു. റവ ഫാദർ എബ്രാഹം മൂങ്ങാമാക്കൽ ബി എ എൽ ടി ആദ്ധ്യക്ഷംവഹിച്ചു. മെ: ആൻഡ്രൂസ് കോട്ടിരി എം എ, വറുഗീസ് പുത്തൻപറമ്പിൽ, കെ എസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങളുമുണ്ടായിരുന്നു. കൂടാതെ ബീഹാറിൽ വർദ്ധമാൻനഗരിൽ നടന്ന മതമർദ്ദനത്തെ പ്രതിഷേധിച്ചു ഒരു പ്രമേയം പാസാക്കുകയും, അതിന്റെ കോപ്പികൾ ബീഹാർ സംസ്ഥാനഗവമെൻറിനും, ഇന്ത്യൻ പ്രസിഡൻറിനും, നെഹ്റുവിനും അയച്ചുകൊടുക്കുകയുംചെയ്തു.

**വാഴൂർ:** സ്ഥലം ചെങ്കൽപള്ളിമൈതാനത്തുവച്ചു ഒക്ടോബർ 30-ാംനു മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുസമ്മേളനം നടന്നു. യോഗത്തിൽ റവ ഫാദർ പി ടി മാത്യു വാക്കാട്ടുതറയിൽ എം എ ബി എൽ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ സി കെ ജോൺ ബി എ ബി കോം, ബ്രദർ പി സി അബ്രാഹം എന്നിവർ പ്രസംഗിച്ചു ബീഹാറിൽ നടന്ന മതമർദ്ദനത്തെ പ്രതിഷേധിക്കുകയും, ശ്രീ തയ്യിൽ കുഞ്ഞിത്തൊമ്മന്റെ നിര്യാണത്തിൽ അനുശോചിക്കുകയും ചെയ്യുന്ന പ്രമേയങ്ങൾ യോഗം പാസ്സാക്കി. യോഗത്തിനുശേഷം "ഇർക്കവിച്ചാബ് ജോൺ" എന്ന പ്രഹസനം ലീഗംഗങ്ങൾ അഭിനയിച്ചു.

**വരാപ്പുഴ:** സ്ഥലം ക്രിസ്തുരാജദേവാലയത്തിലെ രാജത്വതിരുനാൾ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. ആ ദിവസമായ 26-ാംനു വികാരി റവ ഫാദർ പോൾ അട്ടിപ്പേറ്റി പതാക ആശീർവ്വദിച്ചു തുടർന്നു റവ ഫാദർ ജോസഫ് പാറാപ്പള്ളി, റവ ഫാദർ ബെനാറു ഡി ഒ സി ഡി റവ ഫാദർ ജോർജ് നമ്പ്യാപറമ്പിൽ, റവ ഫാദർ ജോർജ് മൈക്കുടൻ ബി എ എന്നിവർ ഓരോദിവസവും യഥാക്രമം പ്രസംഗിച്ചു. സമാപനദിനമായ ഞായറാഴ്ച ആഘോഷമായ പാട്ടുകുർബാനമദ്ധ്യേ റവ ഫാദർ ഫ്രാൻസീസ് പയ്യപ്പിള്ളി ബി എ (കാമണേഴ്സ്) പ്രസംഗിച്ചു. ഉച്ചകഴിഞ്ഞു മൂന്നുമണിയോടുകൂടി പരിസരപ്രദേശങ്ങളിലുള്ള 10 ഇടവകകളിൽനിന്നും ആയിരക്കണക്കിനു ജനാവലി ഘോഷയാത്രയായി ക്രിസ്തുരാജദേവാലയാങ്കണത്തിൽ എത്തിച്ചേർന്നു. നാലുമണിക്കു മഞ്ഞുമ്മൽ സന്യാസാശ്രമങ്ങളുടെ പ്രൊവിൻഷ്യൽ വെരി റവ ഫാദർ ബനവഞ്ചർ ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. ശ്രീ പി ജെ സെബാസ്റ്റ്യൻ എം എ പ്രസംഗിച്ചു പരിശുദ്ധ കുർബാനയുടെ ആശീർവ്വാദത്തോടുകൂടി ചടങ്ങുകൾ മംഗളമായി പര്യവസാനിച്ചു മഞ്ഞുമ്മൽ അമ്പലത്തുംപറമ്പിൽ ബാവ റപ്പേൽ അവർകളായിരുന്നു തിരുനാൾ പ്രസുദേന്തി. തിരുനാൾ അവസരത്തിൽ ഒരു ഹൈന്ദവസ്ത്രീയാൽ ദേവാലയത്തിനു സംഭാവനചെയ്യപ്പെട്ട ക്രിസ്തുരാജപ്രതിമ ആദ്യദിവസംതന്നെ വരാപ്പുഴ പള്ളിവികാരി റവ ഫാദർ ഏഞ്ചൽമേരി ഒ സി ഡി വെഞ്ചരിക്കുകയുണ്ടായി.

**ഒല്ലൂർ:** സ്ഥലം കത്തോലിക്കാകോൺഗ്രസ്സ് ശാഖയുടെ 15-ാം വാർഷികവും ക്രിസ്തുരാജദിനവും വെരി റവ ഫാദർ പ്രൊവിൻഷ്യാൾ ക്ലമൻറ് ടി ഒ സി ഡി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ കെ എം ജോസഫ് ബി എ ബി എൽ. ശ്രീമതി ത്രേസ്യാക്കുട്ടി ആലപ്പാട്ട് ബി എ എന്നിവർ പ്രസംഗിച്ചു സമ്മേളനത്തിൽ തൃശൂർ സെൻറു മേരീസ് ഓർഫനേജുകാരുടെ ഓർക്കസ്ട്രായും റവ ഫാദർ എയ്മാർഡിന്റെ "സ്നേഹദാഹം" എന്ന കഥാപ്രസംഗവുമുണ്ടായിരുന്നു. ഷെവലിയർ തയ്യിൽകുഞ്ഞിത്തൊമ്മൻ അവർകളുടെ നിര്യാണത്തിൽ അനുശോചിച്ചും, സംസ്ഥാനപുനഃസംഘടനാകമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള കേരളസംസ്ഥാനരൂപീകരണത്തെ സ്വാഗതം ചെയ്തും, ബീഹാർസംഭവത്തിൽ പ്രതിഷേധിച്ചും, ഇന്ത്യയിലെ വിദേശമിഷനറിപ്രവർത്തനത്തിനെതിരായി സ്വീകരിക്കപ്പെട്ടിട്ടുള്ള നിയന്ത്രണനടപടികളിൽ പ്രതിഷേധിച്ചും പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

**ചിററൂർ:** സ്ഥലം പള്ളിയിൽ സമാരംഭിക്കപ്പെട്ട സൊഡാലിററിസംഘടനയുടെ ഉൽഘാടനമഹവും, രാജത്വതിരുനാളും സംബന്ധിച്ചു ഒരു പൊതുസമ്മേളനം സ്കൂൾഹാളിൽവച്ചു നടത്തപ്പെട്ടു. റവ ഫാദർ പോൾ കാവൽകാട്ട് ഉൽഘാടനകർമ്മം നിർവ്വഹിച്ചു പൊതുസമ്മേളനത്തിൽ ശ്രീ തോമസ് മാത്യു കണ്ടിരിക്കൽ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ കെ എ പിററർ, ശ്രീ കെ എം ജയിംസ് എന്നിവർ പ്രസംഗിച്ചു കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**കല്ലറിക്കൽ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന "സത്യാരാധനസഖ്യ"ത്തിന്റെ ഒന്നാം വാർഷികം ഒക്: 30-ാംനു ഞായറാഴ്ച മരിയൻ സൊഡാലിററിയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ടു. പൊതുയോഗത്തിൽ റവ. ഫാ. ജയിംസ്. വെമ്പിള്ളി M. A. L Ph; L D. അദ്ധ്യക്ഷത വഹിക്കുകയും മെ: N. V. മാത്യു B. A; വിദ്വാൻ P. J. ജോസഫ് B. A എന്നിവർ പ്രസംഗിക്കുകയും ചെയ്തു. യോഗാനന്തരം മെ: A. D. സെബാസ്റ്റ്യൻ & പാർട്ടിയുടെ "കണ്ണുനീർ" എന്ന കഥാപ്രസംഗവും ഉണ്ടായിരുന്നു.

**കൂത്താട്ടുകുളം:** സ്ഥലം പട്ടണത്തിൽ പണിതീർന്നിട്ടുള്ള കർമ്മലീത്താ ആശ്രമവും ദേവാലയവും പാലാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു വെഞ്ചരിച്ചു ഉൽഘാടനംചെയ്തിരിക്കുന്നു. സമീപത്തുള്ള പള്ളിക്കാരുൾപ്പെടെ7000 ത്തോളം ആളുകൾ ചടങ്ങുകളിൽ സംബന്ധിച്ചു. മെത്രാനച്ചൻതിരുമേനി കർമ്മലീത്താവൈദികരെ ശ്ലാഘിച്ചും ഒരു യാക്കോബായ കേന്ദ്രമായ കൂത്താട്ടുകുളത്തെ അകത്തോലിക്കാസഹോദരന്മാരെ പുനരൈക്യത്തിനു ശക്തിയുക്തം ഉൽബോധിപ്പിച്ചും ഒരു പ്രസംഗം നടത്തി ദേവാലയഗോപുരത്തിൽവച്ചു നടത്തിയ പരിശുദ്ധ കുർബാനയുടെ വാഴ്വിനുശേഷം ഫാദർ ഫ്രാൻസീസ് സെയിൽസ് എം. എ., മാത്യു ഉലകംതറ എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ബെർണ്ണാർദ്ദ് സി. ഡി. അവർകളാണു പുതിയ ആശ്രമത്തിന്റെ സുപ്പീരിയർ.

**ചുള്ളിക്കൽ:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന മിഷ്യൻലീഗു ശാഖകളുടെ ആഭിമുഖ്യത്തിൽ മിഷ്യൻസൺഡേ വമ്പിച്ചതോതിൽ നടത്തപ്പെട്ടു. പള്ളിയങ്കണത്തിൽ കൂടിയ പൊതുയോഗത്തിൽ കൊച്ചി രൂപതാചാൻസലർ റവ. ഫാ. സേവ്യർ ചുള്ളിക്കൽ അദ്ധ്യക്ഷത വഹിച്ചു റവ. ഫാ. മാത്യു കോതകത്തു സദസ്സിനു സ്വാഗതം പറഞ്ഞു. ശ്രീമാന്മാർ സി. എ. ജോസഫ്, ജോർജ്ജ് ഇടമറാം ബി. എ. ബി. എൽ. (വൈക്കം) എന്നിവർ ഓരോ പ്രസംഗം ചെയ്തു.

**നെയ്യശ്ശേരി:** ഈ ഇടവകയിലെ വാർഷികധ്യാനം കഴിഞ്ഞ 23-ാംനു മുതൽ റവ ഫാദർ ജോർജ് കൊച്ചുപറമ്പിൽ അവർകളുടെ നേതൃത്വത്തിൽ നടന്നിരിക്കുന്നു. ധ്യാനദിവസങ്ങളിൽ വിൻസെൻറു ഡി പോൾ സഖ്യാംഗങ്ങൾ സാധുക്കൾക്കു ഉച്ചഭക്ഷണം തയാറാക്കികൊടുത്തു. 500-ൽപ്പരം സാധുക്കൾ അതിൽ സംബന്ധിച്ചു.

**മൂഴൂർ:** വർദ്ധമാനനഗരിൽ നടന്ന നീചവും നിന്ദ്യവുമായ മതമർദ്ദനത്തെ പ്രതിഷേധിച്ചു മൂഴൂർ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 6-ാംനു ഞായറാഴ്ച ശ്രീ എം ജെ തോമസിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി പ്രതിഷേധപ്രമേയം പാസ്സാക്കുകയുണ്ടായി.

—ഠ—



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ ERNAKULAM, NOVEMBER 16 ‖ No. 15


## ലോകസമാധാനം

ലോകസമാധാനം സംസ്ഥാപിക്കുന്നതിനു് വൻകിടരാഷ്ട്രശക്തികളുടെ പരിശ്രമം മിക്കവാറും പരാജയമടഞ്ഞുവെന്നാണു് വലിയ പ്രതീക്ഷകളോടുകൂടി ജനീവായിൽ ഈയിടെ സമ്മേളിച്ച വിദേശമന്ത്രിമാരുടെ കോൺഫറൻസിനെപ്പററിയുള്ള റിപ്പോർട്ടുകൾകൊണ്ടു ലോകം മനസ്സിലാക്കുന്നതു്. ശീതസമരം മൂർദ്ധന്യത്തെ പ്രാപിച്ചിരുന്ന അവസരത്തിലാണു് കഴിഞ്ഞ ജൂലൈമാസത്തിൽ ജനീവായിൽവച്ചു് മഹച്ഛക്തിപ്രധാനമന്ത്രിമാരുടെ ഉന്നതതലകോൺഫറൻസ് നടത്തപ്പെട്ടതു്. പാശ്ചാത്യശക്തികളും പൗരസ്ത്യശക്തികളും തമ്മിൽ സഹവർത്തിത്വാടിസ്ഥാനത്തിൽ ഒരു ഒത്തുതീർപ്പുണ്ടാകുമെന്നും അതുവഴി ലോകസമാധാനം കൈവരുമെന്നും ലോകം പ്രതീക്ഷിച്ചു. എങ്കിലും ചർച്ചകളിലേക്കു കടന്നപ്പോൾ രാജ്യവും രാജ്യവും തമ്മിലുള്ള ആദർശവൈരുദ്ധ്യങ്ങൾ തെളിഞ്ഞുവരികയും അവയെ നീക്കുന്നതിനുള്ള സഹകരണമനോഭാവം വേണ്ടത്ര ദൃശ്യമാകാതിരിക്കയുമാണുണ്ടായതു്. എങ്കിലും ഒരു സംഘട്ടനത്തിനിടയാക്കാതെയും തുടർന്നുള്ള ചർച്ചകൾക്കു വഴിതെളിച്ചും പ്രശ്നങ്ങളുടെ വിശദാംശങ്ങളെ വിദേശമന്ത്രിമാരുടെ കോൺഫറൻസിന്റെ പര്യാലോചനയ്ക്കു വിട്ടുകൊണ്ടു് ചതുശ്ശക്തിത്തലവന്മാർ രമ്യതയിൽ പിരിഞ്ഞു.

പ്രതീക്ഷകൾ വിദേശമന്ത്രിമാരുടെ ചർച്ചകളുടെ പുരോഗതിയിലേക്കു തിരിക്കപ്പെട്ടു. പൊതുവെ ശുഭാപ്തിവിശ്വാസമാണു പ്രത്യക്ഷപ്പെട്ടിരുന്നതെന്നു പറയാം. സോവ്യററ്റഷ്യയുടെ ഉദ്ദേശ്യപരിപാടികളെപ്പററി വിശദമായ അഭിപ്രായങ്ങളുള്ള അമേരിക്കൻ സ്റ്റേററ്സിക്രട്ടറി മി. ഫോസ്റ്റർ ഡള്ളസ്പോലും പ്രസ്താവിച്ചതു് ഈ കോൺഫറൻസിൽവച്ചു നേതാക്കന്മാർ കാര്യമായ എന്തെങ്കിലും തീരുമാനങ്ങളിൽ എത്തിച്ചേരുമെന്നാണു്. ഏതുവിധവും സമാധാനം കൈവരുത്തുകതന്നെ വേണമെന്നുള്ള പല്ലവി റഷ്യ പതിവുപോലെ ഉച്ചൈസ്തരം ഏററുപാടി. സോവ്യററ്യൂണിയനിൽ തത്വപ്രബോധനം നടത്തുന്ന "കമ്മ്യൂണിസ്റ്റ്" എന്ന പത്രം പറഞ്ഞതു്, സോഷ്യലിസത്തിന്റേയോ കാപ്പിററലിസത്തിന്റേയോ ഭാവി യുദ്ധംകൊണ്ടല്ല പ്രത്യുത സമാധാനപരമായ മത്സരംകൊണ്ടാണു് നിശ്ചയിക്കപ്പെടേണ്ടതെന്നു കമ്മ്യൂണിസ്റ്റുകൾക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണെന്നത്രെ. ഇററാലിയൻ കമ്മ്യൂണിസ്റ്റുപാർട്ടി ലീഡറായ സിഞ്ഞോർ പൽമിറൊ തൊഗ്ലിയാററി ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചതു്, ലോകം ഇന്നു ശ്വസിക്കുന്നതിനുള്ള വായുവിനേക്കാൾ കൂടുതലായി സമാധാനത്തെയാണു് ആവശ്യപ്പെടുന്നതു് എന്നാണു്. ഈവിധത്തിലുള്ള പ്രസ്താവനകളും പ്രഖ്യാപനങ്ങളുംവഴി സമാധാനമാർഗ്ഗംകണ്ടെത്തുവാനുള്ള മഹച്ഛക്തികളുടെ അഭിവാഞ്ഛയെ ലോകത്തെ അറിയിച്ചുകൊണ്ടാണു് വിദേശകാര്യമന്ത്രിമാർ ജനീവായിലേക്കു യാത്രയായതു്.

ഫലമോ?

നിരായുധീകരണവും ജർമ്മൻ ഏകീകരണവുമാണല്ലോ ഇന്നത്തെ പ്രമുഖപ്രശ്നങ്ങൾ. കോൺഫറൻസിന്റെ പുറത്തുവന്നിട്ടുള്ള റിപ്പോർട്ടുകളിൽനിന്നു വ്യക്തമായി കാണുവാൻ കഴിയുന്നുണ്ടു്, ഈ ദുർഘടപ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി പശ്ചിമശക്തികൾ ആത്മാർത്ഥതയോടും വിട്ടുവീഴ്ചകളോടുംകൂടി സമർപ്പിച്ച പദ്ധതികളെല്ലാം റഷ്യൻ വിദേശകാര്യമന്ത്രി എം. മൊളോട്ടോവു് എതിർക്കുകയാണു ചെയ്തിട്ടുള്ളതെന്നു്. ഓരോ രാജ്യത്തിലേയും യുദ്ധസജ്ജീകരണങ്ങളെപ്പററി വ്യോമപരിശോധനനടത്തുന്നതിനു അനുവദിക്കപ്പെടുകയാണെങ്കിൽ വഞ്ചനകൾക്കു് അവസരമുണ്ടാവുകയില്ലെന്നും ആ മാർഗ്ഗത്തിലൂടെ ആയുധീകരണത്തെ നിയന്ത്രിക്കാമെന്നും നിർദ്ദേശിക്കപ്പെട്ടതു് റഷ്യക്കു സ്വീകാര്യമായില്ല. ഒരു ഹിതപരിശോധനകൊണ്ടു് ജർമ്മൻ ജനതയുടെ അഭിലാഷം മനസ്സിലാക്കി അവരുടെ ഏകീകരണപ്രശ്നം പരിഹരിക്കാമെന്നുള്ള വാദവും റഷ്യ തിരസ്കരിച്ചു. ചുരുക്കത്തിൽ ലോകസമാധാനം കൈവരുത്തുന്നതിനുള്ള അഭിലാഷമല്ല റഷ്യക്കുള്ളതെന്നും, പ്രത്യുത സമാധാനാലോചനകളുടെ പേരിൽ പശ്ചിമശക്തികളുടെ പ്രതിസജ്ജീകരണശ്രമങ്ങളെ മന്ദീഭവിപ്പിക്കുന്നതിനും രാഷ്ട്രീയതന്ത്രങ്ങൾമൂലം എങ്ങനെയെങ്കിലും അമേരിക്കയെ പാശ്ചാത്യയൂറോപ്യൻകരയിൽനിന്നും പിരിച്ചയക്കുന്നതിനും കമ്മ്യൂണിസത്തിന്റെ പരമലക്ഷ്യമായ ലോകാധിപത്യത്തെ കൈവരുത്തുന്നതിനുള്ള കരുനീക്കങ്ങൾ കൗടില്യപൂർവ്വം നിർവ്വഹിക്കുന്നതിനും മാത്രമാണു് ഈ പ്രകടനങ്ങളെല്ലാമെന്നു ചിന്താശീലന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനു ഈ കോൺഫറൻസു നടപടികൾ സഹായിക്കുന്നുണ്ടു്.

സാർവ്വലൗകികമൈത്രിയെ കെട്ടിപ്പടുക്കുന്നതിനു ലോകജനത സ്വീകരിക്കേണ്ട നിലപാടിനെ ശക്തിയുക്തം പ്രബോധിപ്പിച്ചു് പരിശുദ്ധ മാർപ്പാപ്പാ ഒരു മാസം മുമ്പു് ഇററാലിയൻ സെൻറർ ഓഫ് സ്റ്റഡീസ് സംഘടനാപ്രതിനിധികളോടുചെയ്ത പ്രസ്താവനയിലേക്കാണു് മാന്യവായനക്കാരുടെ ശ്രദ്ധയെ ഞങ്ങൾ ഇത്തരുണത്തിൽ ക്ഷണിക്കുന്നതു്. അതിന്റെ ചുരുക്കം ഞങ്ങൾ അന്യത്ര ചേർത്തിട്ടുണ്ടു്. എല്ലാ കർത്തവ്യങ്ങളുടേയും അവകാശങ്ങളുടേയും അടിസ്ഥാനമായ സ്വാഭാവികനിയമങ്ങളെ ആദരിച്ചു പ്രവർത്തിക്കുന്നതിനുള്ള മനോഭാവമാണു് ഇക്കാര്യത്തിൽ അപരിത്യാജ്യമായിരിക്കുന്നതെന്നു് പരിശുദ്ധ പിതാവു് അതിൽ ഊന്നിപ്പറയുന്നുണ്ടു്. അതിനുവേണ്ട എല്ലാ പ്രചോദനങ്ങളും ഒത്താശകളും ചെയ്തുകൊടുക്കുന്നതിനു കത്തോലിക്കാസഭ എപ്പോഴും തയ്യാറാണു്. തിരുസഭയുടെ പ്രധാനപ്രവർത്തനങ്ങൾ ഈ വഴിക്കാണു് നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും. മുൻവിധികളേയും സ്വാർത്ഥതയേയും മാററിവച്ചിട്ടു് ലോകമഹച്ഛക്തികൾ തിരുസഭയുടെ സ്വരം ശ്രവിക്കുകയാണെങ്കിൽ ലോകസമാധാനം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിനും മാനവവംശത്തിനു സൗഭാഗ്യം കൈവരുത്തുന്നതിനും സാധിക്കാതിരിക്കയില്ല.

## പ്രസാധകക്കുറിപ്പുകൾ

### ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പരിപാടി

ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ നിലപാടിനേയും അവർ സ്വീകരിക്കേണ്ട ആദർശപരിപാടികളേയും വിശദീകരിച്ചു് കല്ക്കട്ടായിൽനിന്നും "ഏഷ്യയിലെ സ്വാതന്ത്ര്യസംരക്ഷണസംഘം" വകയായി പ്രചരിപ്പിച്ചിട്ടുള്ള ഒരു രഹസ്യപ്രസ്താവനയിൽ ഇന്ത്യൻജനത പൊതുവെ മനസ്സിലാക്കിയിരിക്കേണ്ട ചില പ്രധാനസംഗതികൾ പ്രകടമാക്കപ്പെട്ടിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുഭീഷണി ഇന്ത്യയിൽ പ്രബലപ്പെടുവാൻ പോകുന്നില്ലെന്നു ദിവാസ്വപ്നംകണ്ടു് മൂഢസ്വർഗ്ഗത്തിൽ കഴിഞ്ഞുകൂടുന്നവരെ കണ്ണുതുറപ്പിക്കുന്നതിനുള്ള ധാരാളം സൂചനകൾ അതിൽ അടങ്ങിയിട്ടുണ്ടു്. കമ്മ്യൂണിസത്തിന്റെ പ്രതീക്ഷകളെ അതു വിശദീകരിക്കുന്നതിപ്രകാരമാണു്: "കൊറിയായിലും വിയററ്നാമിലും ഇമ്പീരിയലിസത്തിനുണ്ടായിട്ടുള്ള പരാജയങ്ങൾ ഒരു ഭാഗത്തും ചൈനാ, റഷ്യ മുതലായ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് ജനവിപ്ലവങ്ങൾക്കുണ്ടായിട്ടുള്ള പ്രചാരം മറുവശത്തും ഒത്തുചേർന്നു അമേരിക്കയുടെ പ്രത്യാശകളെയെല്ലാം തകർത്തുകളയുകയും, "ലോകജനതയുടെ പകുതിഭാഗം വരുന്ന റഷ്യയും ചൈനയും ഇന്ത്യയും ചേർന്നു് ലോകത്തിന്റെ ഭാവിയെ നിർണ്ണയിക്കുകയും അതു് സോഷ്യലിസ്റ്റിക്കായിരിക്കുകയും ചെയ്യു"മെന്നുള്ള ലെനിന്റെ പഴയ പ്രവചനത്തിനു വഴിതെളിക്കുകയും ചെയ്തിരിക്കുന്നു. ഏവംവിധം ഇന്ത്യയിലെ മുതലാളിമാർ നമ്മെ പരാജയപ്പെടുത്തുകയല്ല ചെയ്തിട്ടുള്ളതു്, പ്രത്യുത നാം ഇന്ത്യയെ സോഷ്യലിസത്തിന്റെ ക്യാമ്പിലേക്കാനയിക്കുകയാണു ചെയ്തിരിക്കുന്നതു്.

"ഈ ചുററുപാടുകളിൽ നെഹ്റു റഷ്യയിലും ചൈനയിലും നടത്തിയ പര്യടനങ്ങൾ നമുക്കു വളരെയധികം സഹായകമാവുകയും, ഇന്ത്യൻരാജ്യസ്നേഹികളുടെ പഴയ കമ്മ്യൂണിസ്റ്റുവിരുദ്ധവീക്ഷണത്തെ പിന്നിലാക്കുകയും ചെയ്തിട്ടുണ്ടു്. ഇതിൽ ആഹ്ളാദിക്കുകയും അതുകൊണ്ടുമുതലെടുക്കുകയും ചെയ്യുന്നതിനുപകരം, സാഹചര്യങ്ങളെ മുഴുവനും ഗ്രഹിക്കുവാൻതക്ക ബുദ്ധിപ്രകർഷമില്ലാത്ത പാർട്ടിനേതൃത്വം അതേപ്പററി ലജ്ജിക്കുകയാണു്. ഈ അജ്ഞതകൊണ്ടുതന്നെയാണു് സെൻട്രൽകമ്മിററി, അത്യാസന്നമായിരിക്കുന്ന ബുൾഗാനിന്റേയും മററും ഇന്ത്യാസന്ദർശനത്തെപ്പററി ഭയാശങ്കകൾ പ്രകടിപ്പിക്കുന്നതും, അതു ആക്രമണോദ്യുക്തമായ കോൺഗ്രസ്നേതൃത്വം നമുക്കെതിരായി പ്രവർത്തിക്കുന്നതിനു ഒരവസരമാകുമെന്നും മററും അഭിപ്രായപ്പെടുന്നതും. ഇതു മാർക്സിസത്തിനു വിരുദ്ധവും ദുഷിച്ചതുമായ ഒരു വീക്ഷണാഗതിയാണു്. അമേരിക്കൻ ആൻറിഇമ്പീരിയലിസത്തിന്റെ ശൂചാഗ്രമായിരിക്കുന്ന മഹത്തായ റഷ്യയുടെ നേതൃത്വത്തെ ഇന്ത്യാഗവമ്മെൻറുതന്നെ ക്ഷണിച്ചിരിക്കുന്നതുകൊണ്ടു് അതിലുപരിയായി എന്താണു് നമുക്കാവശ്യമായിരിക്കുന്നതു്? കൂടാതെ, ഇന്ത്യയിലുള്ള കമ്മ്യൂണിസ്റ്റു വിരുദ്ധമനോഭാവത്തെ കുഴിച്ചുമൂടുന്നതിനും, നമ്മുടെ ഒററപ്പെട്ട നിലയെ തുടച്ചുമാററി രാജ്യത്തിലെ മുഴുവൻ ജനതയോടു് ഇടകലരുന്നതിനുള്ള സഹായഹസ്തം പ്രദാനംചെയ്യുന്നതിനും ഈ സന്ദർശനം വഴിതെളിക്കുന്നതായിരിക്കും. അതുകൊണ്ടു് ബുൾഗാനിന്റെ ഈ സന്ദർശനത്തെ ശരിക്കുപയോഗപ്പെടുത്തണമെന്നാണു് ഞങ്ങളുടെ അഭിപ്രായം." ഇന്ത്യൻ ഭരണകൂടത്തിന്റേയും പ്രമുഖനേതാക്കന്മാരുടേയും ലോകസമാധാനത്തിനും രാഷ്ട്രസഹവർത്തിത്വത്തിനുംവേണ്ടിയുള്ള പരിശ്രമങ്ങളെ കമ്മ്യൂണിസ്റ്റുകൾ എങ്ങനെ കമ്മ്യൂണിസപ്രചാരണത്തിനും അവരുടെ കൈയുറപ്പിക്കുന്നതിനും വേണ്ടി ചൂഷണംചെയ്യുന്നുവെന്നാണു് ഈ പ്രസ്താവന സ്പഷ്ടമാക്കുന്നതു്. അടിസ്ഥാനപരമായ ആദർശങ്ങളിൽ ധ്രുവാന്തരമുള്ള കക്ഷികൾ തമ്മിലുള്ള സഹകരണമനോഭാവം എങ്ങനെ വ്യഭിചരിക്കപ്പെടുമെന്നുള്ളതിനു ഒരു സൂചനയാണു് ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതു്. യൂറോപ്പിലെ സോവ്യററധീനരാജ്യങ്ങളിലോരോന്നും വേദനാപൂർവ്വം ഏററുപറയുന്ന ഒരു ചരിത്രയാഥാർത്ഥ്യത്തിന്റെ ചവിട്ടുപടിയിലാണു് ഇന്ത്യ കാലുവച്ചിരിക്കുന്നതെന്ന വസ്തുത വേണ്ടത്ര കരുതലോടെ വീക്ഷിക്കപ്പെടണമെന്നുള്ള കാര്യം ഗൗരവപൂർവ്വം പൊതുജനശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുകയാണു് ഞങ്ങൾ ചെയ്യുന്നതു്.

### പാർട്ടിക്കു സമർപ്പിക്കപ്പെടുന്ന പരിപാടി

ഇന്ത്യയിലെ രണ്ടു പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനങ്ങളേയും സെൻട്രൽകമ്മിററി അംഗീകരിക്കുന്നതിനേയും, ഇന്ത്യയുടെ ആഭ്യന്തരനയത്തിലും വിദേശനയത്തിലും പ്രേരണചെലുത്തിക്കൊണ്ടിരിക്കുന്ന കോൺഗ്രസ്സിലെ ഉൽപതിഷ്ണുക്കളെ സമാദരിക്കുന്നതിനേയും പ്രസ്താവന സ്വാഗതംചെയ്യുന്നുണ്ടു്. എന്നാൽ ഇന്ത്യൻരാഷ്ട്രീയത്തിൽ വന്നിട്ടുള്ള വലിയ വ്യതിയാനത്തേയും, ഇന്ത്യ സോഷ്യലിസ്റ്റുക്യാമ്പിലേക്കു നീങ്ങുന്നതിനുള്ള സമയം അത്യാസന്നമായിരിക്കുന്നു എന്നുള്ള വസ്തുതയേയും സെൻട്രൽകമ്മിററി മനസ്സിലാക്കി നിലവിലുള്ള ഭരണകൂടത്തെ മാററി പ്രതിഷ്ഠിക്കുന്നതിനു വേണ്ട വ്യക്തമായ പരിപാടികൾ നൽകുന്നില്ല എന്നാണു് അതിൽ പരാതിപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു കമ്മററിയുടെ അടുത്ത കോൺഫറൻസിൽ അംഗീകരിക്കപ്പെടുന്നതിനുള്ള ഒരു പരിപാടി അതു തയാറാക്കി സമർപ്പിക്കുകയാണു്:—

"1. നെഹ്റുവിന്റെ സമാധാനത്തിനുവേണ്ടിയുള്ള വിദേശനയത്തെ പാർട്ടി ശക്തിയായി പിന്താങ്ങുന്നു; അതു യഥാർത്ഥത്തിൽ ലെനിന്റെ നയംതന്നെയാണു്.


2. റഷ്യയും ചൈനയും ഇന്ത്യയും തമ്മിലുള്ള കൂടുതൽ ശക്തിമത്തായ ഐക്യത്തിനുവേണ്ടി പാർട്ടി ആഹ്വാനം ചെയ്യുന്നു; അതു ഇമ്പീരിയലിസത്തിന്റേയും അമേരിക്കൻ ഗൂഢതന്ത്രങ്ങളുടേയും അന്ത്യമായ അധഃപ്പതനമായിരിക്കും.

3. കോൺഗ്രസ്സുകാരുടെ ഇടയിലുള്ള ഇംപീരിയലിസ്റ്റ് അനുഭാവികൾക്കും വിരുദ്ധമനോഭാവക്കാർക്കും എതിരായി കോൺഗ്രസ്സിലെ പുരോഗമനവാദികളേയും നെഹ്റുവിനേയും പിന്താങ്ങുന്നതിനുകോൺഗ്രസ്സിനോടു യോജിച്ചും കോൺഗ്രസ്സിനെ ഉൾപ്പെടുത്തിയും ഒരു ദേശീയഐക്യമുന്നണി രൂപീകരിക്കണമെന്നു പാർട്ടി ആഹ്വാനം ചെയ്യുന്നു.

4. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിലുണ്ടായിട്ടുള്ള പിളർപ്പിനെ അവസരമാക്കി ആ പാർട്ടിയിലെ സുശിക്ഷിതരായ സോഷ്യൽ ഡെമോക്രാററുകളേയും കമ്മ്യൂണിസ്റ്റുവിരുദ്ധനേതാക്കന്മാരേയും പുറംതള്ളി അതിന്റെ പ്രവർത്തകവിഭാഗത്തെ മുന്നണിയിലേക്കു ആകർഷിക്കുന്നതിനു പാർട്ടി ഉററുശ്രമിക്കേണ്ടതാണു്.

5. ഇന്ത്യയിൽ എല്ലായിടത്തും കൂട്ടുമന്ത്രിസഭകൾ സ്ഥാപിക്കണമെന്നുള്ളതാണു് പാർട്ടിയുടെ വ്യക്തമായ ആഹ്വാനം. അതു് കോൺഗ്രസ്സിനകത്തുള്ള പുരോഗമനവിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും, വിരുദ്ധമനോഭാവക്കാരെ അധികാരത്തിൽനിന്നു പുറംതള്ളുന്നതിനും, സാക്ഷാത്തായ "ജനകീയ ഡെമോക്രാററിക്കു ഭരണ"ത്തിനു വഴിതെളിക്കുന്നതിനും കാരണമാകുന്നതാണു്." ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകളുടെ ലക്ഷ്യമെന്താണെന്നും, ശരിയായോ തെററായോ, അതു സംബന്ധിച്ചുള്ള അവരുടെ പ്രവർത്തനങ്ങളുടെ പുരോഗതിയെപ്പററി അവർ എന്തു വിശ്വസിക്കുന്നു എന്നും, ഭാവിയിൽ അവർ സ്വീകരിക്കുന്നതിനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും ഈ പരിപാടി വിശദമാക്കുന്നുണ്ടു്. കമ്മ്യൂണിസത്തിന്റെ പ്രവർത്തനങ്ങൾ എവിടെയും എങ്ങിനെയാണു് നടപ്പാക്കിക്കൊണ്ടിരുന്നിട്ടുള്ളതെന്നും ഇന്ത്യയിൽ അവർ സ്വീകരിക്കുന്ന പരിപാടികൾ അതിൽനിന്നു കാര്യമായവിധം വ്യത്യാസപ്പെട്ടിരിക്കുവാൻ നിവൃത്തിയില്ലെന്നും എത്രയോ പ്രാവശ്യം ഞങ്ങൾ ഉദാഹരണസഹിതം കാര്യകാരണങ്ങൾ ചൂണ്ടിക്കാണിച്ചു പ്രതിപാദിച്ചിട്ടുള്ളതാണു്. അവയുടെ നിജസ്ഥിതിയെ അപ്പാടെ സ്വീകരിക്കുന്നതിനു വിമുഖത പ്രദർശിപ്പിക്കുന്നവരായി ആരെങ്കിലുമുണ്ടെങ്കിൽ പാർട്ടിയംഗങ്ങൾ തന്നെ തയാറാക്കി സെൻട്രൽകമ്മിററിക്കു സമർപ്പിച്ചിട്ടുള്ള ഈ പരിപാടി അവരുടെ സംശയങ്ങൾക്കു മറുപടിയായിരിക്കുമെന്നു കരുതട്ടെയോ?


For Favours Received




Excuse delay
Mrs. Rosy Paul, Trichur


## അടുത്ത യാഴ്ചയിൽ

നവംബർ

17 വ്യാ: വി. ഗ്രിഗോരിയോസ്

18 വെ: വി. പത്രോസ് പൗലോസ് പള്ളികൂദാശ

19 ശ: വി. ഏലീശ്വാ

20 ഞാ: പന്തക്കുസ്താ 25-ാം ഞാ.

21 തി: കന്യകമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചതു്

22 ചൊ: വി. സിസിലിയാ

23 ബു: വി. ക്ലീമീസ്

വാരാന്ത്യവീക്ഷണം

# ലസ്റ്റർ പിയേഴ്സന്റെ സമാധാനശ്രമങ്ങൾ

[സി ഐ. ജോൺ, തലയോലപ്പറമ്പ്]

ഈയിടെ ഇൻഡ്യ സന്ദർശിച്ച കാനഡയുടെ വിദേശകാര്യ സെക്രട്ടറി മി. ലസ്റ്റർ പിയേഴ്സൺ ആൾ ഇൻഡ്യാ റേഡിയോവിലൂടെ ചെയ്ത പ്രക്ഷേപണപ്രസംഗം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ശീതയുദ്ധം അവസാനിപ്പിച്ചുകൊണ്ട് ലോകരാഷ്ട്രങ്ങൾ ഒന്നിച്ചുചേർന്ന് സമാധാനത്തിനുവേണ്ടി പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നും, പരസ്പരവിശ്വാസത്തിലും തികഞ്ഞ ആത്മാർത്ഥതയിലുംനിന്ന് ഉടലെടുക്കുന്ന ഹൃദയംതുറന്നുള്ള സംഭാഷണങ്ങൾ മുഖേന ലോകസംഘർഷാവസ്ഥയെ ലഘൂകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ഇൻഡ്യയും കാനഡയും ചേർന്ന് ലോകസമാധാനത്തിനുവേണ്ടി ഇനിയും പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കൊളംബോപ്ലാൻ സംബന്ധിച്ചും, ഇൻഡോചൈനയെ പരാമർശിച്ചും, ആററംഹൈഡ്റജൻ ശക്തികളുടെ ഉപയോഗത്തെയും അതിന്റെ നിയന്ത്രണങ്ങൾക്കുവേണ്ടി സമാധാനപ്രേമികൾ എന്തുചെയ്യണം എന്നതിനെയും പരാമർശിച്ചും അദ്ദേഹം ശ്രദ്ധേയമായ ചില സംഗതികൾ ഊന്നിപ്പറഞ്ഞു. ഇൻഡ്യയും കാനഡയും തമ്മിൽ നിഷ്പക്ഷകമ്മീഷന്റെ കാര്യത്തിലും മററും വളരെ അഭിപ്രായഭിന്നതകളെല്ലാം ഉണ്ടായിട്ടുണ്ടെങ്കിലും ഈ രണ്ടു രാജ്യങ്ങളുടെ സൗഹാർദ്ദം മേലിലും വളരെ ഏറെ അഭിവൃദ്ധിപ്പെടുമെന്ന് പ്രത്യാശിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചതു്.

മി. പിയേഴ്സൺ ഇൻഡ്യൻ തലസ്ഥാനനഗരിയിൽവച്ച് പ്രധാനമന്ത്രി നെഹ്റുവുമായും മററും ലോകപ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുകയും കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന ഇന്നത്തെ വൻപ്രശ്നങ്ങളെ ഏതുവിധത്തിലാണ് ഇൻഡ്യയും കാനഡയും വീക്ഷിക്കുന്നതെന്നും അവയുടെ പരിഹരണാർത്ഥം എന്തെന്തു കാര്യങ്ങൾ പ്രസ്തുതരാജ്യങ്ങൾക്ക് ചെയ്യുവാൻ സാധിക്കുമെന്നും പരസ്പരമാലോചിക്കുകയുണ്ടായി. ഏതായാലും മി. പിയേഴ്സന്റെ ഇൻഡ്യാസന്ദർശനം ആശാവഹമായ ഒന്നായിരുന്നു. കാരണം, അന്താരാഷ്ട്രരംഗത്തു ലോകസമാധാനത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ് മി. പിയേഴ്സൺ. കിഴക്കും പടിഞ്ഞാറുമുള്ള ശക്തികൾക്ക് ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. അതു പ്രകടിപ്പിച്ചുകണ്ടിട്ടില്ല. ഐക്യരാഷ്ട്രസമിതിയിലൂടെത്തന്നെ ലോകപ്രശ്നങ്ങളെ പരിഹരിക്കണമെന്നും അതിനു് ലോകത്തിലെ എല്ലാ രാജ്യങ്ങളെയും പ്രസ്തുതസമിതിയിൽ പ്രവേശിപ്പിച്ചുകൊണ്ട് ഇപ്പോഴത്തെ അതിന്റെ പ്രവർത്തനവ്യാപ്തി വർദ്ധിപ്പിക്കണമെന്നും മി. പിയേഴ്സൺ വളരെ ഏറെ ആഗ്രഹിക്കുന്നു. എന്നാൽ U. N. O. യിൽ കൂടുതൽരാജ്യങ്ങളെ പ്രവേശിപ്പിക്കുമ്പോൾ ഒരു ഗ്രൂപ്പുതിരിക്കൽ മനസ്ഥിതി രാജ്യങ്ങളിൽനിന്നു മാറേണ്ടതായിട്ടുണ്ടെന്നും എങ്കിൽ മാത്രമേ സമാധാനപരമായ വിധത്തിലുള്ള അതിന്റെ പ്രവർത്തനം മുന്നോട്ടു പോകുക സാദ്ധ്യമാകുകയുള്ളു എന്നും അദ്ദേഹം കരുതുന്നു. ഏതായാലും അദ്ദേഹത്തിന്റെ ആഗ്രഹം സമാധാനപ്രേമികളെ സന്തോഷിപ്പിക്കുന്നതാണെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്.

## ഇന്ത്യൻ പ്രമേയം

ഈ നവമ്പർ 8-ാംനു യു. എൻ. പൊളിററിക്കൽ കമ്മററിയിൽ ആററംറേഡിയോപ്രസരത്തെപ്പററി അന്വേഷണം നടത്തുവാൻ പാശ്ചാത്യഭാഗത്തുനിന്നും അവതരിപ്പിച്ച പ്രമേയത്തെ അതിന്റെ തത്വത്തിലും സമീപനരീതിയിലുമുള്ള കുറവുകളെ പരിഹരിക്കുവാൻ ഇന്ത്യൻഭാഗത്തുനിന്നും അവതരിപ്പിച്ച ഭേദഗതി അമേരിക്കയുടെയും ബ്രിട്ടന്റെയും നിശിതമായ എതിർപ്പിനെ വകവയ്ക്കാതെ പൊളിററിക്കൽകമ്മററി വ്യക്തമായ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയിരിക്കുന്നു. അന്വേഷണത്തിന്റെ പരിധി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നായിരുന്നു ഇന്ത്യ ആവശ്യപ്പെട്ടതു്. 24 വോട്ട് അനുകൂലമായും 22 വോട്ട് എതിരായും കിട്ടിയതനുസരിച്ച് സഭ ആ ഭേദഗതി അംഗീകരിച്ചു. 12 രാജ്യങ്ങൾ വോട്ടെടുപ്പിൽ പങ്കെടുത്തില്ല. ബ്രിട്ടൻ കാനഡ, ഡന്മാർക്ക്, ഐസ്‌ലണ്ട്, നോർവെ, സ്വീഡൻ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളുടെ പിന്തുണയോടുകൂടിയാണ് അമേരിക്ക പ്രസ്തുതപ്രമേയം അവതരിപ്പിച്ചതു്. പ്രമേയത്തിനു് ഇന്ത്യ നിർദ്ദേശിച്ച ഭേദഗതിയെ ബ്രിട്ടൺ, അമേരിക്ക മുതലായ രാജ്യങ്ങൾ മുഖ്യമായും എതിർത്തു, ഇപ്പോൾ അംഗങ്ങളല്ലാത്ത രാജ്യങ്ങളിലേക്ക് പ്രവർത്തനപരിധി വ്യാപിപ്പിച്ചാൽ അതു് പ്രസ്തുത രാജ്യങ്ങളെ ഒരു പിൻവാതിലിലൂടെ യു. എൻ. ഒ. യിൽ പ്രവേശിപ്പിക്കുവാനുള്ള ഒരു സംരംഭമായിരിക്കുമെന്ന കാരണത്താലാണു്. പ്രമേയത്തിനു ഭേദഗതി നിർദ്ദേശിച്ച രാജ്യത്തിനു് അങ്ങനെ ഒരുദ്ദേശമില്ലെങ്കിലും ഭാവിയിൽ അപ്രകാരം സംഭവിക്കുവാൻ പാടുണ്ടെന്നാണ് പ്രസ്തുത രാജ്യങ്ങളുടെ അഭിപ്രായം. ആകെ മൂന്നു ഭേദഗതികൾ ഇന്ത്യൻഭാഗത്തുനിന്നും അവതരിപ്പിക്കുകയുണ്ടായെങ്കിലും രണ്ടെണ്ണം പരാജയപ്പെട്ടു. 25-ം 28-ം വോട്ടുകൾ കിട്ടിയതനുസരിച്ചാണ് ആദ്യത്തെ ഭേദഗതി തള്ളപ്പെട്ടതു്. ആറംഗങ്ങൾ വോട്ടെടുപ്പിൽ പങ്കെടുത്തില്ല. രണ്ടാമത്തെ ഭേദഗതിക്കു് 28-ം 23-ം വോട്ടുകൾ കിട്ടി. എട്ടംഗങ്ങൾ വോട്ടുചെയ്തില്ല. ഇതേ വിഷയത്തെ സംബന്ധിച്ചുള്ള മൂന്നാമത്തെ പോരാട്ടത്തിലാണ് ഇന്ത്യ വിജയംനേടിയതു്. ആററംറേഡിയോപ്രസരത്തെപ്പററി അന്വേഷണം നടത്തുന്നതിനു് എല്ലാ രാജ്യങ്ങളെയും ഉൾക്കൊള്ളിച്ചുള്ള ഒരു കമ്മിഷനാണാവശ്യമെന്നും ഏതാനും ചില രാജ്യങ്ങളെ അതിലുൾപ്പെടുത്താതിരിക്കുന്നതു് തത്വപരമായും പ്രായോഗികമായും തെററാണെന്നുമാണു് ഇന്ത്യൻ ഡെലിഗേഷൻനേതാവായ വി. കെ. കൃഷ്ണമേനോൻ പൊളിററിക്കൽകമ്മിററിയിൽ പ്രസ്താവിച്ചതു്. ഏതായാലും ഈ പ്രമേയം മുൻപറഞ്ഞവിധം പാസായതു് ഇന്ത്യയുടേയോ ബ്രിട്ടൻ, അമേരിക്ക മുതലായ രാജ്യങ്ങളുടേയോ അന്താരാഷ്ട്രീയരംഗത്തിലുള്ള പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നില്ല. ഏതാനും ചില പത്രങ്ങളുടെ അഭിപ്രായപ്രകാരം നോക്കുമ്പോൾ എന്തോ ഭയങ്കര സംഭവമായി തോന്നിപ്പോകുമെങ്കിലും ഇതുമാത്രം ഒച്ചപ്പാടുകൾക്കും മററും കാര്യമില്ലെന്നുള്ളതാണ് യു. എൻ. പൊളിററിക്കൽ കമ്മിററിയുടെ നിലയെപ്പററി പഠിച്ചിട്ടുള്ളവർക്കു തോന്നിപ്പോകുന്നതു്.

## ഡള്ളസ്-ടിറേറാ സംഭാഷണം

അമേരിക്കൻ സ്റ്റേററ്സിക്രട്ടറി മി. ജോൺ ഫോസ്റ്റർ ഡള്ളസ് യൂഗോസ്ലാവ്യൻ പ്രസിഡന്റ് മാർഷൽ ടിറേറായുമായി നടത്തിയ കൂടിക്കാഴ്ചയും സംഭാഷണങ്ങളും വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. യൂറോപ്പ് രണ്ടു ചേരിയായി തിരിഞ്ഞു് ഭിന്നിപ്പിലും അസമാധാനത്തിലും വർത്തിക്കുവാനുള്ള പരിതസ്ഥിതികൾ സംജാതമായിരിക്കുന്ന ഈ അവസരത്തിൽ അമേരിക്ക, യൂഗോസ്ലാവിയ മുതലായ രാജ്യങ്ങളുടെ പരസ്പരസഹകരണം കൊണ്ടു് ലോകസംഘർഷാവസ്ഥയ്ക്കു വളരെയേറെ മാററങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്നു കാണാവുന്നതാണു്. ഒരു മാർക്സിസ്റ്റ് രാജ്യമായ യൂഗോസ്ലാവിയായും ഒരു ഡെമോക്രാററിക് നേഷനായ അമേരിക്കയും തമ്മിലുള്ള കൂടുതൽ യോജിപ്പു് താത്വികമായി എത്രമാത്രം വിജയിക്കുമെന്നു് കണ്ടറിയേണ്ടതാണെങ്കിലും അവ തമ്മിലുള്ള യോജിപ്പു് ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണെന്നു് പറയാതിരിപ്പാൻ നിവൃത്തിയില്ല. സോവ്യററു് പ്രധാനമന്ത്രി മാർഷൽ ബുൾഗാനിനും സോവ്യററു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാംസിക്രട്ടറിയായ നികിതക്രൂഷേവും ഏതാനും മാസങ്ങൾക്കുമുമ്പു് യൂഗോസ്ലാവിയ സന്ദർശിച്ചകാര്യം പ്രസിദ്ധമാണു്. ഒരു യഥാർത്ഥമാർക്സിസ്റ്റായ ടിറേറായെ കമ്മ്യൂണിസ്റ്റ്കുടുംബത്തിൽ നിന്നും നിഷ്കാസനം ചെയ്യുന്നതിനു് അന്നു സ്റ്റാലിന്റെ വലംകൈയായിനിന്നു പ്രവർത്തിച്ചയാളും ഇപ്പോൾ സോവ്യററു് വിദേശകാര്യമന്ത്രിയുമായ മി. വി. എം. മൊളോട്ടോവാണു് മുൻകൈയെടുത്തതു്. എന്നിട്ടു് അതിനെ ബെറിയായുടെ തലയിൽവച്ചുകെട്ടി. ബുൾഗാനിനും ക്രൂഷേവും ബെൽഗ്രേഡിൽവച്ചു് ഒഴിഞ്ഞുമാറുകയാണുണ്ടായതെന്നു് ഏവർക്കുമറിയാവുന്ന കാര്യമാണു്. യൂഗോസ്ലാവിയ മുതൽ ഫിൻലണ്ടുവരെ നിഷ്പക്ഷരാജ്യങ്ങളുടെ ഒരു ചങ്ങല സൃഷ്ടിക്കുവാൻ സോവ്യററുയൂണിയൻ അതിയായി ആഗ്രഹിച്ചതുകൊണ്ടു് പാശ്ചാത്യചേരിയിൽനിന്നും പൂർവ്വയൂറോപ്യൻ ചേരിയിലേക്കു് യൂഗോസ്ലാവിയായെ വലിച്ചടുപ്പിക്കുന്നതിനു വേണ്ടിയായിരുന്നു ബുൾഗാനിന്റെയും ക്രൂഷേവിന്റെയും പ്രസ്തുത സംരംഭം. എന്നാൽ ബുദ്ധിമാനായ ടിറേറാ കാര്യത്തിന്റെ ഗൗരവം ശരിക്കു മനസ്സിലാക്കിക്കൊണ്ടു് പ്രവർത്തിക്കുകയാണുണ്ടായതു്. മി ഡള്ളസും മാർഷൽ ടിറേറായുംകൂടി അംഗീകരിച്ചിട്ടുള്ള പുതിയ തത്വമനുസരിച്ചു് പൂർവ്വയൂറോപ്യൻ രാജ്യങ്ങൾക്കു് ഒരു വ്യക്തിത്വമുണ്ടായിരിക്കണം. കൊളോണിയലിസത്തിന്റെ ഒരു പുതിയ പതിപ്പു് പ്രസ്തുത രാജ്യങ്ങളിൽ ഇന്നു് ഇറക്കുമതിചെയ്തിരിക്കുന്നതിനെ തടയുവാൻ കിഴക്കൻയൂറോപ്യൻരാജ്യങ്ങൾ സന്നദ്ധമാവണമെന്നു് അർത്ഥംവരുന്ന ഒന്നാണു് ഡള്ളസ്-ടിറേറാ പ്രസ്താവന. അതു് വളരെയേറെ സന്തോഷാവഹമായ ഒരു സംഗതിയാണു്. അങ്ങനെ കിഴക്കൻയൂറോപ്യൻരാജ്യങ്ങൾ ഈ അവസരത്തിൽ അവരുടെ കർത്തവ്യം ശരിക്കു നിർവ്വഹിക്കുമെന്നു് നമുക്കു വിശ്വസിക്കാം.

## വിദൂരപൂർവ്വദേശം

അന്താരാഷ്ട്രീയ നിരീക്ഷകന്മാർക്കു തലവേദനയുണ്ടാക്കിക്കൊണ്ടു് ദൈനംദിനം സങ്കീർണ്ണതയിലേക്കു വഴുതിവീണുകൊണ്ടിരിക്കുന്ന വിദൂരപൂർവ്വദേശപ്രശ്നത്തിനു് ചൈനീസ്ഭാഗത്തുനിന്നും ഒരു പുതിയ നിർദ്ദേശം ഉന്നയിച്ചിരിക്കുകയാണു്. വിദൂരപൂർവ്വദേശപ്രശ്നം സംബന്ധിച്ചു് ബലപ്രയോ-

For favours received
through the intercession
of Sr. ALPHONSA
A. P. Mampilly
Narakal

ഗത്തിനു മുതിരുകയില്ലെന്നു് പ്രതിജ്ഞചെയ്യുന്ന ഒരു സംയുക്തപ്രഖ്യാപനം അമേരിക്കയും ചൈനയുംചേർന്നു പ്രസിദ്ധീകരിക്കണമെന്നു് ചൈന അഭിപ്രായപ്പെട്ടതായി ന്യൂ ചൈനാ ന്യൂസേജൻസി റിപ്പോർട്ടുചെയ്യുന്നു. അമേരിക്ക-ചൈന വിവാദപ്രശ്നങ്ങളെപ്പററി രണ്ടു രാജ്യങ്ങളുടേയും പ്രതിനിധികൾചേർന്നു് ഇപ്പോൾ ജനീവായിൽവെച്ചു് കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. പ്രസ്തുത കൂടിയാലോചനകളിൽനിന്നു് വീണ്ടും പുതിയ പുതിയ പ്രശ്നങ്ങൾ ഉത്ഭവിക്കുകയാണു് ചെയ്യുന്നതെന്നു് അന്താരാഷ്ട്രീയനിരീക്ഷകന്മാർ കരുതുന്നു. വിദൂരപൂർവ്വദേശപ്രശ്നം സംബന്ധിച്ചു് ചൈനീസ്ഭാഗത്തുനിന്നും ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ നിർദ്ദേശംകൊണ്ടു് പ്രസ്തുത പ്രശ്നത്തിന്റെ സങ്കീർണ്ണതയെ ലഘുവാക്കുവാൻ സാധിക്കുമെന്നാണു് കരുതപ്പെടുന്നതു്. ചൈനീസ്നിർദ്ദേശം ഇപ്പോൾ U. S. സ്റ്റേററുഡിപ്പാർട്ടുമെന്റിന്റെ അവഗാഢമായ പരിഗണനയ്ക്കു വിഷയീഭവിച്ചിരിക്കുകയാണു്. അടുത്ത വ്യാഴാഴ്ച വീണ്ടും സമ്മേളിക്കുവാനിരിക്കുന്ന ചൈനീസ് അമേരിക്കൻ പ്രതിനിധികളുടെ കോൺഫറൻസിൽവെച്ചു U. S. പ്രതിനിധി തന്റെ ഗവൺമെണ്ടിന്റെ പുതിയ തീരുമാനം എന്താണെന്നു വ്യക്തമാക്കുമെന്നു് കരുതപ്പെടുന്നു. ലക്ഷ്യപ്രാപ്തിക്കു് യാതൊരു കാരണവശാലും ബലപ്രയോഗത്തിനു മുതിരുന്നതല്ലെന്നു കമ്മ്യൂണിസ്റ്റ്ചൈനയുടെ ഭാഗത്തുനിന്നും ഉറപ്പുനൽകണമെന്നു് അമേരിക്ക വളരെനേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണു്. ചൈന ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന നിർദ്ദേശം അമേരിക്ക - ചൈനാ ഭാവിബന്ധത്തെ ബലപ്പെടുത്തുന്നുണ്ടെന്നും ഐക്യരാഷ്ട്ര ചാർട്ടറിലെ രണ്ടാംവകുപ്പിനെ അടിസ്ഥാനമാക്കിയിട്ടുള്ളതാണെന്നും ചൈന അഭിപ്രായപ്പെട്ടിട്ടുണ്ടു്. ചൈനീസ്പ്രധാനമന്ത്രി ചൗ-എൻലായിയും അമേരിക്കൻ സ്റ്റേ


## മഞ്ഞുകാലം

ആരംഭിക്കുന്നതുമുതൽ ശീതമാണ് അനുഭവപ്പെടുന്നതെങ്കിലും, യഥാർത്ഥത്തിൽ ഈ കാലംമുതൽ ദേഹാന്തർഭാഗങ്ങളിലെ ചൂട് വർദ്ധിക്കയും, ദേഹത്തിലുള്ള സ്നിഗ്ദ്ധാംശം ക്ഷയിക്കുകയുമാണ് ചെയ്യുന്നതു്. ഇതിന്റെ ദൃഷ്ടാന്തമാണ് മഞ്ഞുകാലം മുതൽ വാതപിത്തങ്ങളുടെ (വായുവിന്റേയും ചൂടിന്റേയും) ആധിക്യത്തിൽനിന്നുണ്ടാവുന്നവകളായ മലബന്ധം, മൂലക്കുരു, (അർശസ്സ്), വായുസ്തംഭനം, (ശ്വാസ്ട്രബ്ൾ), നീർവീഴ്ച, തുമ്മൽ, ചുമ, ക്ഷയം, പനി, മെലിച്ചിൽ, ഏങ്ങൽ, വയറുവേദന, രക്തപിത്തം (വായ, മൂക്ക, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള രക്തബഹിർഗമനം), രക്തദൂഷ്യം, തലചുററൽ, വയറു കത്യാളിച്ച, അസ്ഥിസ്രാവം, കാൽവിള്ളിച്ച, ചുണ്ടുവിള്ളിച്ച മുതലായ രോഗങ്ങൾ വർദ്ധിക്കുന്നതായും, ഉത്ഭവിക്കുന്നതായും കണ്ടുവരുന്നതു്.

കാലം മാറുമ്പോൾ പ്രകൃതിയിൽ കാണാറുള്ളതുപോലെതന്നെ നമ്മുടെ ദേഹത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾക്കും—വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങൾക്കും കാലം മാറുമ്പോൾ ഏററക്കുറച്ചിലുകൾ സംഭവിക്കുകയും തദനുസരണമുള്ള രോഗങ്ങൾ പിടിപ്പെടുകയും ചെയ്യുമെന്നുള്ളതുകൊണ്ടു് ദേഹത്തിലെ പഞ്ചഭൂതങ്ങളിൽ കുറഞ്ഞുപോകുന്നവയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കയും, വർദ്ധിച്ചുകൊണ്ടിരിക്കുന്നവയെ കുറച്ചുകൊണ്ടിരിക്കയും ചെയ്യുന്നതായാൽ മാത്രമെ കാലം മാറുമ്പോഴുണ്ടാകാവുന്ന രോഗങ്ങൾ ബാധിക്കാതിരിക്കയുള്ളു എന്നാണു് "ആയുർവ്വേദം" ഉപദേശിക്കുന്നതു്. ഏററവും അർത്ഥവത്തായ ഈ ഉപദേശമനുസരിച്ചു് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്കു്, മഞ്ഞുകാലം മുതൽ ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉഷ്ണാംശത്തെ (അഗ്നിവായുക്കളെ) കുറക്കുന്നതിനും, ദേഹത്തിൽനിന്നു് ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്നിഗ്ദ്ധാംശത്തെ (കഫത്തെയും ധാതുക്കളേയും) വർദ്ധിപ്പിക്കുന്നതിനുംവേണ്ടി—ദേഹത്തിലെ ശീതോഷ്ണങ്ങളെ സാമ്യമാക്കിത്തീർക്കുന്നതിനുംവേണ്ടി—മലബന്ധം, അർശസ്സ്, വായുസ്തംഭനം, നീർവീഴ്ച മുതലായ രോഗങ്ങൾ ബാധിക്കാതിരിക്കുന്നതിനുവേണ്ടി—ഉപയോഗിപ്പാൻ കാളൻ'സ് ദ്രാക്ഷാഘൃതവും, ശാരിബാദൈതലവും ഏററവും ഉത്തമമായിട്ടുള്ള സ്നേഹദ്രവ്യങ്ങളാണെന്നു് സ്വാനുഭവങ്ങളാൽ അവരവർക്കുതന്നെ ബോദ്ധ്യമാവുന്നതാണു്.

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു ക. 4-0-0
ശാരിബാദൈതലം 19 ഔൺസ് കുപ്പി 1 ക്കു " 3-0-0
ക. 9—6—0 മുൻകൂർ അയക്കുന്നവർക്കു് ഉപയോഗക്രമങ്ങളടക്കം ടി ഔഷധങ്ങൾ രണ്ടും റജിസ്റ്റേഡ്പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണു്.

N. B. ടി ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിത്സ് ഡിപ്പോകൾവഴിയായും, തിരു-കൊച്ചിയിലും, മദ്രാസ് സംസ്ഥാനത്തിലുമുള്ള 170-ൽപരം ഏജൻസികൾവഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും, റെയിൽവെമാർഗ്ഗമായും തപാൽമാർഗ്ഗമായും മററും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.

# വിവിധവൃത്താന്തങ്ങൾ

## കത്തോലിക്കാ സഭയും ലോകസമാധാനവും

സർവ്വരാജ്യസമാധാനത്തിനുവേണ്ടിയുള്ള ഇറ്റലിയിലെ സെൻറർ ഓഫ് സ്റ്റഡീസ് എന്ന സംഘടനയുടെ പ്രതിനിധികളെ അഭിസംബോധനചെയ്തുകൊണ്ടു പരിശുദ്ധമാർപ്പാപ്പാ സമാധാനസംസ്ഥാപനത്തിൽ കത്തോലിക്കാസഭയുടെ ആദർശങ്ങളേയും പരിശ്രമങ്ങളേയും വിശദീകരിക്കുകയുണ്ടായി. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- "ചരിത്രത്തിന്റെ അലംഘനീയമായ നിയമമെന്ന നിലയിൽ വിശ്വസിക്കപ്പെട്ടുപോന്ന യുദ്ധാവർത്തനങ്ങൾക്കു ഉൽബുദ്ധമായ ജനതതി അധീനമായിരുന്നുകൊള്ളണമോ, അതോ ഈ ഭാരത്തെ ഒഴിവാക്കുന്നതിനു ജീവിതത്തിന്റെ എല്ലാ തുറകളിലും പുതിയ പദ്ധതികളും ഉദാരമായ പരിശ്രമങ്ങളും നടത്തപ്പെടണമോ എന്നുള്ള പ്രശ്നം ഏററം രൂക്ഷമായിരിക്കുന്ന ഒരു കാലസന്ധി വന്നണഞ്ഞുകഴിഞ്ഞിരിക്കുന്നു. വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന തർക്കങ്ങളെ അവസാനിപ്പിക്കുന്നതിനു മാനവവംശം പ്രത്യാശിക്കുന്ന ഉന്നത അപ്പീൽകോടതി സ്വാഭാവികനിയമങ്ങളുടെ അംഗീകാരമാണ്. എല്ലാ അവകാശങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും ഉറച്ച അസ്ഥിവാരവും പരസ്പരധാരണയ്ക്കാവശ്യമായ പൊതുഭാഷയും അതു മാത്രമാണ്."

ജൂലൈമാസത്തിൽ നടന്ന ജനീവാകോൺഫറൻസ് അതിന്റെ ആരംഭത്തിൽ വലിയ പ്രതീക്ഷകളെ ലോകത്തിനു പ്രദാനംചെയ്തെങ്കിലും, അതിന്റെ പുരോഗതിയിൽ രാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളുടെ അഗാധതകളെ തുറന്നു കാണിക്കുകയും അവയെ നീകത്തുന്നതിനുള്ള ഗതികേടുകളെ വെളിപ്പെടുത്തു കയുമാണുണ്ടായതെന്നു തുടർന്നു തിരുമേനി പ്രസ്താവിച്ചു. യുദ്ധങ്ങളെ തടയുന്നതിനും ജനപദങ്ങളുടെ സമാധാനസ്ഥിതിയെ നിലനിർത്തുന്നതിനുമായിരിക്കണം എല്ലാ ഭരണകൂടങ്ങളുടേയും പ്രധാനശ്രദ്ധയെന്നു പ്രകടമാക്കിയശേഷം തിരുസഭയുടെ ആദർശത്തെ തിരുമേനി ഇപ്രകാരം വിശദീകരിച്ചു:- "ഇക്കാര്യത്തിൽ കത്തോലിക്കാസഭ അവളുടെ ഭാഗം നിർവ്വഹിക്കുന്നതിനും, അവളുടെ ദിവ്യസ്ഥാപകന്റെ ആജ്ഞയനുസരിച്ചു സർവ്വകഴിവുകളും പ്രയോഗിക്കുന്നതിനും, ലോകജനതയെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്നതിനുള്ള മാതൃസഹജമായ ഉൽകണ്ഠയെ പ്രായോഗികമാക്കുന്നതിനും സർവ്വദാ സന്നദ്ധയാണ്. പ്രകൃതിനിയമത്തെ സംബന്ധിച്ചുള്ള അറിവു പ്രദാനംചെയ്യുന്നതിനും പ്രസ്തുത ജ്ഞാനത്തെ പ്രായോഗികമാക്കുന്നതിനുംവേണ്ട ഉത്തേജനം നൽകുന്നതിനും തിരുസഭ എന്നാളും ശ്രദ്ധാലുവായിരിക്കുന്നുണ്ട്. സഭ പ്രകൃതിനിയമത്തെ അവ്യക്തമോ അബദ്ധമയമോ ആയിട്ടല്ല, പ്രത്യുത വിശദവും സുവ്യക്തവുമായ ഒരു നിയമമായിട്ടാണ് സ്വീകരിക്കുന്നതു്. ലോകത്തിൽ വിഭിന്നങ്ങളായ പ്രവണതകളും ആദർശങ്ങളും നടമാടുന്നുണ്ടെങ്കിലും, അവ തമ്മിലുള്ള സംഘട്ടനങ്ങളെ ദൂരീകരിക്കുക, നിർഭാഗ്യവശാൽ വളരെ പ്രയാസമുള്ള കാര്യമാണെങ്കിലും, പ്രകൃതിനിയമത്തിന്റെ വ്യക്തവും അധികാരസമന്വിതവുമായ പ്രബോധനംവഴി സഭ പരസ്പരധാരണയും സമാധാനവും ജനപദങ്ങളുടെ ഇടയിൽ സംസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗം തുറക്കുന്നതിനു എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വിചാരത്തിലും പ്രവൃത്തിയിലും സ്നേഹമുണ്ടായിരിക്കുക എന്നതു ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ അവശ്യലക്ഷണമാണ്. അതാണ് ദേശീയമായ സ്വാർത്ഥതയെ നിഷ്കാസനംചെയ്യുന്നതിനും ലോകസമാധാനത്തെ പുരോഗമിപ്പിക്കുന്നതിനുമുള്ള ശക്തിമത്തായ ഉപാധി. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയിൽ ഈ സ്നേഹത്തിനു സംഭവഗതികളെ നിയന്ത്രിക്കുന്നതിനു കഴിഞ്ഞില്ല എങ്കിലും, അതിന്റെ ആവശ്യം എല്ലാവർക്കും വിശദമായി കാണുവാൻ സാധിച്ചിരുന്നു. സംഘട്ടനങ്ങളുടെ ഭീകരതയേയും നാശങ്ങളേയും കുറയ്ക്കുന്നതിനു അതു വളരെ സഹായിക്കുകയുംചെയ്തു.

"എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള കത്തോലിക്കർ സമാധാനത്തിനുവേണ്ടിയുള്ള ഒരു പൊതുപരിശ്രമത്തിൽ യോജിക്കണം; കഴിഞ്ഞകാലങ്ങളിൽ അതുവഴി അവർ സാധിച്ചിട്ടുള്ള നേട്ടങ്ങളെ തുടർന്നു കൊണ്ടുപോകണം. സമാധാനം എടുത്തു പങ്കുവച്ചുകൊടുക്കത്തക്ക ഒരു വസ്തുവല്ലല്ലോ. തിരുസഭ ഒരു മഹച്ഛക്തിയായതുകൊണ്ട് ഇക്കാര്യത്തിൽ അവൾ അലസയായിരിക്കുന്നില്ല, അലസയായിരിക്കുവാൻ കഴിയുന്നതുമല്ല. തിരുസഭയുടെ തലവനായ ക്രിസ്തു അവിടുത്തെ ദിവ്യാനുഗ്രഹങ്ങൾകൊണ്ട് സമുന്നതമായ ഈ ലക്ഷ്യം പ്രാപിക്കുന്നതിനു അവളെ സഹായിക്കാതിരിക്കുകയില്ല.

---

വിസ്താരനിയമമായിട്ടല്ല, പ്രത്യുത...

---

ജീവിതത്തിൽ അസാദ്ധ്യമെന്നു ബോദ്ധ്യപ്പെടുത്തി, പല വിദഗ്ദ്ധഡോക്ടേഴ്സ് ഉപേക്ഷിച്ചു നിരാശപ്പെടുത്തിയ എന്റെ സുഖക്കേട് ബ: അൽഫോൻസാമ്മയുടെ സഹായത്താൽ പൂർണ്ണസുഖം ലഭിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

George Thomas. I. S. C.
Sankarathil

---

IN FOND, EVER
LOVING MEMORY OF



MRS. ROSAKUTTY JOSEPH
KARUTHEDATH, ALWAYE
who left us on
20th November, 1953
R. I. P.

---

## യഹൂദവ്യവസായശാല മാതൃസ്വരൂപം സമ്മാനിക്കുന്നു

ലീഡ്സ് എന്ന സ്ഥലത്തുള്ള യഹൂദരുടെ വക ഒരു നെയ്ത്തുവ്യവസായശാലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടി അവിടെ "തൊഴിലാളികളുടെ മാതാവി"ന്റെ ഒരു പ്രതിമ സ്ഥാപിച്ചിരിക്കുന്നു. ഒരു പ്രോട്ടസ്റ്റന്റു കലാകാരനാണ് സ്വരൂപം കൊത്തിയുണ്ടാക്കിയതു്. ലീഡ്സിലെ മെത്രാൻ തിരുമനസ്സുകൊണ്ട് കത്തീഡ്രൽദേവാലയത്തിൽവച്ചു പ്രതിമ ആശീർവ്വദിച്ചു. തദവസരത്തിൽ അവിടുന്നു പ്രസ്താവിച്ചു:- ലീഡ്സ് വളരെയധികം യഹൂദരുടെ വാസസ്ഥലമാണ്. തങ്ങളുടെ തൊഴിലാളികളുടെ മതവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ വ്യവസായശാലയോടു എനിക്കു വളരെ കൃതജ്ഞതയുണ്ട്. അവിടെയുള്ള തൊഴിലാളികൾക്കു പ്രാർത്ഥിക്കുന്നതിനും അവരുടെ മതത്തെ പാലിക്കുന്നതിനും വേണ്ട എല്ലാ സൗകര്യങ്ങളും നൽകപ്പെട്ടിട്ടുണ്ട്"... പലപ്പോഴും കാണുന്നതു്, തൊഴിലാളികൾ മതവിരുദ്ധമനോഭാവമുള്ളവരായിരിക്കുന്നതായിട്ടാണ്. എന്നാൽ കത്തോലിക്കാ തൊഴിലാളികൾ മരപ്പണിക്കാരനായ യൗസേപ്പിനേയും വീട്ടുജോലിയിൽ ബദ്ധശ്രദ്ധയായിരുന്ന മറിയത്തേയും അനുകരിക്കുന്നതിനാണ് ശ്രമിക്കേണ്ടതു്.

## കമ്പനി തൊഴിലാളികൾക്ക കപ്പേള പണിയിച്ചു

ലൂട്ടൻ എന്ന സ്ഥലത്തുള്ള സർ റോബർട്ട മാക്ക് ആൽപ്പിൻ ആൻറു സൺസ് കമ്പനി അതിൽ ജോലിചെയ്യുന്ന അനേകശതം ഐറിഷ് കത്തോലിക്കർക്കുവേണ്ടി ഒരു കപ്പേള പണിയിച്ചുകൊടുത്തിരിക്കുന്നു. അവിടെ അവർക്കു ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. കമ്പനിവളപ്പിന്റെ പ്രവേശനദ്വാരത്തിൽതന്നെ 100 അടി നീളത്തിലുള്ള ഒരു കെട്ടിടമാണതു്.

## മിഷൻ ചൈതന്യത്തിൽ ഹോളണ്ടിന്റെ മാതൃക

ആംസ്റ്റർഡാമിൽനിന്നുള്ള റിപ്പോർട്ടനുസരിച്ചു ഹോളണ്ടുകാരായ 7819 പേർ ഇപ്പോൾ മിഷൻരംഗങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഈ സംഖ്യയിൽ 134 പേർ അൽമായരാണെന്നുള്ളതു് പ്രസ്താവ്യമത്രെ. ഓഷ്യാനിയായിൽ 3,115 പേരും, അമേരിക്കൻ രാജ്യങ്ങളിൽ 2,094 പേരും, ആഫ്രിക്കയിൽ 2,042 പേരും, ഏഷ്യയിൽ 308 പേരും യൂറോപ്പിൽ 260 പേരും ജോലി ചെയ്യുന്നു.

## ഇറാലിയൻ ഇടവകകളിലെ സിനിമാ പ്രസ്ഥാനം

ഇറാലിയിൽ സിനിമാമാനേജരന്മാരുടെ ഒരു കത്തോലിക്കാ അസോസിയേഷൻ കഴിഞ്ഞ മഹായുദ്ധത്തിനുശേഷം സംഘടിപ്പിക്കപ്പെട്ടു. അതിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ 5000ൽപരം ഇടവകകളിൽ സിനിമാപ്രദർശനം നടക്കുന്നുണ്ട്. ഈ പ്രസ്ഥാനം വഴി ചലച്ചിത്രവ്യവസായത്തിൽ വലിയൊരു ശുദ്ധീകരണം നിർവ്വഹിക്കുന്നതിനു സാധിച്ചിട്ടുണ്ടെന്നു അതിന്റെ പ്രവർത്തകർ അവകാശപ്പെടുന്നതു ന്യായം മാത്രമാണ്.

## കത്തോലിക്കാ വാരികയുടെ അപ്രതീക്ഷിതമായ പ്രചാരം

"ലാവിയെ കത്തോലിക്ക്" എന്ന ഫ്രഞ്ചുചിത്രമാസിക അതിന്റെ 10-ാംവാർഷികം ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. പാരീസ് നോട്ടർഡാമിൽ നടന്ന കൃതജ്ഞതാർപ്പണബലിയിൽ അത്യുന്നതകർദ്ദിനാൾ ഫെൽട്ടിൻ തിരുമേനി പ്രധാനകാർമ്മികത്വം വഹിച്ചു. ഡോമിനിക്കൻ സന്യാസികളും ഒരു ഗണം അൽമായരുംകൂടി യോജിച്ചു ഈ വാരിക ആരംഭിച്ച കാലത്തു ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനും ഇടയ്ക്കുള്ള ഒരു പ്രചാരം മാത്രമാണവർ പ്രതീക്ഷിച്ചതു്. എന്നാൽ ഇന്നു് 6 ലക്ഷത്തിൽപരം പ്രതികളാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നതു്.

---

വി. പത്താംപീയൂസ് മാർപ്പാപ്പായുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സഫലമായതിനു നന്ദിപറയുകയും മേലിലും തുടരുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

T. C. P. Kattur

---

## ചരമവാർത്തകൾ

**കാടുകുററി:** ഈ ഇടവക കവലക്കാട്ട് വട്ടോലി ശ്രീ കൊച്ചുപൗലോ ഗീവർഗ്ഗീസ് നവ: 11-ാംനു- രാവിലെ 2-30നു് 73-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. വൈകിട്ട് 5-30നു് ശവസംസ്കാരം റവ ഫാദർ പൗലോസ് വട്ടോലി ബി എ ബി ടി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും വെരി റവ. ഫാദേഴ്സ് ജോർജ്ജു കവലക്കാട്ട്, കുരിയാക്കോസ് ചിറമേൽ എന്നിവരുടെ സഹകാർമ്മികത്വത്തിലും പല ബ. വൈദികരുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സഹകരണത്തിലും നിർവ്വഹിക്കപ്പെട്ടു. ചരമപ്രസംഗം റവ ഫാദർ ജോസഫ് വിതയത്തിൽ നിർവ്വഹിച്ചു. റവ ഫാദർ പൗലോസ് വട്ടോലി, റവ. സിസ്റ്റർ വിൻസെൻറ് എന്നിവർ പരേതന്റെ സന്താനങ്ങളാണ്. ശവസംസ്കാരാനന്തരം ഒട്ടുവളരെ സാധുക്കൾക്കു ദാനധർമ്മങ്ങൾ നൽകപ്പെടുകയുണ്ടായി.

**പാറന്നൂർ:** ഈ പള്ളിഇടവക വാഴപ്പിള്ളി ലാസർ ചേറുണ്ണി അവർകൾ നവംബർ 6-ാം തീയതി ഞായറാഴ്ച മദ്രാസ് ജനറൽ ആസ്പത്രിയിൽവച്ചു് കർത്താവിൽ ഭാഗ്യമരണം പ്രാപിക്കുകയും, മൃതദേഹം പിറേറദിവസം കാലത്തു വീട്ടിൽ കൊണ്ടുവന്നു അന്നുതന്നെ 4 മണിയോടുകൂടി റവ ഫാദർ മാത്യു പാലയൂർ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെടുകയും ചെയ്തു.

R. I. P.

## വിവാഹവാർത്ത

**വെള്ളാംകല്ലൂർ:** കല്പറമ്പു കത്തോലിക്കാ പാരീഷ് ബാങ്ക് മാനേജിംഗ് ഡയറക്ടറായ കൊമ്പാറകാരാത്ര അന്തോണിയുടെ പുത്രൻ ശ്രീ ജയിക്കബ്ബും എറണാകുളം കടവി ഡോക്ടർ അന്തോണിയുടെ പുത്രി കുമാരി ലില്ലിയും തമ്മിലുള്ള വിവാഹം 31-10-55ൽ എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു നടന്നു. അതോടനുബന്ധിച്ചു വധൂഗൃഹത്തിൽ വിവാഹസൽക്കാരം അനേകം സദ്യകൾക്കു അത്താഴവും നടത്തപ്പെടുകയുണ്ടായി.



# ശുദ്ധീകരാത്മാക്കളുടെ സ്മരണ

(റൈററ് റവ. മോൺ. തോമസ് എ. ന്യൂസം, ഇംഗ്ലണ്ട്)

i

## ശുദ്ധീകരണത്തിൻെറ ആവശ്യം

ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള ക്രിസ്തീയ സിദ്ധാന്തം വെളിപാടുകളിലടങ്ങിയിട്ടുള്ള ഏററം സാന്ത്വനപ്രദമായ സത്യങ്ങളിലൊന്നാണ്. കത്തോലിക്കാസഭാമാതാവു അവളുടെ അരുമസന്താനങ്ങളെ പരിശീലിപ്പിക്കുന്ന ഹൃദയാവർജ്ജകമായ ഭക്തമുറകളിൽ അത്യഭികാമ്യമായ ഒന്നത്രെ ശുദ്ധീകരാത്മാക്കളോടുള്ള ഭക്തി.

സർവ്വശക്തനായ ദൈവത്തിൻെറ നീതിയുടെ ഭയാനകമായ കാർക്കശ്യത്തെപ്പററിയോ, അവിടുത്തെ അനന്തമായ പുണ്യപരിശുദ്ധിയെപ്പററിയോ ആധുനികയുഗത്തിൽ മനുഷ്യൻ വേണ്ടത്ര കാര്യമായി ചിന്തിക്കുന്നില്ല. ലഘുതരങ്ങളായ പാപദോഷങ്ങൾ, കൊച്ചുകൊച്ചു കെല്പക്ഷയങ്ങൾ, പ്രായശ്ചിത്തം ചെയ്യുന്നതിലുള്ള അനാസ്ഥ എന്നിങ്ങനെയുള്ള കുററങ്ങളിൽ അടങ്ങിയിരിക്കുന്ന ഗൗരവത്തെ സാധാരണയായി നാം അവഗണിക്കുകയാണ്. ദൈവത്തിൻെറ കാരുണ്യം എത്ര അതിശയനീയമാണെന്നും, അനുതാപവിവശരായ മഹാപാപികളെ ആരാഞ്ഞാശ്ലേഷിക്കുന്നതിനു അവിടുന്നു എത്രമാത്രം ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നു എന്നും, ഇഹലോകജീവിതത്തിനിടയിൽ പാപികൾക്കു പാപമോചനം നൽകുന്നതിൽ എത്രമാത്രം അത്യുദാരത അവിടുന്നു കാണിച്ചിരുന്നു എന്നും മനസ്സിലാക്കുവാൻ നാം വലിയ വ്യഗ്രത പ്രകടമാക്കുന്നുണ്ട്.

പാപം ചെയ്യുന്നതെളുപ്പമാണെന്നു നമുക്കറിയാം. ദൈവം അത്ഭുതാവഹമായവിധം കരുണയുള്ളവനാണെന്നും അനുഗ്രഹദാനത്തിൽ അത്യുദാരനാണെന്നും നമുക്കറിവുണ്ട്. അതുകൊണ്ടു പാപംമൂലം അവിടുത്തെ ശത്രുക്കളായിത്തീരുന്ന നമുക്കു അവിടുത്തോടു രമ്യപ്പെടുന്നതിനും വളരെ എളുപ്പമുണ്ടെന്നാണ് നമ്മുടെ ധാരണ. മറിയം മഗ്ദലേനായുടേയും അനുതാപിയായ കള്ളൻെറയും ചരിത്രങ്ങൾ നമ്മുടെ ജീവിതവിഹായസ്സിൽ സദാപി പ്രതിധ്വനിക്കുന്നതായി നമുക്കനുഭവവേദ്യമാകുന്നു. പക്ഷേ ഇവിടെ ഒരു വ്യത്യാസം നാം അവഗണിക്കുന്നു. നമ്മുടെ അനുതാപം അവരുടേതുപോലെയുള്ളതാണോ? നമ്മുടെ അനുതാപത്തിനു മറിയം മഗ്ദലേനായുടെ അനുതാപവും ചുടുബാഷ്പവും പോലെ ഒരു ജീവിതസരണിയെ പാടെ പരിവർത്തനംചെയ്യിക്കത്തക്ക മാനസാന്തരശക്തിയുണ്ടോ? കുമ്പസാരമെന്ന ദിവ്യകൂദാശവഴി തീർച്ചയായും നമ്മുടെ പാപങ്ങൾക്കു പൊറുതി ലഭിക്കുന്നുണ്ട്. എന്നാൽ നിരന്തരമായ നമ്മുടെ പാപങ്ങൾമൂലം ഐഹികജീവിതത്തിലോ അനന്തരജീവിതത്തിലോ നാം പരിഹാരം ചെയ്യേണ്ട കാലത്തിനടുത്ത ശിക്ഷകളുടെ ഭീകരമായ ഉത്തരവാദിത്വം എങ്ങിനെ നമുക്കു നിർണ്ണയിക്കുവാൻ കഴിയും? മറിയം മഗ്ദലേനായുടെ രഹസ്യപാപങ്ങളെപ്രതി അവളനുഷ്ഠിച്ച പരസ്യമായ പരിഹാരകൃത്യങ്ങളും, അവളുടെ സർവ്വാശ്ലേഷകമായ സ്നേഹപാരവശ്യത്തിൻെറ ഫലമായി അവളൊഴുക്കിയ തോരാത്ത കണ്ണുനീരും അവളുടെ പാപക്കടങ്ങൾക്കുള്ള സമ്യക്കായ പ്രായശ്ചിത്തമായിരുന്നു. "അവൾ വളരെയധികം സ്നേഹിച്ചതുകൊണ്ടു അവളുടെ വളരെയധികം പാപങ്ങൾ പൊറുക്കപ്പെട്ടു." എന്നാൽ നമ്മെ സംബന്ധിച്ചു നമ്മുടെ പാപക്കടങ്ങൾ വളരെയധികമാണെങ്കിലും, ദിവ്യനാഥൻെറനേർക്കുള്ള നമ്മുടെ സ്നേഹം ഭയനീയമാംവണ്ണം ഉപരിപ്ലവവും നമ്മുടെ പരിഹാരകൃത്യങ്ങൾ നാമമാത്രമാംവിധം ലഘുതരങ്ങളുമല്ലയോ?

ഇനിയും, നമ്മുടെ ഭ്രഷ്ടജീവിതത്തോടു തുലനം ചെയ്താൽ വളരെ നിസ്സാരങ്ങളായ കുററങ്ങൾമാത്രം ചെയ്തിട്ടുള്ള വിശുദ്ധാത്മാക്കളുടെ അതികഠിനമായ തപ:ചര്യകളെപ്പററി അനുസ്മരിക്കുമ്പോൾ നാം ഭയന്നു ഞെട്ടിപ്പോവുകയാണ്. ഇത്ര കഠിനമായ പീഡകളെ ഈ ലോകത്തിൽ അവർ സസന്തോഷം സഹിച്ചുകൊണ്ടിരുന്നതു ശുദ്ധീകരണസ്ഥലത്തിലെ ഭയങ്കരങ്ങളായ ദുരിതങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു എന്നു നാം മനസ്സിലാക്കണം.

ഈ ലോകത്തിലായിരിക്കുന്നിടത്തോളംകാലം ദൈവത്തിൻെറ അനന്തമായ കൃപാസാഗരത്തിൽ നാം മുഴുകിക്കഴിയുകയാണ്. എന്നാൽ മരണത്തിൻെറ കവാടങ്ങളെ നാം കടന്നുകഴിയുമ്പോൾ മറുലോകത്തിലെ നിത്യവിധ്യാസനത്തിൻെറ മുമ്പിൽ തൽക്ഷണം നാമാനീതരാകും. ദൈവികപരിശുദ്ധിയുടെ അനന്തമായ മാഹാത്മ്യവും അവിടുത്തെ നിത്യനീതിയുടെ അലംഘനീയമായ ഉഗ്രതയും അവിടെ ഇദംപ്രഥമമായി അഭിമുഖം നാം ദർശിക്കും. ഓരോ മനുഷ്യനും അവനവൻെറ പ്രവൃത്തികൾക്കനുസരിച്ചാണ് അവിടുന്നു പ്രതിഫലം നൽകുന്നതു്. സ്വർഗ്ഗത്തിലെ വെണ്മയായ ആ തിരുസിംഹാസനത്തിൻെറ മുമ്പിൽ ദൈവേഷ്ടപ്രസാദമാകുന്ന നിർമ്മലാങ്കി ധരിച്ചുനില്ക്കുന്ന ആത്മാവു് അനുഗൃഹീതമായിരിക്കും. പക്ഷെ, അവനെന്നേക്കുമായി കടന്നുപോന്ന ലോകജീവിതത്തെക്കുറിച്ചുള്ള ആ നിമിഷത്തെ അവൻെറ പ്രത്യവലോകനം പണ്ടത്തേതിൽ എത്ര വ്യത്യസ്തമായിരിക്കും! ദൈവസ്നേഹത്തെക്കുറിച്ചുള്ള അജ്ഞതയാൽ മാനുഷികദുർബലതയുടെ ഒരു പ്രകടനമായി മാത്രം അവൻ ധരിച്ചുവച്ചിരുന്ന ചാവുദോഷം ഇപ്പോൾ എങ്ങിനെ ദൃശ്യമാകുന്നു? ഒരു നീചസൃഷ്ടി അപരിമിതശക്തിയായ സ്രഷ്ടാവിനെതിരായി പ്രവർത്തിച്ച ഘോരദ്രോഹങ്ങളായും, അവിടുത്തെ അലംഘനീയനിയമങ്ങളോടുള്ള നിന്ദാപരമായ വെല്ലുവിളികളായും അവ പ്രത്യക്ഷപ്പെടുന്നു. കേവലം നിസ്സാരങ്ങളായി അവഗണിച്ചുകളഞ്ഞ പാപദോഷങ്ങളാകട്ടെ, അത്യുച്ചമായ ദൈവികവിശുദ്ധിയുടെ മുമ്പിൽ മനുഷ്യശരീരത്തിലെ അറപ്പുവരുത്തുന്ന അഴുകിയ അർബുദവ്രണങ്ങളെപ്പോലെയും ദൃശ്യമാകുന്നു.

"അശുദ്ധമായതൊന്നും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല." ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള ചിന്ത ഭയാനകമാണ്. വിശുദ്ധന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതു്, അവിടത്തെ പീഡകൾ നരകപീഡകൾക്കു തുല്യമാണെന്നത്രേ. എങ്കിലും അതു ദൈവകൃപയുടെ ഒരു സൃഷ്ടിയാണെന്നു നമുക്കറിയാം. നിത്യജീവൻ പ്രാപിക്കുന്നതിനുള്ള അർഹതയോടെ ലോകം വിടുന്ന ആത്മാവുകൾ സ്വർലോകത്തിലെ ദൈവദർശനത്തിൻെറ നിത്യസൗഭാഗ്യത്തിലേക്കു സ്വീകരിക്കപ്പെടുന്നതിനുമുമ്പായി അവരിൽ അവശേഷിച്ചിട്ടുള്ള പാപമാലിന്യങ്ങളെ യഥായോഗ്യമാംവണ്ണം വിശുദ്ധീകരിക്കുന്ന എരിയുന്ന അഗ്നികുണ്ഡമാണു് ശുദ്ധീകരണസ്ഥലം.

ii

## തിരുസഭയുടെ പ്രബോധനം

ദിവ്യനാഥനെ അനുകരിച്ചു്, കത്തോലിക്കാതിരുസഭ പീഡയനുഭവിക്കുന്ന അവളുടെ കുഞ്ഞുമക്കളുടെ നേരെ എക്കാലവും ഏററം മൃദുലവും അത്യധികം ശ്രദ്ധാപൂർവ്വകവുമായ അനുഭാവം പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. വിശുദ്ധ കുർബാനയെന്ന മഹോന്നത ദിവ്യബലി അർപ്പിക്കപ്പെടുന്ന ഓരോ പ്രാവശ്യവും ബലിവസ്തുക്കളെ അൾത്താരയിൽ സ്ഥാപിച്ചുകൊണ്ടു വൈദികൻ ചൊല്ലുന്ന അതിപുരാതനമായ പ്രാർത്ഥനാഭാഗം ഇപ്രകാരമാണ്:–"ഞങ്ങൾക്കു മുമ്പേ, വിശ്വാസത്തിൻെറ അടയാളത്തോടുകൂടി കടന്നുപോയിരിക്കുകയും, സമാധാനത്തിൻെറ സുഷുപ്തിയിൽ നിദ്ര ചെയ്യുകയും ചെയ്യുന്ന അങ്ങേ ദാസന്മാരേയും ദാസിമാരേയും, കർത്താവേ, അങ്ങനുസ്മരിക്കേണമേ." തിരുസഭാമാതാവു് അവിടുത്തെ സന്താനങ്ങളെ ഒരിക്കലും വിസ്മരിക്കാത്തതുപോലെ നാമും അവരുടെ നേർക്കു ആർദ്രതയുടെ മൃദുലവികാരങ്ങളെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും ഈ ലോകത്തിൽവച്ചു നാമുമായി കൂടുതൽ ബന്ധപ്പെട്ടിരുന്നവരോടു വിശേഷതരമായ സ്നേഹം പ്രദർശിപ്പിക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്.

പക്ഷെ മരിച്ചവരെക്കുറിച്ചു നാം എത്ര വിരളമായിട്ടു മാത്രമാണ് ഓർമ്മിക്കുന്നതു്? പ്രത്യേകവിധത്തിൽ അനുസ്മരിക്കുന്നതിനും സഹായിക്കുന്നതിനും നാം കടപ്പെട്ടവരെപ്പോലും എത്ര എളുപ്പത്തിൽ നാം മറന്നുകളയുന്നു? ഇതു സങ്കടകരമല്ലേ? ലോകത്തിൽ മനുഷ്യൻ സഹിക്കേണ്ടിവരുന്ന സങ്കടങ്ങൾ ക്ഷണനേരത്തിൽ കടന്നുപോകുന്നവയാണ്. എങ്കിലും [illegible]മായ വേദനകൾ ദൂരീകരിക്കുന്നതിനുവേണ്ടി നാം അവർക്കു ചെയ്യുന്ന സേവനങ്ങളിൽ എത്ര വലുതായ ആനന്ദമാണ് നാം കാണുക. അങ്ങനെയെങ്കിൽ അവർ ശുദ്ധീകരണസ്ഥലത്തിലെ അത്യുഗ്രമായ പീഡകളിൽ മുഴുകിയിരിക്കുകയും നമ്മുടെ സഹായം ഏററമധികം ആവശ്യമായിരിക്കുകയും ചെയ്യുന്ന അവസരത്തിൽ അവരെ നാം വിസ്മരിച്ചുകളയുന്നതു ശോചനീയമല്ലേ! അതുകൊണ്ടത്രെ വർഷകാലത്തിൻെറ അരിഷ്ടതകൾ കഴിഞ്ഞു മനോഹരമായ വേനൽക്കാലത്തിൻെറ പുലരിയിൽ പ്രകൃതി ആനന്ദപുളകം ചാർത്തുന്ന ഈ കാലസന്ധിയിൽ തിരുസഭാമാതാവു്, സകല വിശുദ്ധന്മാരുടേയും തിരുനാളിൻെറ ആഹ്ളാദങ്ങളെ തുടർന്നു് സകല മരിച്ചവരുടേയും ഓർമ്മയെ ആചരിക്കുകയും, പരേതരുടെ ആത്മാവുകൾ ദാരുണമായ പീഡനത്തിൻെറ രക്തസാക്ഷിത്വം അനുഭവിക്കുന്ന ശുദ്ധീകരണസ്ഥലമാകുന്ന കാരാഗാരലോകത്തിൻെറ കവാടങ്ങൾ തുറന്നു നമ്മെ കാണിക്കുകയും ചെയ്യുന്നതു്. നവംബർമാസം മുഴുവനും തിരുസഭ ശുദ്ധീകരാത്മാവുകളുടെ ഭക്തിക്കായി നീക്കിവച്ചിരിക്കുകയാണ്. ആ വേദനാസ്ഥലത്തിൽനിന്നു വിശുദ്ധാത്മാക്കളെ വിമോചിപ്പിക്കുന്ന മഹത്തായ കാരുണ്യപ്രവർത്തനത്തിൻെറ പ്രേഷിതത്വമായിരിക്കണം ഈ മാസത്തിലെ നമ്മുടെ ലക്ഷ്യം.

(തുടരും)

# കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ

[അഗസ്റ്റിൻ പള്ളിക്കുന്നേൽ]

അച്ചടിയന്ത്രാവിർഭാവത്തോടുകൂടി ഗ്രന്ഥങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ബഹുമുഖമായ ആശയങ്ങൾ പ്രസിദ്ധീകരണങ്ങൾവഴി പ്രകടമാക്കുന്നതിനു് പലരും തങ്ങളുടെ തൂലികാചലനവുമായി മുന്നോട്ടു നീങ്ങി. പത്രങ്ങളും മാസികകളും വാരികകളും, വിനോദവീഥികൾകൊണ്ടും ചെറുകഥകൾകൊണ്ടും, അലങ്കാരനിർഭരങ്ങളും ആകർഷണനിദാനവുമായ ലേഖനങ്ങൾകൊണ്ടും, നിറഞ്ഞതോടൊപ്പം ഒരു വലിയ ജനവിഭാഗം ഗ്രന്ഥപാരായണത്തിൽ ഉൽസുകരായിത്തീർന്നു. പ്രസിദ്ധീകരണങ്ങൾ ഓരോ വീട്ടിലും കയറിപ്പററുന്നുണ്ടെന്നു് മനസ്സിലാക്കിയതോടെ, പ്രസിദ്ധീകരണങ്ങൾക്കു വായനശാലകളിലും പൊതുസ്ഥാപനങ്ങളിലും നല്ല ഒരു സ്ഥാനമുണ്ടെന്നു് ഗ്രഹിച്ചതോടെ, പത്രമാസികകളെ ആബാലവൃദ്ധം ജനങ്ങളും ഇഷ്ടപ്പെടുന്നുവെന്നറിഞ്ഞതോടെ, പ്രസിദ്ധീകരണങ്ങൾവഴി ഓരോരുത്തരേയും വശത്താക്കാമെന്നു് പ്രസിദ്ധീകരണാധികൃതരും ലേഖകന്മാരും മററുനേതാക്കന്മാരും ഗ്രഹിക്കുകയും, ഏതൽഫലമായി തങ്ങളുടെ ആശയങ്ങളെ ഏതു വിധേനയെങ്കിലും—ആദർശയോഗ്യമായ രീതിയിലോ അല്ലാതെയോ—ലോകസമക്ഷം വിതരുന്നതിൽ ബദ്ധശ്രദ്ധാലുക്കളായിത്തീരുകയും ചെയ്തു.

സന്മാർഗ്ഗവേദിയിൽ നിന്നുകൊണ്ടു് നല്ല നല്ല പ്രസിദ്ധീകരണങ്ങളെ ലോകത്തിനൊരുകൂട്ടർ പ്രദാനം ചെയ്യുമ്പോൾ, അസന്മാർഗ്ഗവേദിയിൽ നിന്നുകൊണ്ടു് മനുഷ്യനെ മൃഗമാക്കുവാനുപകരിക്കുന്ന, സൃഷ്ടിയെ സ്രഷ്ടാവിൽനിന്നുദൂരെയകററുവാനുപകരിക്കുന്ന, സാന്മാർഗ്ഗികമൂല്യങ്ങളെ കെട്ടുകെട്ടിക്കുവാനുതകുന്ന പ്രസിദ്ധീകരണങ്ങൾ പ്രദാനംചെയ്യുന്നു മറെറാരുകൂട്ടർ. ഒരു കൂട്ടർ ഉത്തമഗ്രന്ഥങ്ങളുടെ പ്രചരണത്തിനായി കാര്യമായിപ്രവർത്തിക്കുവാനനാസ്ഥ പ്രകടിപ്പിക്കുമ്പോൾ മറെറാരുകൂട്ടർ അശ്ലീലഗ്രന്ഥങ്ങളുടെ പ്രചാരത്തിനായി രാപ്പകലിടയില്ലാതെ ഉററുശ്രമിക്കുന്നു. ദുഷിച്ച പ്രസിദ്ധീകരണങ്ങളെ ഒരു വിഭാഗക്കാർ തങ്ങളുടെ സ്നേഹിതരായി കരുതുമ്പോൾ മറെറാരു വിഭാഗക്കാർ ഉത്തമമായ പ്രസിദ്ധീകരണങ്ങളെ തങ്ങളുടെ സർവ്വസ്വവുമായി കരുതുന്നു. വൈപരീത്യം നിറഞ്ഞ പുരോഗതി ലോകമിതിനകം കണ്ടുകഴിഞ്ഞു.

അക്ഷരാഭ്യാസമുള്ള ഏതൊരുവനും സ്വാഗതമരുളുന്ന പ്രസിദ്ധീകരണങ്ങൾക്കു്. എപ്രകാരമുള്ള പ്രസിദ്ധീകരണങ്ങളാണിവർക്കു ലഭിക്കേണ്ടതു്. ഇക്കാര്യം ഒരു കുഴഞ്ഞ പ്രശ്നമായി ചിലരുടെ മുമ്പിലുദിച്ചേക്കാം. നശ്വരതയ്ക്കുവേണ്ടിയും അനശ്വരതയ്ക്കുവേണ്ടിയും, ലോകത്തിനുവേണ്ടിയും ദൈവത്തിനുവേണ്ടിയും, രണ്ടായിത്തിരിഞ്ഞിരിക്കുന്ന ലോകത്തിൽ, അനശ്വരതയ്ക്കു വഴിതെളിക്കുന്ന ഗ്രന്ഥതല്ലജങ്ങളാണു് പ്രചരിക്കേണ്ടതെന്നു് ഏതൊരുവനും പ്രസ്താവിക്കും.

ഇതിനുതകുന്ന പ്രസിദ്ധീകരണങ്ങളാണ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പുരോഗമനസാഹിത്യത്തിൻെറവളത്തമ്മയല്ലെന്നു് ലോകംഗ്രഹിച്ചുകഴിഞ്ഞു. ക്ഷണപ്രഭാചഞ്ചലമായ ജീവിതസാഹചര്യങ്ങളെ വാനോളം പാടുന്ന ഒരു സംഗീതവിദ്യയല്ല കത്തോലിക്കാപ്രസിദ്ധീകരണം. പ്രത്യുതനിത്യസത്യതത്വസംഹിതകളെ, ഏതൊരുവനും സ്വീകാര്യമായ ആശയാദർശങ്ങളെ എന്നെന്നും പാടുന്ന കോകിലങ്ങളാണ് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ.

പരിശുദ്ധപിതാവു പതിനൊന്നാംപീയൂസ് ജൂബിലിവർഷത്തിൽ വിവിധസ്ഥലങ്ങളിൽനിന്നു് റോമ്മിൽ വന്നെത്തിയ പത്രപ്രവർത്തകരോടു പ്രസ്താവിക്കയുണ്ടായി, "കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ തിരുസഭയുടെ ജിഹ്വയാകുന്നു. ഒരു പുതിയ വാക്കിൽ പറയുകയാണെങ്കിൽ അവ തിരുസഭയുടെ ഒരു ഉച്ചഭാഷിണിയന്ത്രമാകുന്നു. കത്തോലിക്കാപ്രവർത്തകനായിരിക്കുകയെന്നതു വെറും തൊഴിലല്ല; ഒരു അപ്പസ്തോലവേലയാകുന്നു." പ. പിതാവിൻെറ സദാ സ്മരണീയമായ ഈ വാക്കുകളിൽനിന്നു് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ എന്തെന്നും അവയുടെ പ്രാധാന്യ



# അധികാരമോഹത്തിൻെറ ബലിയാടുകൾ

[കെ വി സെബാസ്റ്റ്യൻ]

സോവ്യററുയൂണിയനെപ്പററി നാം വളരെയധികം കേൾക്കുന്നുണ്ട്. പലരുടേയും അവധാനമായ പഠനത്തിനു് സോവ്യററുഷ്യ വിഷയമായിട്ടുണ്ട്. പണ്ഡിററു് നെഹ്റു, ജെ. സി. കുമരപ്പ, ഇന്ദിരാഗാന്ധി, മഹാകവി വള്ളത്തോൾ, രാജകുമാരി അമൃതകൗർ, ഡോക്ടർ കിച്ച്ലു എന്നിങ്ങനെ പല നിലകളിലും ചിന്താഗതികളിലുമുള്ള ആളുകൾ റഷ്യ സന്ദർശിക്കുകയും, ആ രാജ്യത്തേയും ജനങ്ങളേയുംപററി തങ്ങൾക്കുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്

എന്നാൽ സാധാരണക്കാരനു് വ്യക്തമായ ഒരഭിപ്രായം രൂപീകരിക്കാൻ ഈ പഠനങ്ങൾ സഹായകങ്ങളാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അനുകൂലിച്ചും പ്രതികൂലിച്ചും നിഷ്പക്ഷമായുമുള്ള അഭിപ്രായങ്ങളെ സ്വന്തം ബുദ്ധിക്കും, യുക്തിക്കും അധീനമാക്കി പരിശോധിക്കുമ്പോഴാണു്, ഒരുവനു്, ഏതൊരു കാര്യത്തെ സംബന്ധിച്ചും നിഷ്പക്ഷമായ ഒരഭിപ്രായം രൂപീകരിക്കാൻ കഴിയുക.

റഷ്യയിൽ വ്യക്തികളുടെ വളർച്ച തടയപ്പെട്ടിരിക്കയാണെന്നു് അഭിപ്രായപ്പെടുന്ന ചിന്തകന്മാരെ "ബൂർഷ്വാ"കളും, അമേരിക്കൻ ഏജൻറന്മാരും. പിന്തിരിപ്പന്മാരുമായി ചിത്രീകരിക്കാൻ മടിയില്ലാത്ത ചിലരുണ്ട്. റഷ്യൻ ഭരണക്രമത്തിൽ സാരമായ ചില തകരാറുകൾ ഉണ്ടെന്നു സംശയിക്കുകമാത്രം ചെയ്യുന്നവരെപ്പോലും സാമ്രാജ്യത്വാകിങ്കരന്മാരായി ചിത്രീകരിക്കുവാൻ ഇക്കൂട്ടർ മടിച്ചിട്ടില്ല

സാമ്പത്തികമായി ഉയർച്ചനേടിയ ഒരു രാജ്യമാണു് റഷ്യയെന്നതു് അധികമാരും ഇന്നു നിഷേധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ സ്വതന്ത്ര്യചിന്തയുടേയും വളർച്ചയുടേയുംമേൽ സ്റ്റേററിനുള്ള മാരകമായ നിയന്ത്രണങ്ങളെപ്പററി ചിന്തിക്കുമ്പോൾ, നല്ലപേരിനു് റഷ്യയ്ക്കു് അവകാശമില്ലെന്നു് അസന്നിഗ്ദ്ധമായി തെളിയുകയുംചെയ്യും. സാധാരണക്കാരൻെറമേൽ അടിച്ചേല്പിക്കപ്പെടുന്ന നിയന്ത്രണത്തിൻെറ കാര്യം പോകട്ടെ; ഭരണചക്രം തിരിക്കുകയും, തങ്ങളുടെ ഇഷ്ടപ്പോലെത്തവണ്ണം ലോകത്തെത്തന്നെ മാററിമറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന രാഷ്ട്രനേതാക്കന്മാരുടെ ഗതിയെന്താണു്? ഒരുകാലത്തു് സോവ്യററുജനതയുടെ ആരാധനാപാത്രങ്ങളായിരുന്ന, സാറിസ്റ്റുനുകത്തിൻകീഴിൽനിന്നും ആ വൻപിച്ച ജനതയെ സ്വതന്ത്രരാക്കിയ, റഷ്യയുടെ പുരോഗതിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നേതാക്കന്മാർക്കു് എന്തു സംഭവിച്ചു? ലിയോൺ ട്രോട്സ്കിക്കും, ബെറിയായ്ക്കും മററും എന്തു സംഭവിച്ചു? സുബോധമുള്ളവരെ ഇരുത്തിച്ചിന്തിപ്പിക്കുന്ന പര്യാപ്തങ്ങളായ പ്രശ്നങ്ങളാണിവ

## ലിയോൺ ട്രോട്സ്കി

ലെനിനോടും സ്റ്റാലിനോടുമൊപ്പം റഷ്യൻജനതയുടെ ഭാവിക്കു രൂപംകൊടുക്കാൻ ശ്രമിച്ചയാളാണു് ട്രോട്സ്കി. നീണ്ട മുടിയും, കറുത്ത താടിമീശയുമുള്ള, ചില്ലുമാത്രമുള്ള കണ്ണട ധരിച്ച ലിയോൺ ട്രോട്സ്കി.

1903-ൽ റഷ്യൻ തൊഴിലാളിപ്രസ്ഥാനം രണ്ടായിപ്പിരിഞ്ഞു. ഭൂരിപക്ഷമുള്ള മെൻഷെവിക്കുകളും, ന്യൂനപക്ഷമായ ബോൾഷെവിക്കുകളും. മെൻഷെവിക്കുകളുടെ നേതൃസ്ഥാനത്തുതന്നെ ട്രോട്സ്കിനിന്നു. ഒരു പ്രഗത്ഭനായ പ്രസംഗകൻ, എഴുത്തുകാരൻ, സമർത്ഥനായ നേതാവു് എന്നീ നിലകളിൽ ട്രോട്സ്കിയെ റഷ്യൻ തൊഴിലാളിവർഗ്ഗം അറിഞ്ഞിരുന്നു

1905-ലെ റഷ്യൻ വിപ്ലവത്തിൽ മെൻഷേവിക്കു് അധീനത്തിലുള്ള സെൻറു് പീറേറഴ്സ്ബെർഗ്ഗ് സോവിയററിൻെറ പ്രധാനിയായിരുന്നു ട്രോട്സ്കി.



**For favours received**

Mrs. Rosy Paul. Trichur

1917 മാർച്ചിൽ പെട്രോഗ്രാഡിലെ തൊഴിലാളികൾ പണിമുടക്കി. സാറിസ്റ്റ് ദുർഭരണത്തിൻെറ തുരുമ്പിച്ച ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാൻ അവർ സമരരംഗത്തേക്കു വന്നു. നിക്കോളാസ് ചക്രവർത്തി സിംഹാസനം ഉപേക്ഷിച്ചു് ഒളിച്ചോടി.

ലോകത്തിൻെറ മുഴുവൻ ശ്രദ്ധ പെട്രോഗ്രാഡിലേക്കു തിരിഞ്ഞു. ലെനിൻെറ നേതൃത്വത്തിൽ, കെറൻസ്കി ഗവമ്മെൻറിനെ തുടച്ചുനീക്കുവാൻ ജനങ്ങളെ ആയുധമണിയിക്കുകയായിരുന്നു അവിടെ. ഇടതുപക്ഷമെൻഷേവിക്കുകളുടെ നേതാവായിരുന്ന ട്രോട്സ്കിയെ ബോൾഷെവിക്കു് അണികളിലേക്കു കൊണ്ടുവരേണ്ടതു് ആവശ്യമാണെന്നു ലെനിൻ മനസ്സിലാക്കി. താമസിയാതെ ട്രോട്സ്കി ബോൾഷെവിക്കു് അണികളിലേക്കു നീങ്ങി.

ഒന്നാമത്തെ സോവ്യററു്ഗവമ്മെൻറിൽ ട്രോട്സ്കി വിദേശകാര്യകമ്മിസ്സാറായി.

പുതിയ ഗവമ്മെൻറിനു് സമാധാനം ആവശ്യമായിരുന്നു. അതുകൊണ്ടു് ജർമ്മനിയുമായി സന്ധിചെയ്യാൻ നേതാക്കന്മാർ തയ്യാറായി. ഈ സന്ധിക്കു ട്രോട്സ്കി എതിരായിരുന്നു. പാർട്ടിസെൻട്രൽകമ്മററിയിൽ ലെനിൻെറ നിർദ്ദേശത്തിനെതിരായി ഒരു പ്രാവശ്യം ഭൂരിപക്ഷംനേടാൻ അദ്ദേഹത്തിനു കഴിഞ്ഞു. സന്ധിയിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചുവെന്ന കാരണത്തിനു് ട്രോട്സ്കി പ്രതിവിപ്ലവകാരിയായി മുദ്രയടിക്കപ്പെട്ടു. വിദേശകാര്യകമ്മിസ്സാർസ്ഥാനത്തുനിന്നു് അദ്ദേഹം നിഷ്കാസിതനായി.

സോവ്യററു്ഗവമ്മെൻറിനു് ട്രോട്സ്കിയുടെ സേവനം പിന്നീടും ആവശ്യമായിവന്നു. അദ്ദേഹം യുദ്ധകാര്യകമ്മിസ്സാറായി നിയമിക്കപ്പെട്ടു.

1924 ജനുവരിയിൽ ലെനിൻ അന്തരിച്ചു. ലെനിൻെറ പിൻഗാമി ആരായിരിക്കണം എന്ന ചോദ്യം ഉയർന്നുവന്നു. സ്റ്റാലിനോ, ട്രോട്സ്കിയോ?

ലെനിൻെറ വില്പത്രത്തിൽ സ്റ്റാലിനെപ്പററി ഇങ്ങനെ പറഞ്ഞിരുന്നു: "Comrade Stalin, having become general secretary of the party, has concentrated tremendous power in his hands, and I am not sure he always knows how to use that power with sufficient caution....Stalin is too rude..... I propose to the comrades to find out a way of removing Stalin....."(The hundred most important people in the world today—by Donald Robinson)

എന്നാൽ ശക്തനും തന്ത്രജ്ഞനുമായിരുന്ന സ്റ്റാലിനു് ഇതൊരു തടസ്സമായിരുന്നില്ല. 1924 ജനുവരിയിൽ ചേർന്ന സോവ്യററു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ 13-ാം കോൺഗ്രസ്സിൽ ട്രോട്സ്കിക്കെതിരായി ഭൂരിപക്ഷം നേടാൻ സ്റ്റാലിനുകഴിഞ്ഞു. "ട്രോട്സ്കിസത്തെ ഒരാശയമെന്ന നിലയിൽ അവസാനിപ്പിക്കേണ്ടതു് നമ്മുടെ കടമയാണു്" സ്റ്റാലിൻ പ്രഖ്യാപിച്ചു. ഭരണയന്ത്രം സ്റ്റാലിൻെറ ഇരുമ്പുമുഷ്ടിയിലമർന്നു.

1927 മേയ്മാസത്തിൽ റെഡ്സ്ക്വയറിൽ ട്രോട്സ്കിയുടെ നേതൃത്വത്തിൽ, സ്റ്റാലിനെതിരായി ഒരു വൻപിച്ച പ്രകടനം നടന്നു. ട്രോട്സ്കിയെ പാർട്ടിയിൽനിന്നും റഷ്യയിൽനിന്നും പുറംതള്ളാൻ അധികകാലതാമസമുണ്ടായില്ല.

1940 ആഗസ്റ്റ് 20-ാംനു- റഷ്യൻ ചാരസംഘത്തിലെ അംഗമായ ഫ്റാങ്ക്ജാക്സൻ മെക്സിക്കോവിൽവച്ചു് അദ്ദേഹത്തെ വെട്ടിക്കൊന്നു. 1903 മുതൽ റഷ്യൻ തൊഴിലാളിവർഗ്ഗത്തിൻെറ സമരങ്ങൾക്കു് ഉയിരും ആവേശവും പ്രദാനംചെയ്തുകൊണ്ടു് പ്രവർത്തിച്ചതിനു് ലിയോൺ ട്രോട്സ്കിക്കു കിട്ടിയ പ്രതിഫലം! (തുടരും)

---

മെന്തനും വിശദമാകുന്നുണ്ട്. മറൊരിക്കൽ ഈ പാപ്പാതന്നെ പ്രസ്താവിക്കയുണ്ടായി, "കത്തോലിക്കാപ്രസിദ്ധീകരണങ്ങളും പ്രവർത്തകന്മാരും എൻെറ സ്വരമാകുന്നു"വെന്നു്.

ഇപ്രകാരമുള്ള പ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെ ചോദ്യം ചെയ്യാൻ ആരുമാരും തുനിയുകയില്ല. കാരണം അവയുടെ സാന്നിദ്ധ്യത്തിൽ സമാധാനനികേതനം കണ്ടെത്തിയവർ അനവധിയാണു്. കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ പാരായണത്താൽ എത്രയെത്ര പേർ സത്യവേദിയിലേക്കു് ആനയിക്കപ്പെട്ടിട്ടില്ല! "കത്തോലിക്കാപ്രസിദ്ധീകരണങ്ങൾക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുന്നതിനു് എന്നല്ല, വേണ്ടിവന്നാൽ നമ്മുടെ കുരിശും ചട്ടപ്പുകളും പണയംവയ്ക്കാൻപോലും നാം തയ്യാറാണു്" എന്നുള്ള മാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസ് മാർപ്പാപ്പായുടെ ലോകബഹുമാനങ്ങൾ ആർജ്ജിക്കുന്നവരിൽ അഗ്രേസരനായ ആ മഹോന്നതനേതാവിൻെറ, വാക്കുകൾ കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെ മാത്രമല്ല, അതിൻെറ അഭാവത്തിൽ വരാവുന്ന ഭയാനകമായ വിപത്തുകളെക്കൂടി പ്രസ്പഷ്ടമാക്കുന്നുണ്ട്

ആധുനികകാലത്തു് പത്രമാസികകൾക്കുള്ള സ്ഥാനം അദ്വിതീയമാണു്. തെരുവീഥികളിൽക്കൂടി അലഞ്ഞുതിരിയുന്ന യാചകർപോലും പത്രപാരായണത്തിൽ ശ്രദ്ധാലുക്കളായിത്തീർന്നിരിക്കുന്നു. സകലരും പ്രസിദ്ധീകരണങ്ങളെ സ്വാഗതം ചെയ്യുന്ന ഈ കാലസന്ധിയിൽ നല്ലനല്ല പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുകയെന്നതു ഒരു വലിയ കാര്യമായി, അറിവുള്ള അനേകർ കരുതുന്നു. പതിനഞ്ചാം ബെനഡിക്ടോസ് മാർപ്പാപ്പാ പറയുന്നു: "എല്ലാവരും എല്ലാ ദിവസവും വായിക്കുവാനിടവരത്തക്കവണ്ണം കത്തോലിക്കാപത്രങ്ങളേയും ഗ്രന്ഥങ്ങളേയും ധാരാളമായി പ്രചരിപ്പിക്കുന്നതിനോളം അഭിലഷണീയമായ മറെറാന്നുമില്ലെന്നാണു് എൻെറ അഭിപ്രായം." ഭാഗ്യസ്മരണാർഹരായ മററു പരിശുദ്ധ പിതാക്കന്മാരും ഈ ആശയംതന്നെ പ്രകടമാക്കിയിട്ടുണ്ട്.


## തൈക്കാട്ടു് മൂസ്സ് വക
## ഇ. വി. എം. വൈദ്യശാല

ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ


## ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.


സൗജന്യവിതരണഫണ്ടു്

അബ്രാഹം കുടിയിരിപ്പിൽ ഉഴവൂർ 1—8—0


## ബുദ്ധിപൂർവ്വമായി നിക്ഷേപിച്ചതിനാൽ ജീവിതത്തിലെ മുഖ്യമായ • ആഗ്രഹം സഫലമായി



ശ്രീമാൻ മൂർത്തിയും അദ്ദേഹത്തിൻെറ ഭാര്യയും വളരെ നാളുകളായി ഈ സുദിനം കാത്തുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും വിവരിച്ചു കേട്ടിട്ടുള്ളതായ പുണ്യസ്ഥലങ്ങളെപ്പററി അവർ വീണ്ടും വീണ്ടും സംസാരിക്കാറുണ്ടായിരുന്നു. ഈ തീർത്ഥാടനം ചെയ്യുവാൻ വേണ്ട സമ്പാദ്യം ഉണ്ടാകുന്നതുവരെ അവർ കൊല്ലംതോറും ഓരോ തുകകൾ മിച്ചം വച്ചുകൊണ്ടിരുന്നു. ആ തുകകൾ നല്ല പലിശ കിട്ടുന്നതിനു വേണ്ടി പാലാ സെൻട്രൽ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുകയും ചെയ്തു.

### വാർദ്ധക്യ കാലത്തേക്കു വേണ്ടി എങ്ങിനെ കരുതുവാൻ സാധിക്കും

വാർദ്ധക്യത്തിൽ ഒരു വാർഷികാദായം ലഭിക്കുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? നിങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവർക്കു ഒരു സ്ഥിരമായ വരുമാനം സിദ്ധിക്കണമെന്നുണ്ടോ? ജോലിയിൽ നിന്നും വിരമിച്ചതിനു ശേഷം ഒരു വീടു് പണിയിക്കണമോ? പുണ്യസ്ഥലങ്ങൾ സന്ദർശിക്കണമോ?

നിങ്ങൾക്കു ഉത്തമമായിട്ടുള്ളതു് ഒരു ദീർഘകാല നിക്ഷേപ പദ്ധതിയാണു്. അതിനാൽ നിങ്ങളുടെ സമ്പാദ്യം പാലാ സെൻട്രൽ ബാങ്കിൽ സ്ഥിര നിക്ഷേപമായി ഇടുക. ആദായകരമായ ഒരു വരുമാനം നിങ്ങൾക്കു് മുടങ്ങാതെ കിട്ടും. ഈ ഗുണവശങ്ങളെ പ്രത്യേകം ഓർമ്മിക്കുക:

* വർദ്ധിച്ച പലിശ നിരക്കു്: 3 മാസത്തിനു് $2\frac{1}{2}$ ശതമാനം
  6 ,, 3 ,,
  12 ,, $3\frac{1}{2}$ ,,
  24 ,, 4 ,,
  36 ,, $4\frac{1}{2}$ ,,
* പലിശ ആറാറു മാസം കൂടുമ്പോൾ നൽകുന്നു.
* നൂറു രൂപാ മുതൽ ഏതു സംഖ്യയും നിക്ഷേപിക്കാം.




**കൂടുതൽ പലിശ കിട്ടുന്ന സ്ഥിരനിക്ഷേപങ്ങൾ'** എന്ന ലഘു ഗ്രന്ഥത്തിൻെറ ഒരു കോപ്പിക്കു് അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് ആവശ്യപ്പെടുക.

ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC

ആഖ്യായിക

# ബറബ്ബാസ്



## അദ്ധ്യായം 10 (തുടർച്ച)

## "എന്നിൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ അവൻ മരിക്കുകയില്ല"

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി]

പീലാത്തോസ് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു: "സംഗതി വളരെ ലഘുവാക്കിയാണ് നിങ്ങൾ ചിത്രീകരിച്ചിരിക്കുന്നതു്. എന്നാൽ യാഥാർത്ഥ്യം അപ്രകാരമല്ല. കുരിശുമരണം വിധിക്കാതെ വലികപ്പലിലെ ശിക്ഷ മതിയാകാമോയെന്നു ഞാൻ ആലോചിക്കുകയാണ്. ഏതായാലും ഇനിയും മൊഴി തന്നിട്ടില്ലാത്ത വേറൊരു സാക്ഷിയും ഹാജരുണ്ടല്ലോ. മറിയേ, നിങ്ങൾക്കെന്താണ് പറയുവാനുള്ളതു്?"

ജോസഫിന്റെ സമീപം സങ്കോചപൂർവ്വം നിന്നിരുന്ന മറിയ പീലാത്തോസിന്റെ സുസ്മേരവദനം ലക്ഷ്യമാക്കി ഉററുനോക്കി. താൻ പീലാത്തോസിന്റെ സമക്ഷം നടത്തുന്ന നിവേദനം നിഷ്ഫലമാകുകയില്ലെന്നായിരുന്നു അവളുടെ വിചാരം. "പ്രൊക്കുറേറ്റർ, നിയമത്തിന്റെ ഗതി സംബന്ധിച്ച് എനിക്കൊന്നും പറയുവാനില്ല. ഞങ്ങൾ അയാളെ സ്വീകരിച്ച് പരിചരിച്ചതു് പ്രമാണമനുസരിച്ചായിരുന്നുവെന്നെനിക്കുറപ്പുണ്ടു്." അവൾ ശാന്തയായി സംസാരിച്ചു.

"പ്രമാണം! പ്രമാണം! ഏതു പ്രമാണം?" പീലാത്തോസ് ചോദിച്ചു.

പ്രശാന്തതവിടാതെ മറിയ മറുപടിനൽകി: "ഗുരു ഞങ്ങൾക്കുപദേശിച്ചുതന്നിട്ടുള്ള പ്രമാണം."

"ഗുരു. ആ നസ്രായന്റെ കാര്യമായിരിക്കാം പറയുന്നതു്. നിങ്ങളുടെ പ്രവാചകൻ, നിങ്ങളുടെ മിശിഹാ! മൃതരുടെമേൽ ഇന്ദ്രജാലം പ്രയോഗിക്കുന്ന വിദ്വാൻ."

"ദൈവസുതൻ" മറിയ വിളിച്ചുപറഞ്ഞു.

മറിയയുടെ ഉൽക്രോശത്തോടുടനു് ക്ഷണികമായ വിസ്മയഭാവത്തിനു പീലാത്തോസ് അധീനനായി. അനന്തരം ഒരു പരിഹാസസ്മിതം അധരങ്ങൾക്കു ചുററും ഓളംവെട്ടുകയിൽ അദ്ദേഹം പ്രസ്താവിച്ചു: "നാട്ടിൻപുറങ്ങളിൽകൂടി ഭിക്ഷുവായി അലഞ്ഞുനടക്കുന്ന ദൈവസുതൻ! തീർച്ചയായും വിചിത്രനായ ഒരു ദൈവസുതൻതന്നെ. നിങ്ങളുടെ ദൈവങ്ങളിൽനിന്നു് നിങ്ങൾ അധികമൊന്നും പ്രതീക്ഷിക്കുന്നില്ല, അല്ലേ? ഇതുവരെ ഒരു ദൈവം മതിയായിരുന്നു. ഇപ്പോൾ ആ ദൈവത്തിനൊരു സുതനുമായി. ഞങ്ങൾ, റോമന്മാർ ചക്രവർത്തികളെ ദൈവസ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെയിടയിൽ ആ സ്ഥാനം നിസ്സാരനായ വെറും സഞ്ചാരിക്കാണെന്നു തോന്നുന്നു."

"ഇഷ്ടംപോലെ പരിഹസിച്ചോളൂ, പ്രൊക്കുറേറ്റർ. പക്ഷെ അങ്ങു് അദ്ദേഹത്തെ വല്ലപ്പോഴും കണ്ടിരുന്നുവെങ്കിൽ......" മറിയ പറഞ്ഞു.

മറിയയുടെ വാക്യത്തിനു് പീലാത്തോസിന്റെ ആംഗ്യംമൂലം വിരാമംവന്നു. ആസ്ഥാനി സംഭാഷണംതുടർന്നു: "ആ ജാതി ആഗ്രഹം പ്രകടിപ്പിക്കാതിരിക്കുകയാണു് ഭേദം. അദ്ദേഹത്തെ കാണുവാൻ എനിക്കവസരം ലഭിച്ചിരുന്നുവെങ്കിൽ അതദ്ദേഹത്തിനു് ഗുണകരമായി കലാശിക്കുകയില്ലായിരുന്നു. ഇനി കാര്യഭാഗത്തിലേക്കു കടക്കാം. നിങ്ങളുടെ ഗുരുവിന്റെ കാര്യം ഉരുവിട്ടതുകൊണ്ടു് സഹോദരൻ ചെയ്ത കുററസമ്മതത്തിന്റെ ഫലത്തിൽനിന്നൊഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല." ലാസറസിനെ അഭിമുഖീകരിച്ച് അദ്ദേഹത്തോടായി ചോദിച്ചു: "നിങ്ങൾ എന്താണങ്ങനെ ചെയ്തതു്?"

"വ്യാജം പറയുന്നതു് വിരോധിച്ചിരിക്കുകയാണു്" ലാസറസ് മറുപടിപറഞ്ഞു.

"ആരാണു വിരോധിച്ചതു്? നിങ്ങളുടെ പ്രമാണമോ? അങ്ങനെയെങ്കിൽ ആ വിരോധം ആരും ഗണ്യമാക്കുന്നില്ലെന്നുള്ളതാണു് അനുഭവം. വ്യാജോക്തി, മറെറങ്ങുമില്ലാത്തവിധം ഈ യെരുശലമിൽ നാടോടിനാണയമാണു്. ലാസറസ്, നിങ്ങൾക്കനുഭവപ്പെട്ട ആപൽശങ്കയെപ്പററിത്തന്നെ ചിന്തിക്കൂ. ബുദ്ധിശൂന്യമായി, സത്യം പറയണമെന്നു വിചാരിക്കുവാൻ നിങ്ങൾക്കെങ്ങനെ തോന്നി? നിങ്ങളുടെ പഴയ പ്രധാനാചാര്യന്മാരുടെ പ്രമാണമാണു് സ്വീകാര്യമായി ഞാൻ ഗണിക്കുന്നതു്. ആരെങ്കിലും തെററുചെയ്താൽ അയാളിൽനിന്നു് ഏതാനും കുഞ്ഞാടുകളെ അവർ ദേവാലയത്തിലേക്കാവശ്യപ്പെടും. തെററുകാരന്റെ കുററം ആ വഴിക്കു് ഉടൻ റദ്ദാകുകയുംചെയ്യും. ലാസറസ്, നിങ്ങൾ എന്തുകൊണ്ടീ സമ്പ്രദായം സ്വീകരിച്ചില്ലാ?"

"ഗുരു അനൃതഭാഷണം വെറുക്കുന്നതുകൊണ്ടു്."

"ഗുരു—പിന്നെയും ഗുരു!" പീലാത്തോസ് പറഞ്ഞു. അനന്തരം ജോസഫിനെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടു് തുടർന്നു: "സാന്ദർഭികമായി ഒരു കാര്യം ചോദിക്കുകയാണു്. ഈ നിങ്ങളുടെ ഗുരുവും ബാറബാസിന്റെ അനുയായികളും തമ്മിൽ ഏതെങ്കിലും ബന്ധമുണ്ടോയെന്നറിയുന്നതുകൊള്ളാം. ജോസഫിനു വല്ലതും അറിയാമോ?"

"ഈശോയും ബാറബാസും തമ്മിൽ യാതൊരു ബന്ധത്തിനുമവകാശമില്ല. നേരെമറിച്ച്, അവർ തമ്മിലുള്ളിടത്തോളം വൈരുദ്ധ്യം മററു രണ്ടു വ്യക്തികൾ തമ്മിലുണ്ടാകുകയുമില്ല. ഈശോ ശാന്തിയുടെ സന്ദേശവാഹകനാണു്. ബറാബാസ് ഹിംസയുടെ ആളും. തീയും വെള്ളവും തമ്മിൽ കൂടുതൽ പൊരുത്തക്കേടില്ല." ജോസഫ് മറുപടിനൽകി.

"ആ നിലയ്ക്കു് ലാസറസ് ഈശോയുടെ ഉപദേശമനുസരിച്ച് ജീവിക്കുന്നുവെന്ന സംഗതി സുപ്രസിദ്ധമായിരിക്കെ, അദ്ദേഹത്തിന്റെ ഭവനത്തിൽ, മറെറങ്ങും ഇടമില്ലാത്തതുപോലെ, ഈ എസ്രായെന്നവനെ കൊണ്ടുചെന്നാക്കിയതു് വളരെ വിസ്മയാവഹമായി തോന്നുന്നു."

"ഞങ്ങൾക്കില്ലാത്ത ഗുണവിശേഷങ്ങൾ അന്യരിൽ കാണുമ്പോൾ അവയെ ആദരിക്കുന്ന ആളുകൾ ധാരാളമുണ്ടു്, പ്രൊക്കുറേറ്റർ. എസ്രായെ ലാസറസിന്റെ ഭവനത്തിൽ ആക്കിയവർ അങ്ങനെ ചെയ്തതു് ഒരുപക്ഷെ ലാസറസ് ഗുരുവിന്റെ ഉപദേശമനുസരിച്ചു ജീവിക്കുന്നുവെന്നറിഞ്ഞതുകൊണ്ടുതന്നെ ആയിരിക്കണം."

കാര്യം എങ്ങനേയും അവസാനിപ്പിക്കുവാൻ പീലാത്തോസ് ഇപ്പോഴേക്കും ഉത്സുകനായിത്തീർന്നു. എങ്കിലും അപ്യാനം പെട്ടെന്നു നടത്തുന്ന വിഷയത്തിൽ വൈമനസ്യം ഉണ്ടായിരുന്നു.

"ജോസഫ്, എല്ലാ സംഗതികൾക്കും നല്ല സമാധാനമാണു് നിങ്ങൾക്കുള്ളതു്. എങ്കിലും നിങ്ങളുടെ യുക്തിവാദരീതി ബഥാനിയായിലെ മുഖ്യറാബിയെ തൃപ്തിപ്പെടുത്തുമോയെന്നു ഞാൻ സന്ദേഹിക്കുന്നു. ആന്റിപ്പാസിന്റെ രാജധാനിയിൽ തന്റേതു് ഒരു പുത്രനുണ്ടെന്നഭിമാനിക്കുന്ന പ്രധാനാചാര്യൻ ഹന്നാസിനേയും. റോമിൽനിന്നു ഉപദ്രവമുണ്ടാകാതിരിക്കുവാനായി ഒരു പ്രൊക്കുറേറ്റർ ഒട്ടുവളരെ കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ടെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ."

"പ്രൊക്കുറേറ്റർ, അനുഗ്രഹിക്കണമെ" പ്രാർത്ഥനാപരമായി അഞ്ജലീബദ്ധതയോടുകൂടി മറിയ അഭ്യർത്ഥിച്ചു.

പീലാത്തോസ് അവളെ സുദീർഘം, അവൾ മുഖം താഴ്ത്തുവാൻ നിർബന്ധിതയായതുവരെ, തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

"നിങ്ങളുടെ സഹോദരനെ സ്വതന്ത്രനാക്കിയിട്ടു് നിങ്ങളെ വിശ്വാസസ്ഥാനിയായി ഇവിടെ സ്വീകരിച്ചുകൊള്ളാം." പീലാത്തോസിന്റെ ഈ അഭിപ്രായം കേട്ടമാത്രയിൽ മറിയ ഭയപ്പെട്ടു് പിമ്പോട്ടുമാറിയതിനെത്തുടർന്നു്, "തീർച്ചയായും ക്ലാവുദിയായുടെ മേൽനോട്ടത്തിൽതന്നെ" എന്ന വിശദീകരണം അദ്ദേഹം നൽകി. ക്ലാവുദിയായുടെ വിസ്മയാകുലമായ നോട്ടം കണ്ടപ്പോൾ പീലാത്തോസ് കുഴങ്ങി. സംഗതി ദീർഘിപ്പിക്കാതെ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

"ലാസറസ് ബുദ്ധിശൂന്യമായി ചെയ്ത കുററസമ്മതം ചൂഷണംചെയ്യുവാൻ ഞാൻ തുനിയുന്നില്ല. എസ്രാ നിങ്ങളുടെ ഭവനത്തിൽ ഭടന്മാർ അന്വേഷണം നടത്തിയപ്പോൾ ഉണ്ടായിരുന്നില്ല. ജോസഫിന്റെയും മറിയയുടേയും മൊഴികൾ ഞാൻ വിശ്വസിക്കുന്നു. ലാസറസ്, തടവുചാടി ഒളിച്ചോടിപ്പോയ ഒരു കുററക്കാരനായിരുന്നു എസ്രായെന്നു് നിങ്ങൾ അറിഞ്ഞിരുന്നില്ല. അക്കാരണമായിട്ടാണു് നിങ്ങളെ എന്റെ മുമ്പിൽ ഹാജരാക്കിയിട്ടുള്ളതു്. നിങ്ങൾക്കെതിരായി നടന്ന കുററാരോപണം അടിസ്ഥാനരഹിതമാകയാൽ ഞാൻ നിങ്ങളെ നിർദ്ദോഷിയെന്നു പ്രഖ്യാപിച്ച് വിട്ടയക്കുന്നു. അപവാദിയായി വന്നിട്ടുള്ളവനെ അടിശിക്ഷയ്ക്കു വിധിക്കുന്നു. അതു് അയാൾക്കും അയാളുടെ സ്നേഹിതൻ പ്രധാനാചാര്യനും ഒരു നല്ല പാഠമായിരിക്കും, സംശയമില്ല. ലാസറസ്, ഈ വിധികാര്യത്തിൽ കൂടുതൽ വല്ലതും പറയാനുണ്ടോ?"

"പ്രഭോ, എന്നേയും എന്റെ കുടുംബത്തേയും അനുഗ്രഹിച്ചതിൽ ഞാൻ അവിടുത്തോടു് അത്യധികം കൃതജ്ഞനാണു്. എനിക്കൊരപേക്ഷയുണ്ടു്. എന്റെ അഭിയോഗിക്കു് മാപ്പുകൊടുക്കണം. അയാളെ ശിക്ഷിക്കുന്നതിൽ സങ്കടമുണ്ടു്."

"അയാൾ നിങ്ങളുടെ ശത്രുവാണല്ലോ, ലാസറസ്."

"അയാൾ എന്റെ ശത്രുവായിരിക്കാം. അയാൾക്കു ഞാൻ ശത്രുവല്ല. ഞാൻ അയാൾക്കുവേണ്ടി അപേക്ഷിക്കുന്നു, പ്രൊക്കുറേറ്റർ. ജോസഫ്, മറിയ, നിങ്ങളും എന്റെകൂടെ അയാൾക്കുവേണ്ടി മാപ്പപേക്ഷിക്കൂ."

ലാസറസിനേയും, കൂപ്പുകൈയോടുകൂടി കാണപ്പെട്ട ജോസഫ്, മറിയ ഇവരേയും സ്വല്പനേരം നോക്കിയിട്ടു് പീലാത്തോസ് മുഖംതിരിച്ചുകളഞ്ഞു. അനന്തരം സകോപം അവരോടായി ഗർജ്ജിച്ചു: "നിങ്ങൾ ഏതുവിധത്തിലുള്ള മനുഷ്യരാണു്! ലാസറസ്, തന്നെ കുരിശിലേററുവാൻ വന്നവനു നൽകേണ്ടതായ അടിശിക്ഷ സ്വയം വരിക്കാൻ താൻ സന്നദ്ധനായിരിക്കും, ഇല്ലേ? എന്താണഭിപ്രായം, കേൾക്കട്ടെ."

"ഞാൻ അടിയേററാൽ അയാൾക്കു മോചനം ലഭിക്കുമെങ്കിൽ ഞാൻ തയ്യാറാണു്", പ്രൊക്കുറേറ്റർ."

പീലാത്തോസിന്റെ ഉന്നതമായ നെററിത്തടത്തിൽ ഒരു രേഖ ആഴത്തിൽ ദൃശ്യമായി. തടിച്ച അധരങ്ങൾ പരാജയഭാവത്തിൽ കുഞ്ചിതമായി. മറിയയുടെ യാചകമായ അവലോകനം അദ്ദേഹത്തെ അഭിമുഖീകരിച്ചു.

"ഇതു്" എനിക്കൂഹാതീതംതന്നെ. ഏതായാലും അപവാദി കുറേക്കാലത്തേക്കു ജയിൽവാസം അനുഭവിക്കട്ടെ. എന്നോടും റോമൻനീതിയോടും റോമായുടെ പ്രശസ്തിയോടും എനിക്കുള്ള കർത്തവ്യനിർവ്വഹണത്തിനു് അതു് അപരിത്യാജ്യമാകുന്നു. ലാസറസ്, നിങ്ങൾ സ്വതന്ത്രനാണു്, നിങ്ങൾക്കു പോകാം. ജോസഫ്, മുമ്പിലത്തേതിലുമധികം ബഹുശഃ നിങ്ങൾ എന്നെ സന്ദർശിക്കുമെന്നു വിശ്വസിക്കട്ടെയോ? നിങ്ങളുമായി ചർച്ചചെയ്യേണ്ട പല കാര്യങ്ങളുണ്ടു്. മറിയേ, എന്റെ വസതിയിൽ നിങ്ങൾക്കു് സദാ സ്വാഗതമാണെന്നറിയാമല്ലോ. നസ്രത്തുകാരനായ ആ മനുഷ്യനോടുള്ള ഭക്തിപാരവശ്യത്തിൽ നിങ്ങളുടെ പഴയ ഇഷ്ടജനങ്ങളെ തീർത്തും വിസ്മരിക്കരുതു്. എന്നോടു നന്ദിപറഞ്ഞിട്ടു കാര്യമില്ല. നിങ്ങൾക്കു സമാധാനം."

ലാസറസ്, ജോസഫ്, മറിയ ഇവർ യാത്രയായപ്പോൾ ശാലയിൽ പ്രദോഷതിമിരം പ്രവേശിച്ചുകഴിഞ്ഞിരുന്നു. നിശാദിയിൽ പീലാത്തോസിന്റെ വിളറിയമുഖം ഈഷൽപ്രകാശിച്ചതായി തോന്നി. ക്ലാവുദിയാ മുറിയിൽനിന്നിറങ്ങിപ്പോയതദ്ദേഹം അറിഞ്ഞില്ല. ഏതോ തോൽവിപററിയ ഭാവത്തിൽ "ഗുരു, ഗുരു" എന്നിങ്ങനെ അദ്ദേഹം പൊറുപൊറുത്തു. (തുടരും)

---

(2-ാം പേജ് തുടർച്ച)

വിശപ്പുതീരെ ഇച്ചിരി കഞ്ഞി കൊടുത്തിട്ടില്ലാത്ത പുള്ളിയാ. ഇതു വല്ലോം ദൈവം പൊറുക്കുമോ! ബീയേക്കാരനായാലെന്താ കീയേക്കാരനായാലെന്താ. എന്നാ പിന്നെ ലോകമില്ലല്ലോ."

അടുത്തുനിന്ന ഹമീദ് നാരായണന്റെ വാ പൊത്തിക്കളഞ്ഞു. നാലുമണിയോടുകൂടി ശവസംസ്കാരം കഴിഞ്ഞു് എല്ലാവരും വീട്ടിൽ തിരിച്ചെത്തി. സദ്യയും വളരെ കേമമായി നടന്നു. ഇതിനിടയിൽ "നുണയൻശങ്കരൻ," ചായക്കടയിൽവച്ചുള്ള നാരായണന്റെ വാക്കുകൾ ചാക്കോച്ചന്റെ ചെവിയിൽ എത്തിക്കാതെയും ഇരുന്നില്ല. ബന്ധുമിത്രാദികൾ മിക്കവാറും പിരിഞ്ഞു.

പശ്ചിമദിക്കെങ്ങും അന്തിച്ചുവപ്പു വ്യാപിച്ചുകഴിഞ്ഞു. കാലമാകുന്ന തട്ടാൻ, നിശാദേവിക്കു നക്ഷത്രമാല പണിയുവാൻവേണ്ടി, സൂര്യബിംബമാകുന്ന ചുട്ടുപഴുത്ത സ്വർണ്ണക്കട്ട പശ്ചിമാബ്ധിയിൽ മുക്കുകയാണു്. രജനിയുടെ ആഗമനമായി. ചാക്കോച്ചൻ അന്നത്തെ ചെലവുകളെല്ലാം തിട്ടപ്പെടുത്തുകയാണു്; എങ്കിലും എന്തോ ഒരു തീരാദുഃഖം. ഹൃദയത്തിനു സ്വസ്ഥത തെല്ലുമില്ല. മണി ഒൻപതുകഴിഞ്ഞു. എല്ലാവരും നിദ്രയ്ക്കു വട്ടംകൂട്ടി. ചാക്കോച്ചനും കിടന്നു. തന്റെ കണ്ണുപൊത്താൻവന്ന നിദ്രാദേവിയുടെ മൃദുലാംഗുലികളെ, ചാക്കോച്ചന്റെ ചിന്താശരങ്ങൾ നിർദ്ദയം പായിച്ചുകളഞ്ഞു. അർദ്ധരാത്രിയോടടുത്തപ്പോൾ ചാക്കോച്ചനൊന്നു മയങ്ങി. ഒരു ദുഃസ്വപ്നം ചാക്കോച്ചനെ പിടികൂടിക്കഴിഞ്ഞു. നാലു സാത്താന്മാർവന്നു് തന്നെ കട്ടിലോടെ എടുത്തുകൊണ്ടു് അതിവേഗം നരകത്തിലേക്കു പായുന്നു. സാത്താന്മാരുടെ പടമേ അദ്ദേഹം കണ്ടിട്ടുള്ളു. അന്നു ജീവനുള്ള പിശാചുക്കളെ നേരിട്ടുകണ്ടു ഭയന്നു. ചാക്കോച്ചന്റെ നാവനങ്ങുന്നില്ല. ഭയങ്കരമായ ഒരലറലോടുകൂടി പിടഞ്ഞെഴുന്നേററു് അദ്ദേഹം കട്ടിലിലിരുന്നു. മാമ്മിക്കുട്ടി ലൈററിന്റെ വെട്ടണമർത്തി. മുറി നരകമല്ലെന്നു ചാക്കോച്ചനു ബോദ്ധ്യമായി.

മാമ്മിക്കുട്ടി ചോദിച്ചു: "എന്താ, ശബ്ദിച്ചുകൊണ്ടെഴുന്നേററതു്?" ചാക്കോച്ചൻ മിണ്ടുന്നില്ല. സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ സാമുവൽ ജോൺസന്റെ പശ്ചാത്താപകഥ അദ്ദേഹത്തിന്റെ ചിന്തയിൽ ഉദയംചെയ്തു. ഒരു സാലഭഞ്ജികപോലെ അയാൾ നമ്രമുഖനായിരുന്നു ചിന്തിക്കുകയാണു്, നീറുന്ന ഹൃദയത്തോടുകൂടി.

For favours received



Mrs. Mary Sebastian
Trichur

"ദൈവമേ! അങ്ങെന്നോടു ക്ഷമിക്കുമോ? എന്റെ പിതാവെനിക്കു മാപ്പുതരുമോ? വാക്കുകളാൽ പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ അഗാധമായ ഹൃദയതാപം ആരുകണ്ടു! എന്റെ കടമ ഞാൻ ചെയ്തിട്ടില്ല! നിശ്ചയം! എനിക്കു രക്ഷപെടാമായിരുന്ന അവസരങ്ങളെല്ലാം കഴിഞ്ഞുപോയില്ലേ? ദൈവമേ! അങ്ങെനിക്കു മാപ്പുതരുമോ?" ഉത്തരം കണ്ടെത്താനാവാത്ത ചോദ്യങ്ങൾ. ഇതിനിടയിൽ അമ്മിണിക്കുട്ടി പിടഞ്ഞെഴുന്നേററു് പിതാവിന്റെ പക്കൽവന്നു നിന്നു പറയുകയാണു്: "അപ്പച്ചാ! എന്റെ പൊന്നാളിനു പായിശംവെച്ചിട്ടു് അമ്മച്ചി വെല്ലിപ്പിച്ചനു കൊടുത്തില്ല."

മുറിയുടെ നടുക്കു തൂണുപോലെ നിന്നിരുന്ന മാമ്മിക്കുട്ടിയെ, അതികഠിനമായ താപവും ക്രൂരതയും നിറഞ്ഞ ഭാവത്തോടുകൂടി ചാക്കോച്ചനൊരു നോട്ടം; മാമ്മിക്കുട്ടി ആ മുറിയിൽനിന്നു കടന്നുകളഞ്ഞു. ചാക്കോച്ചനു ഹൃദയവേദന അസഹ്യമായിതോന്നി. അദ്ദേഹം വാവിട്ടു കരഞ്ഞുകൊണ്ടു് കട്ടിലിലേക്കു വീണു. കുറച്ചു കരഞ്ഞുകൊള്ളട്ടെ; അതു് അദ്ദേഹത്തിന്റെ ഹൃദയഭാരം തെല്ലു ശമിപ്പിക്കുമെങ്കിൽ!

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam November 16 1955 No. 15

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

### 47-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ — മോതിരമോ?

### പ്രശ്നം നമ്പ്ര് 48

(ബേബി വർഗ്ഗീസ് മേനാച്ചേരി ആലുവാ)

ഒരു സംഖ്യ. ആ സംഖ്യയെ യഥാക്രമം 2, 3, 4, 5, 6 എന്നീ സംഖ്യകൾകൊണ്ടു ഹരിച്ചാൽ 1, 2, 3, 4, 5 എന്ന സംഖ്യകൾ ശിഷ്ടംകിട്ടും. സംഖ്യയെത്ര?

(ഉത്തരം അടുത്തതിൽ)

### പഴഞ്ചൊല്ലുകൾ


(ഐ. എ. ജോൺ, കരുപ്പാടം)

1. വിദ്യാധനം സർവ്വധനാൽ പ്രധാനം.
2. മലന്നുകിടന്നു തുപ്പിയാൽ മാറത്തുവീഴും.
3. ഇഷ്ടമുള്ളതെല്ലാം പറഞ്ഞാൽ അനിഷ്ടമായതു കേൾക്കേണ്ടി വരും.
4. കാറററിയാതെ തുപ്പിയാൽ ചെകിടറിയാതെ കൊള്ളും.
5. വേലിതന്നെ വിളവു തിന്നാലോ?



### വേദസാക്ഷിയായ ബാലൻ

സ്പെയിൻ വിപ്ലവം കമ്മ്യൂണിസത്തിന്റെ ഒരരങ്ങേററമായിരുന്നു. റഷ്യയുടെ പിന്തുണയോടുകൂടി സ്പെയിനിലെ കമ്മ്യൂണിസ്റ്റുകൾ അവിടെ വിപ്ലവമുണ്ടാക്കി ഭരണം കൈയടക്കി. സ്പെയിനിലെ ദേശഭക്തരായ ജനങ്ങൾ ഇതു സഹിച്ചില്ല. ജനറൽ ഫ്രാങ്കോയുടെ നേതൃത്വത്തിൽ ഒരു എതിർവിപ്ലവം നടത്തി, അവസാനം സ്പെയിൻരാജ്യത്തെ കമ്മ്യൂണിസ്റ്റുനരകത്തിൽനിന്നും വിമോചിച്ചു. ഇതിനിടയിൽ നടന്ന ഒരു സംഭവമാണു് ചിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു്. 15 വയസ്സുള്ള ലൂയിസ് കേണൽ മൊസ്കാർഡോയുടെ പുത്രൻ. കമ്മ്യൂണിസ്റ്റുകൾ അവരുടെ സർവ്വശക്തികളും അൽക്കാസർ കോട്ടയെ കീഴ്പ്പെടുത്തുന്നതിനു കേന്ദ്രീകരിച്ചു. സമരത്തിനിടയിൽ മൊസ്കാർഡോയുടെ ഭാര്യയും മകൻ ലൂയിസും ശത്രുക്കളാൽ തടവുകാരായി പിടിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് സേനാധിപൻ ലൂയിസിന്റെ ജീവനെക്കൊണ്ടു മുതലെടുക്കാമെന്നു തീരുമാനിച്ചു. കോട്ട കീഴടങ്ങാത്തപക്ഷം ലൂയിസിനെ വെടിവച്ചു കൊല്ലുമെന്നു മൊസ്കാർഡോയെ അറിയിക്കുകയും മകനോടു നേരിട്ടു സംസാരിക്കുവാൻ ഫോൺ സൗകര്യപ്പെടുത്തികൊടുക്കുകയും ചെയ്തു. കേണൽ മൊസ്കാർഡോയും മകൻ ലൂയിസും തമ്മിൽ സംസാരിച്ചു......




രാജ്യരക്ഷയ്ക്കുവേണ്ടിയും തിരുസഭയുടെ രക്ഷയ്ക്കുവേണ്ടിയും യാതൊരു ചാഞ്ചല്യവും കൂടാതെ യുദ്ധം തുടരണമെന്നു് ധീരനായ ആ ബാലൻ സൈന്യാധിപനായ പിതാവിനോടപേക്ഷിച്ചു. കമ്മ്യൂണിസ്റ്റ് സേനാധിപൻ ഇളിഭ്യനായി. അയാളുടെ പരാജയം ഒരു വെടിയുണ്ടയായി ലൂയിസിന്റെ മാറിൽ പതിച്ചു. ആ ധീരവേദസാക്ഷിയുടെ സ്നേഹഗർജ്ജനം—"ജയ് ക്രിസ്തു!"—അന്തരീക്ഷത്തിൽ മുഴങ്ങി. സ്പെയിൻ വിജയത്തിന്റെ ആചാരവെടി!

ചെറുകഥ

## ജോസ് മിഷനിലേക്ക്

(K. E. മാത്യു, വെള്ളിയാമററം)

അന്നൊരു ഞായറാഴ്ചയായിരുന്നു. ജോസ് എന്നും എഴുന്നേല്ക്കുന്ന സമയത്തിനു മുൻപേ എഴുന്നേററു. കതകുതുറന്നു വെളിയിലേക്കു നോക്കി. സൂര്യൻ ഉദിച്ചിട്ടില്ലായിരുന്നു. ഉഷസ്സിന്റെ പ്രകാശം പരക്കുന്നതേയുള്ളു. അവൻ അമ്മയെവിളിച്ചുണർത്തി. ചാക്കോച്ചനും എഴുന്നേററു. ആ കുടുംബം പ്രാർത്ഥനാനിരതമായി. പ്രഭാതകാലത്തിന്റെ വരവിനെ പൂവൻകോഴി വിളിച്ചുപറഞ്ഞു. ജോസിന്റെ സന്തോഷത്തിൽ വൃക്ഷലതാദികൾക്കൂടെയും സന്തോഷിച്ചു കൈയടിച്ചു, ഇലകളാകുന്ന അവയുടെ കൊച്ചുകരങ്ങൾകൊണ്ടു്. അവൻ കുളിക്കുന്നതിനായി കിണററുകരയിലേക്കു പോയി. റോസമ്മ അവനെ കുളിപ്പിച്ചു. പശ്ചിമാകാശത്തിൽ മറയാൻപോകുന്ന അമ്പിളി അവനെ നോക്കി പറയുന്നതുപോലെതോന്നി, ജോസേ, ഇന്നു മുതൽ പുണ്യത്തിൽ എന്നെപ്പോലെ നീ ശോഭിക്കണം എന്നു്. എന്താണു് ജോസിന്റെ ഈ ബദ്ധപ്പാടിനും സന്തോഷത്തിനും കാരണം? ഇന്നാണു് ജോസിന്റെ ആദ്യകുർബാനസ്വീകരണം. ഉണ്ണീശോയെ അവന്റെ പിഞ്ചുഹൃദയത്തിൽ സ്വീകരിക്കുന്നതിനുള്ള ബദ്ധപ്പാടാണു്. ജോസു് വേഗം ചെന്നു അവന്റെ ഷർട്ടും മുണ്ടുംഎടുത്തുധരിച്ചു. ആദ്യകുർബാനകൈക്കൊള്ളൽപ്രമാണിച്ചു അപ്പൻ വാങ്ങിച്ചിരുന്ന വെള്ളയായ വസ്ത്രങ്ങൾ! അവനു വലിയ സന്തോഷമുണ്ടായി അതുടുത്തപ്പോൾ. ചാക്കോച്ചനും റോസമ്മയും പള്ളിയിൽ പോകുവാൻ തയ്യാറായി കഴിഞ്ഞിരുന്നു. ആ പാവപ്പെട്ട കൊച്ചുകുടുംബം ആനന്ദനിമഗ്നമായിപ്പോകുകയാണു് ദൂരത്തിലുള്ള ദേവാലയത്തിലേക്കു്. ലോകത്തിന്റെ മുൻപിൽ വലിയ വിലയും നിലയും അവർക്കില്ല. എങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ സമ്പത്തുള്ളവരാണവർ. അതാണു് അവരുടെ ആനന്ദത്തിനു കാരണവും.

റോസമ്മയും ചാക്കോച്ചനും തങ്ങളുടെ ഓമനക്കുഞ്ഞിനു ആദ്യകുർബാന കൈക്കൊള്ളലിനു വേണ്ട ഉപദേശങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. അവർ പള്ളിയിൽ എത്തി ഏറെത്താമസിയാതെ, കൈയിൽ തിരിയും തലയിൽ പുഷ്പമുടിയും ധരിച്ചു ഒരു സംഘം കുട്ടികൾ തയാറായിക്കഴിഞ്ഞു. അവർ കർത്താവിനു ഓരോ ആലയങ്ങളെ തങ്ങളുടെ ഹൃദയങ്ങളിൽ പണുതിരുന്നു. കർത്താവിന്റെ മുൻപിൽ പരിമളം വീശുന്നതും കരുണയും നിറഞ്ഞതുമായ പനിനീർപുഷ്പങ്ങൾ! മനോഹരമായ ഈ കാഴ്ചകണ്ടു് പ്രകൃതികൂടെയും സന്തോഷിച്ചു. കിഴക്കേ ചക്രവാളത്തിൽനിന്നു് പകലോൻ പുഞ്ചിരിതൂകി, ചെങ്കതിരുകൾ നീട്ടി ആ ചെറുസംഘത്തെ അനുഗ്രഹിച്ചു. പക്ഷികൾ കർത്താവിന്റെ ഗാനത്തെ ആവൃന്ദത്തോടൊത്തു ശ്രുതിമധുരമായി പാടി. ദിവ്യപൂജ ആരംഭിച്ചു. എല്ലാം നാവുകളും ഭക്തിപാരവശ്യത്തിൽ ലയിച്ചു. ആ കൊച്ചുസംഘം തങ്ങളുടെ തിരികൾ കത്തിച്ചു് ഈശോനാഥനെ സ്വാഗതംചെയ്തു. ഈശോനാഥൻ അവരുടെ പിഞ്ചുഹൃദയങ്ങളിൽ എഴുന്നള്ളി. ദിവ്യബലികഴിഞ്ഞു് വൈദികൻ കുട്ടികൾക്കായി ഒരുപദേശം പറഞ്ഞു. ഈശോനാഥന്റെ ബാല്യകാലങ്ങളെപ്പററിയും അവിടുന്നു നസ്രത്തിൽ മാതാപിതാക്കന്മാർക്കു കീഴ്പ്പെട്ടു ജീവിച്ചതിനെപ്പററിയും അദ്ദേഹം അവരോടു പറഞ്ഞു. "നിങ്ങൾ എല്ലാവരും കർത്താവിനായി വിടരുന്ന പനിനീർപുഷ്പങ്ങളായിരിക്കണം" എന്നു് അദ്ദേഹം കുഞ്ഞുങ്ങളോടുപദേശിച്ചു. കൂടാതെ, അവരെല്ലാവരും കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അവിടുന്നു നിശ്ചയിക്കുന്ന ജോലി വളരെ ഭംഗിയായി ചെയ്യുന്നതിനു ശ്രദ്ധയുള്ളവരായിരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിച്ചു. അവസാനമായി മിഷൻചൈതന്യത്തെപ്പററിയും അദ്ദേഹം അവരെ പറഞ്ഞു മനസ്സിലാക്കി.

ജോസിനെ ഈ അവസാനഭാഗം വളരെയധികം സ്പർശിച്ചു. തന്റെ ഭാവിജീവിതത്തെപ്പററി ഒരു ദൃഢനിശ്ചയത്തോടെയാണു് ജോസ് പള്ളിയിൽനിന്നു മടങ്ങിയതു്.

x x x

കാലചക്രം അതിവേഗം തിരിഞ്ഞുകൊണ്ടിരുന്നു. ജോസ് അതിയായ സന്തോഷത്തോടുകൂടി എങ്ങോ യാത്രപുറപ്പെടാൻ വട്ടംകൂട്ടുകയാണു്. അവന്റെ ഹൃദയാഭിലാഷങ്ങൾ വളരെ അകലെയെത്തി സ്ഥിതിചെയ്യുന്നു. ചാക്കോച്ചന്റെ പാവപ്പെട്ട കുടുംബത്തിൽ എന്തെന്നില്ലാത്ത സന്തോഷം ഇന്നു കളിയാടുന്നു. അവരുടെ ഓമനമകൻ മിഷൻവേലയ്ക്കായി പോകുന്നതു് ഇന്നാണു്. ജോസ് സ്നേഹിതന്മാരോടും ബന്ധുജനങ്ങളോടും യാത്രപറഞ്ഞു, അപ്പനമ്മമാരുടെ അനുഗ്രഹം വാങ്ങി കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വേലയ്ക്കായി സസന്തോഷം പുറപ്പെട്ടു. റോസമ്മയും ചാക്കോച്ചനും പടിക്കൽ നിന്നുകൊണ്ടു് തുടിക്കുന്ന ഹൃദയങ്ങളോടെ ദൂരത്തേക്കു നോക്കുന്നു, തങ്ങളുടെ ഓമനമകന്റെ ധീരമായ പോക്കുകാണുവാൻ. അവരുടെ കണ്ണുകളിൽനിന്നു സന്തോഷാശ്രുക്കൾ പൊഴിഞ്ഞു, ആ കുടുംബത്തിന്മേൽ സ്വർഗ്ഗത്തിൽനിന്നുണ്ടായ അനുഗ്രഹവർഷംപോലെ.

—o—

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | | |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1